www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ്

## സത്യത്തിന്റെ തീർത്ഥാടകൻ



പീറ്റർ സി. ഏബ്രഹാം

www.malankaralibrary.com

# ജോസഫ് മാർ സേവേറിയോസ്

## സത്യത്തിന്റെ തീർത്ഥാടകൻ

(1894-1955)

(ജീവചരിത്രം)

പീറ്റർ സി. ഏബ്രഹാം

*പ്രസാധനം*
ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്, കോട്ടയം

www.malankaralibrary.com

JOSEPH MAR SEVERIOS
SATHYATHINTE THEERTHADAKAN
(Biography)

@ Reserved

First Edition : January 2005
Type Setting : Global Computers, Cross Junction, Thiruvalla
Printed at : Bethany Press, Kottayam
Published by : Bethany Sisters Generalate, Kottayam

Rs. 75.00/-

## പീറ്റർ സി. ഏബ്രഹാം

പത്തനംത്തിട്ടയിലെ മൈലപ്രായിൽ 1960 ഓഗസ്റ്റ് 30 ന് ജനിച്ചു. സ്കൂൾ പഠനം മൈലപ്രായിലും തുടർന്ന് ബിരുദം ചങ്ങനാശേരി എസ്.ബി. കോളേജിലും പൂർത്തിയാക്കി. കഥാ, കവിത എന്നിവയ്ക്ക് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. സ്മൃതിരഥത്തിലെ പൊന്നൊളി (ഖണ്ഡകാവ്യം), മലങ്കര സൂര്യൻ (മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രം, ക്രിസ്തുദേവൻ, *In His Master's Foot Steps (Translation of Malankara Suryan by Rebeca Thomas)*, ദൈവശാസ്ത്ര പഠനങ്ങൾ (എഡിറ്റിംഗ്), സ്നേഹയാഗം (വാഴ്ത്തപ്പെട്ട മദർമറിയം ത്രേസ്യായുടെ ജീവചരിത്രം), ബനഡിക്ട് മാർ ഗ്രിഗോറിയോസ്: ജനതകളുടെ വെളിച്ചം, ജോസഫ് മാർ സേവേറിയോസ്: സത്യത്തിന്റെ തീർത്ഥാടകൻ, കാവുകാട്ടു പിതാവ് (അച്ചടിയിൽ)

**മലങ്കര കത്തോലിക്കാ സഭയിലെ തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്താ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ അമ്പതാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്നത്.**

www.malankaralibrary.com

**സമർപ്പണം**

സപ്തതി ആഘോഷിക്കുന്ന
മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ
വാത്സല്യനിധിയായ അഭിവന്ദ്യ
സിറിൽ മാർ ബസേലിയോസ് പിതാവിന്
ഈ ഗ്രന്ഥം സാദരം സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

# നന്ദിയോടെ

"നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി
ത്തന്ന താതരെ യോർക്കേണം"

**വാ**ചികമായ ഈ പ്രാർത്ഥന നാം കൂടെക്കൂടെ ഉരുവിടാറുണ്ട്. എന്നാൽ നമ്മുടെ ആത്മീയാഭിവൃദ്ധിക്കുവേണ്ടി വളരെയേറെ ത്യാഗപൂർവ്വം പ്രവർത്തിച്ച സഭാപിതാക്കന്മാരെ നാം യഥോചിതം ആദരിക്കുന്നുണ്ടോ? അവരുടെ മാതൃകാപൂർണ്ണമായ ത്യാഗസുരഭില ചരിതങ്ങൾ പിൻ തലമുറയ്ക്കു പ്രചോദനമാകത്തക്കവിധം ജീവചരിത്രങ്ങൾ വഴി നാം കൈമാറുന്നുണ്ടോ? വളരെയേറെ വളർന്നു കഴിഞ്ഞു എന്നഭിമാനിക്കുന്ന നാം പക്ഷേ ഇക്കാര്യങ്ങളിൽ ഉദാസീനരാണെന്നു കാണാം. ഇതിനു പരിഹാരമുണ്ടാകണമെന്ന് തീക്ഷ്ണമായി ആഗ്രഹിക്കുന്ന അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് പിതാവിന്റെ അനുഗ്രഹപൂർണ്ണമായ പ്രേരണയാലാണ് മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിനവ പൗലോസ് അപ്പസ്തോലനും തിരുവല്ലാ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തയുമായ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഈ ജീവചരിത്രം എഴുതുവാൻ എനിക്കു ഭാഗ്യമുണ്ടായത്. പ്രാർത്ഥനാധിഷ്ഠിതവും സ്നേഹ നിർഭരവും കർമ്മധീരവുമായ നേതൃത്വം വഴി തിരുവല്ലാ രൂപതയുടെ അഭിമാനമായിത്തീർന്ന വന്ദ്യ ക്ലീമിസ് പിതാവ് എന്നോടു കാണിക്കുന്ന വാത്സല്യം വളരെ അധികമാണ്. വന്ദ്യ പിതാവിനോടുള്ള എന്റെ കടപ്പാടുകൾ വാക്കുകളിലൊതുക്കാവുന്നവയല്ല.

ഈ കൃതിക്ക് ഉൾപ്പെടെ എന്റെ ആറു പുസ്തകങ്ങൾക്ക് അവതാരിക നൽകി അനുഗ്രഹിച്ചത് മലങ്കര കത്തോലിക്കാ സഭയുടെ പരമാ

www.malankaralibrary.com

ദ്ധ്യക്ഷനായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവാണ്. പണ്ഡിതനും ഗ്രന്ഥകാരനുമായ വന്ദ്യപിതാവിൽ നിന്നും ഇന്നുവരെ ലഭിച്ചുപോന്ന അനുഗ്രഹവും വാത്സല്യവും എന്റെ ജീവിതത്തിന്റെ തന്നെ ധന്യതയാണ്. ഈ ഗ്രന്ഥം വന്ദ്യ ബസേലിയോസ് പിതാവിന്റെ സപ്തതി സ്മരണികയായി ആ പൂജ്യപാദങ്ങളിൽ കാഴ്ച വയ്ക്കുകയും ഇതിന്റെ അനുഗ്രഹാവതാരികയ്ക്ക് കൃതജ്ഞതയുടെ കൂപ്പുകൈ അർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

ഈ ഗ്രന്ഥരചനയ്ക്ക് ആവശ്യമായ വിവരങ്ങൾ മുഖ്യമായും എനിക്കു ലഭിച്ചത് വന്ദ്യ സേവേറിയോസ് പിതാവിന്റെ ജ്യേഷ്ഠൻ ശ്രീ. വി. ഒ. വർഗീസ് വാളക്കുഴി എഴുതിയ ജീവചരിത്രത്തിൽ നിന്നും ബ. ചെറിയാൻ താഴമൺ അച്ചൻ ക്രോഡീകരിച്ച ശ്രദ്ധേയമായ ശതാബ്ദി സ്മരണയിൽ നിന്നുമാണ്. ബ. താഴമൺ അച്ചനോടും ശ്രീ. വി. ഒ. വർഗീസിനോടും ഇക്കാര്യത്തിൽ ഞാൻ നന്ദിപൂർവ്വം കടപ്പെട്ടിരിക്കുന്നു.


ധന്യപിതാക്കന്മാരുടെ ജീവചരിത്ര പ്രസാധനം ദൈവിക ധർമ്മമായി കണക്കാക്കി പ്രവർത്തിക്കുന്ന ബഥനി സിസ്റ്റേഴ്സ് ആണ് ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. ഈ ധന്യനിയോഗത്തിനു നേതൃത്വം നൽകുന്ന ബഹു. മദർ ബഞ്ചമിൻ എസ്.ഐ.സി. യോടുള്ള കൃതജ്ഞത അറിയിച്ചുകൊള്ളട്ടെ. പുസ്തകത്തിന്റെ മുദ്രണം ഭംഗിയായി നിർവഹിക്കാൻ സഹായിച്ച ഗ്ലോബൽ കംപ്യൂട്ടേഴ്സിനോടും ബഥനി പ്രസ്സിനോടുമുള്ള അഗാധമായ നന്ദി അറിയിക്കുന്നു.

വന്ദ്യ സേവേറിയോസ് തിരുമേനിയുടെ അൻപതാം ഓർമ്മപ്പെരുനാളിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ കൃതി നിഷ്പക്ഷരായ സത്യാന്വേഷികളുടെ മുമ്പിൽ വിനീതോപഹാരമായി സമർപ്പിച്ചുകൊള്ളുന്നു.

**പീറ്റർ സി.ഏബ്രഹാം**
ചരിവുപറമ്പിൽ
മൈലപ്രാ-689671

പത്തനംതിട്ട
ജനുവരി 18, 2005

# അവതാരിക



**ഭാ**ഗ്യസ്മരണാർഹരായ മലങ്കര സഭാ പിതാക്കന്മാരിൽ ഏറെ മികവുറ്റ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പുണ്യശ്ലോകനായ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. സത്യാന്വേഷകനായിരുന്ന തിരുമേനിയുടെ ഹൃദയ പരിശുദ്ധിയും ആത്മാർത്ഥതയും സർവ്വോപരി ഈശ്വരോപാസനയും മലങ്കര കത്തോലിക്കാ സഭയുടെ ഇന്നത്തെ അഭ്യുന്നതിക്ക് സ്രോതസ്സായി നിലകൊള്ളുന്നു. പ്രാർത്ഥനയിലും, ആരാധനയിലും, തീവ്രമായ വ്രതാനുഷ്ഠാനങ്ങളിലും, നോമ്പിലും, കൗദാശിക ജീവിതത്തിലും അധിഷ്ഠിതമായി അദ്ദേഹം വളർത്തിയെടുത്ത മാതൃകാപരമായ ജീവിതം പാറമേൽ പണിത ഭവനം പോലെ മലങ്കര സഭയെ ഇന്നും ബലപ്പെടുത്തി കാത്തു സൂക്ഷിക്കുന്നു. സഭയോടും, സമൂഹത്തോടുമുള്ള പ്രതിബദ്ധതയും, ദൗത്യബോധവുമാണ് സാർവ്വത്രിക സഭാ ബാന്ധവത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഓർത്തഡോക്സ് സഭയെ ഏറ്റവുമധികം സ്നേഹിച്ച, സഭയ്ക്കായി സ്വയം സമർപ്പിച്ച ഒരു മെത്രാപ്പോലീത്തായെയാണ് പുനരൈക്യത്തിന് ശേഷവും മാർ സേവേറിയോസ് തിരുമേനിയിൽ നാം കണ്ടത്. ബഹുവിധ പ്രശ്നങ്ങളിലുൾപ്പെട്ട സഭയ്ക്ക് ലോകത്തിന്റെ പ്രകാശമായും, ഭൂമിയുടെ ഉപ്പായും പരിണമിക്കുവാൻ സാധിക്കാത്തതിൽ അദ്ദേഹം ഹൃദയവേദന അനുഭവിച്ചു. ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രകളായ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും വിശാലമായ പാതയിലൂടെ മാത്രമെ ദൈവരാജ്യോന്മുഖമായ സാമൂഹ്യ പരിവർത്തനത്തിന്റെ രാസത്വരകമായി പ്രവർത്തിക്കുവാൻ, ജീവിക്കുവാൻ സഭയ്ക്ക് സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. സാർവ്വത്രിക സഭയുമായി പുനരൈക്യപ്പെട്ട മലങ്കര സഭയിലൂടെ സാമൂഹ്യ നന്മയുടെ പ്രവാചകനും, പ്രേഷിതനുമാകുവാനുള്ള നിയോഗമാണ് ദൈവത്താൽ അദ്ദേഹത്തിന് കരഗതമായത്. ഒന്നുമില്ലായ്മയിൽ

www.malankaralibrary.com


നിന്ന് അദ്ദേഹം പണിതുയർത്തിയ തിരുവല്ലാ ഭദ്രാസനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തന്നെ അവികസിത മേഖലകളിലായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ കലാലയങ്ങൾ കാണിച്ചുകൊടുത്ത വിജ്ഞാനമാകുന്ന മഹാസാഗരത്തിൽ നിന്തിതുടിച്ച് ജീവിതവിജയത്തിന്റെ കരയണിഞ്ഞവർ അനവധിയാണ്. നാടിന്റെ വികസനത്തിനും, നന്മയ്ക്കുമായി ഇന്നും ഈ കലാലയങ്ങളിലൂടെ മാർ സേവേറിയോസ് തിരുമേനിയുടെ വിദ്യാഭ്യാസ ദർശനം സജീവമായി നിലകൊള്ളുന്നു.

സഭയോടുള്ള സ്നേഹമാണ് സാമൂഹ്യ നന്മയുടെ പ്രവാചകനാകുവാൻ അദ്ദേഹത്തിന് പ്രേരണയായത്. സഭ സഭയ്ക്കുവേണ്ടിയല്ലെന്നും സമൂഹത്തിന്റെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവളാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. അതിനായി സഭയെ ശക്തിപ്പെടുത്താനും, സജ്ജമാക്കുവാനുമുള്ള ശുശ്രൂഷയാണ് നിരണം ഭദ്രാസനാധിപനായും, തിരുവല്ലാ ഭദ്രാസനാധിപനുമായി അദ്ദേഹം നിർവ്വഹിച്ചത്. സംഭാഷണങ്ങളിൽ, സന്ദർശനങ്ങളിൽ, ഉപദേശങ്ങളിൽ, ഉദ്ബോധനങ്ങളിൽ, ഇടയ ലേഖനങ്ങളിൽ എല്ലാം സഭയുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുവാനും, പുനരൈക്യപ്പെട്ട സഭയിൽ പൗരസ്ത്യ ദർശനത്തിനും, ആരാധനാ രീതികൾക്കും മങ്ങലേൽക്കാതിരിക്കുവാനും അദ്ദേഹം നിതാന്ത ജാഗ്രത പുലർത്തി. മലങ്കര സഭാ സമൂഹങ്ങളിൽ അന്ത്യോക്യൻ ആരാധനാക്രമത്തിന്റെയും, പൗരസ്ത്യ ദൈവശാസ്ത്ര ദർശനത്തിന്റെയും പരിരക്ഷകയായി മലങ്കര കത്തോലിക്കാ സഭയെ വളർത്തിയെടുക്കുന്നതിന്ന് വന്ദ്യ സേവേറിയോസ് തിരുമേനി വിജയിക്കുക തന്നെ ചെയ്തു. അനശ്വരനായ സേവേറിയോസ് തിരുമേനിയെ സാമാന്യ ജനങ്ങൾക്ക്, യുവതലമുറയ്ക്ക് ചിരപരിചിതനാക്കുവാനുള്ള പീറ്റർ സി. ഏബ്രഹാമിന്റെ ഈ ഉദ്യമം ഏറെ പ്രശംസനീയമാണ്. ഭാഗ്യസ്മരണാർഹരായ പിതാക്കന്മാരുടെ പാവന സ്മരണകളെ അക്ഷരങ്ങളിലേക്ക് ചാലിച്ച് അതുല്യവും അമൂല്യവുമായ നിക്ഷേപം ശ്രീ. പീറ്റർ സി. ഏബ്രഹാം കേരള സമൂഹത്തിന് നൽകികൊണ്ടിരിക്കുകയാണ്. മാർ സേവേറിയോസ് തിരുമേനിയോട് ഹൃദയം നിറഞ്ഞ ഭക്തിയോടും സ്നേഹത്തോടുമാണ് ഈ ഗ്രന്ഥത്തിലെ ഓരോ വരികളും എഴുതപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാണ്. ശ്രേഷ്ഠരായ പിതാക്കന്മാരുടെ ഓർമ്മ നിലനിർത്താനുള്ള പീറ്റർ സി. ഏബ്രഹാമിന്റെ പ്രതിബദ്ധതയെ സഭയായി നമുക്ക് ശ്ലാഘിക്കാം. ദൈവസ്നേഹത്തിനും, സാമൂഹ്യസേവനത്തിനും, സഭാ ശുശ്രൂഷയ്ക്കും ഈ സൽഗ്രന്ഥം സൽപ്രേരണകൾ പകരട്ടെ എന്നാശംസിക്കുന്നു. മാർ സേവേറിയോസ് തിരുമേനിയോടുള്ള ഭക്ത്യാദരവുകളോടെ അനുവാചകസമക്ഷം ഈ സൽഗ്രന്ഥം സമർപ്പിക്കുന്നു.

**മോസ്റ്റ് റവ. ഡോ.സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ
ചെയർമാൻ, കെ.സി. ബി.സി.

തിരുവനന്തപുരം
14-01-2005.

# ആശംസ



മലങ്കര സഭയുടെ പൗലോസ് അപ്പസ്തോലൻ വാളക്കുഴി ജോസഫ് സേവേറിയോസ് മെത്രാപ്പോലീത്താ മലങ്കര സഭയ്ക്കും, തിരുവല്ലാ ഭദ്രാസനത്തിനും ഇന്നും മാർഗ്ഗദീപമാണ്. വിശുദ്ധനും പരമസാത്വികനുമായിരുന്ന അഭിവന്ദ്യ തിരുമേനിയുടെ അൻപതാം ഓർമ്മപ്പെരുനാളിൽ ആ പുണ്യാത്മാവിനെക്കുറിച്ചുള്ള പാവന സ്മരണകൾ വരും തലമുറയ്ക്കായി അക്ഷരങ്ങളിലേക്കാവാഹിക്കുവാനുള്ള ശ്രീ പീറ്റർ സി. ഏബ്രഹാമിന്റെ യത്നം ഏറേ ശ്ലാഘനീയമാണ്.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പിതാക്കന്മാരെ നാം 'ഓർമ്മിക്കുമ്പോൾ' വ്യക്തിപരമായും സഭാപരമായും, സാമൂഹ്യപരമായും അവർ നൽകിയ നേതൃത്വത്തെയും, വിശ്വാസ സാക്ഷ്യത്തെയുമാണ് നാം ഓർമ്മിക്കുന്നത്. പുണ്യചരിതരുടെ 'ഓർമ്മ' സത്യത്തിന്റെയും, ധർമ്മത്തിന്റെയും പാതയിൽ ചരിക്കുവാൻ ദിവ്യമായ പ്രചോദനമാണ് നമുക്ക് നൽകുന്നത്. ദൈവോന്മുഖമായ വിശ്വാസ ജീവിതത്തിന്റെ പാരമ്യം മാർ സേവേറിയോസ് തിരുമേനിയുടെ വ്യക്തിജീവിതത്തിൽ നിറഞ്ഞു തുളുമ്പുന്നു. സമ്പൂർണ്ണമായും ദൈവത്തിനായി സമർപ്പിക്കപ്പെട്ട വ്യക്തിത്വമായിരുന്ന വന്ദ്യ തിരുമേനിയുടേത്. ദൈവഭക്തിയും, ദൈവസ്നേഹവും അനിതര സാധാരണമായി പ്രകടിപ്പിച്ച തിരുമേനിയെ 15-ാം വയസ്സിൽ കോറൂയോ സ്ഥാനത്തേക്ക് സഭ സ്വീകരിച്ചു. ശെമ്മാശനായിരുന്നപ്പോഴും, വൈദികനായിരുന്നപ്പോഴും, മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും അദ്ദേഹത്തെ ശ്രദ്ധേയനും സർവ്വസമ്മതനുമാക്കിയത് ദൈവാശ്രയബോധവും തത്ഫലമായി ദൈവിക ചൈതന്യവുമായിരുന്നു. തിരുമേനിയുടെ ജീവിത പരിശുദ്ധിയും, ദൈവിക നിറവും അനുഗ്രഹത്തിന്റെ ഉറവകളായി നമ്മുടെ കൂടെയുണ്ട്.

തിരുമേനിയിൽ നിറഞ്ഞു നിന്നിരുന്ന ദൈവസ്നേഹം ദൈവത്തിന്റെ സഭയോടുള്ള തീക്ഷ്ണതയായി പരിണമിച്ചു. ബഹുവിധ പ്രശ്നങ്ങളുൾപ്പെടെ സഭ വ്യവഹാര തിരമാലകളിൽ അമർന്ന് നശിക്കാതിരിക്കുവാൻ

www.malankaralibrary.com

അക്ഷീണം പരിശ്രമിച്ച കർമ്മയോഗിയായിരുന്നു മാർ സേവേറിയോസ് തിരുമേനി. സ്നേഹത്തിലും, സമാധാനത്തിലുമധിഷ്ഠിതമായ ഒരു സഭാ ജീവിതം അദ്ദേഹം സ്വപ്നം കണ്ടു. നിരണം ഭദ്രാസനാധിപനായിരിക്കെ ഓരോ ഇടവകകളിലേക്കും കടന്നു ചെന്ന് ആത്മീയ ഉണർവിന്റെ പന്ഥാവ് സഭാ മക്കൾക്ക് തുറന്നുകൊടുത്തു. സഭയുടെ ആത്മീയ ഉത്കർഷത്തിനായും, ഭൗതിക ഐശ്വര്യത്തിനുമായുള്ള പോരാട്ടം അവസാനം അദ്ദേഹത്തെ പുനരൈക്യപാതയിലെത്തിച്ചു. അന്ത്യോക്യൻ ആരാധനാക്രമവും, പൗരസ്ത്യ ദർശനവും മലങ്കര സഭയുടെ വ്യക്തിത്വവും കാത്തു സൂക്ഷിച്ചുകൊണ്ടും നിലനിർത്തിക്കൊണ്ടും കത്തോലിക്കാ സഭാകൂട്ടായ്മയിൽ മലങ്കര സഭയെ എങ്ങനെ വളർത്താമെന്ന് തിരുവല്ലാ ഭദ്രാസനാധിപനായിരിക്കെ അദ്ദേഹം തെളിയിച്ചു. കത്തോലിക്കാ സഭയുടെ കൂട്ടായ്മ ചൈതന്യത്തിൽ ഉൾചേർന്ന് ലഭ്യമാകുന്ന സാർവ്വത്രിക സഭാബന്ധം മലങ്കര സഭയെ ദുർബലമാക്കുകയല്ല, ശക്തീകരിക്കുകയാണെന്ന് അദ്ദേഹം തെളിയിച്ചതുകൊണ്ടാണ് ആയിരക്കണക്കിന് മലങ്കര മക്കൾ അദ്ദേഹത്തെ പിൻതുടർന്ന് പുനരൈക്യ പാത പുൽകി കത്തോലിക്കാ സഭയിൽ പ്രവേശിച്ചത്.

പുനരൈക്യപ്പെട്ട മലങ്കര സഭ ഒന്നായി, പ്രത്യേകിച്ച് തിരുവല്ലാ ഭദ്രാസനത്തിലൂടെ നടത്തിയ സാമൂഹ്യ മുന്നേറ്റം ദൈവകൃപയുടെ അനസ്യൂതമായ മുന്നേറ്റം തന്നെയായിരുന്നു. മാർ സേവേറിയോസ് തിരുമേനിയുടെ ശക്തമായ നേതൃത്വത്തിൽ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തിരുവല്ലാ ഭദ്രാസനം തുടക്കം കുറിച്ചു. വന്ദ്യ തിരുമേനി രൂപം നൽകിയ വിദ്യാഭ്യാസ ദർശനത്തിലൂടെ തിരുവല്ലാ ഭദ്രാസനം ഇന്നും മുന്നേറുകയാണ്. "നൽകപ്പെട്ട ദൈവകൃപയനുസരിച്ച് ഒരു വിദഗ്ദശില്പിയെപ്പോലെ തിരുമേനി സഭയ്ക്ക്, ഭദ്രാസനത്തിന് അടിസ്ഥാനമിട്ടു."

തിരുമേനിയുടെ വ്യക്തി ജീവിതവും, സഭാജീവിതവും, സാമൂഹ്യ ജീവിതവും നമുക്കായി ക്രോഡീകരിച്ച് പുസ്തകരൂപത്തിലാക്കിയ ശ്രീ പീറ്റർ സി. ഏബ്രഹാം സഭയുടെ ചരിത്ര ഭണ്ഡാരത്തിലേക്ക് അതുല്യമായ ഒരു സമർപ്പണമാണ് നടത്തിയിരിക്കുന്നത്. വിശാലഹൃദയനും, ദൈവകൃപനിറഞ്ഞവനും, സഭാസ്നേഹിയുമായിരുന്ന മാർ സേവേറിയോസ് തിരുമേനിയുടെ ജീവചരിത്രം ചുരുങ്ങിയ സമയംകൊണ്ട് തയ്യാറാക്കിയ ശ്രീ. പീറ്റർ സി. ഏബ്രഹാമിനെ ഞാൻ സർവ്വാത്മനാ അനുമോദിക്കുന്നു. ഈ ഗ്രന്ഥതല്ലജം അനേകർക്ക് വ്യക്തിപരമായും, സഭാപരമായും, സാമൂഹ്യപരമായും ദിവ്യപ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

മലങ്കര സഭയ്ക്ക് ശ്രേഷ്ഠ ഗ്രന്ഥങ്ങൾ സമ്മാനിച്ചിട്ടുള്ള ശ്രീ പീറ്റർ സി. ഏബ്രഹാമിന്റെ അനുഗ്രഹീത തൂലികയിൽ നിന്ന്, സഭയെ ഉള്ളു തുറന്ന് സ്നേഹിക്കുന്ന ജീവിതത്തിൽ നിന്ന് ഇനിയും അനേക വിശിഷ്ഠ വിചിന്തനങ്ങൾ സഭയ്ക്ക് ലഭിക്കട്ടെ!

മേരിഗിരി  
6-1-2005

**ഡോ. ഐസക് മാർ ക്ലീമിസ് മെത്രാപ്പോലിത്താ**  
തിരുവല്ലാ രൂപതാദ്ധ്യക്ഷൻ.

# പ്രസാധകക്കുറിപ്പ്

**ഭാ**ഗ്യസ്മരണാർഹനായ മാർ സേവേറിയോസ് പിതാവിന്റെ 50-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ ഒരു ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്താ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉദ്യമത്തിൽ അഭിവന്ദ്യപിതാവിനോട് സഹകരിക്കുവാൻ സാധിച്ചതിൽ ബഥനി സന്ന്യാസിനീ സമൂഹത്തിന് വളരെ സന്തോഷമുണ്ട്.

ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന ശൗലിനെപ്പോലെ മലങ്കര കത്തോലിക്കാ സഭയിലേക്ക് കടന്നു വരുന്നതിനു മുമ്പ് പുനഃരൈക്യ പ്രസ്ഥാനത്തിനെതിരായി പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു മാർ സേവേറിയോസ് പിതാവ് എന്നാൽ പുനരൈക്യത്തിനുശേഷം മറ്റൊരു പൗലോസിനെപ്പോലെ സഭാ തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നു. സ്നേഹനിധിയായ ഒരു പിതാവിനെപ്പോലെ ആ വന്ദ്യ താതൻ മലങ്കര സഭയെ പ്രത്യേകിച്ച് തിരുവല്ലാ രൂപതയെ നാനാവിധമായ പുരോഗതിയിലേക്ക് നയിച്ചു. അഭിവന്ദ്യ പിതാവു വഴി ബഥനി സന്ന്യാസിനീ സമൂഹത്തിനു മലങ്കര സഭയിലൂടെ ലഭിച്ച നിരവധിയായ നന്മകളെ ഏറ്റം നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു. വന്ദ്യതാതന്റെ സ്വർഗ്ഗ പ്രവേശനത്തിന്റെ ഈ സുവർണ്ണ ജൂബിലി വർഷത്തിൽ ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ മുഴുവൻ ആദരാഞ്ജലികൾ ആ പുണ്യപാദാന്തികത്തിൽ അർപ്പിക്കുന്നു.

ഈ വിശിഷ്ട ഗ്രന്ഥം മനോഹരമായി രചിച്ച പീറ്റർ സി. ഏബ്രഹാമിനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം വഴി അനേകർ പുനരൈക്യ ചൈതന്യം കൂടുതലായി ഉൾക്കൊള്ളുവാൻ ഇടയാകട്ടെ. മലങ്കര മക്കൾ സേവേറിയോസ് പിതാവിനെ കൂടുതലായി അറിഞ്ഞ് സഭാസ്നേഹികളായി തീരാൻ സംഗതിയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

Kalathipady  
Kottayam.

**Sr.Benjamin SIC**  
Bethany Sisters Generalate

www.malankaralibrary.com

# ഉള്ളടക്കം

1. സമാധാന ദാഹി
2. ഉദയം പ്രഭാപൂർണ്ണം
3. അശാന്തി പർവ്വങ്ങളിലെ മൂകസാക്ഷി
4. ഭാരതീയതയുടെ ഉൾക്കാമ്പുതേടി
5. മാതൃകാദ്ധ്യാപകൻ
6. പാതിക്കാടിന്റെ ആദ്യപുരോഹിതൻ
7. വിശ്വാസപ്പോരാളി
8. യോദ്ധാവിന് മെത്രാൻ പദവി
9. അനുഭവം വഴി നടത്തുന്നു.
10. സത്യാന്വേഷകൻ
11. അഭിനവശൗലിന്റെ മാനസാന്തരം
12. തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്ത
13. പുനരൈക്യത്തിനു മുമ്പും പിമ്പും
14. പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ്
15. അവിശ്രമപരിശ്രമങ്ങൾ
16. നല്ലിടയൻ
17. സ്നേഹതാതൻ
18. വിശുദ്ധനാടുകളിലൂടെ
19. പിൻഗാമിയെ വാഴിക്കുന്നു
20. ചരിത്രത്തിലേയ്ക്കുവിട

www.malankaralibrary.com

ഒന്ന്

# സമാധാനദാഹി

മലങ്കരയാക്കോബായ സഭയിൽ ജനിച്ച് നിരണം ഭദ്രാസനാധിപനായി വളർന്ന് മലങ്കരകത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട വിശ്വാസവീരനായ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ ജീവിതം ഉദ്വേഗജനകമാണ്. സഭാപരമായ അവസ്ഥാന്തരങ്ങളുടെ വ്യത്യസ്തഘട്ടങ്ങളിലെല്ലാം കഴലുറപ്പോടെ നിലകൊള്ളുകയും ആ അവസ്ഥകളുടെ ശക്തീകരണാർത്ഥം ധീരോചിതമായി പ്രവർത്തിക്കുകയും ചെയ്ത ശ്രേഷ്ഠാചാര്യനാണദ്ദേഹം. എന്നാൽ ആദ്യ പകുതിയിൽ ഏതു സഭാസമൂഹത്തിനെതിരായി നിലകൊണ്ടുവോ ആ സഭയിലേക്ക് രണ്ടാം പകുതിയിൽ രംഗപ്രവേശം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ കർമ്മതീഷ്ണത പൂർവ്വാധികം പ്രബലപ്പെടുകയുണ്ടായി. അപ്പോഴും തിരുമേനി പൂർവ്വസഭയെയും അതിലെ സഭാമക്കളെയും ആത്മാർത്ഥതയോടെ സ്നേഹിക്കുകയും അവരുടെ ആത്മീയോന്നതിക്കായി നിരന്തരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി ജീവിതത്തിന്റെ ആദ്യപകുതിയിൽ പ്രവർത്തിച്ച തിരുമേനി, പിന്നീട് മലങ്കര കത്തോലിക്കാ സഭയിലെ തിരുവല്ലാ രൂപതയിൽ മേലദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു. മാർതോമാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരത ക്രൈസ്തവ സഭയുടെ തനിമ ആസ്വദിച്ച തിരുമേനി, യാക്കോബായ - കത്തോലിക്കാ സഭകൾക്ക് ഒരിക്കലും മറക്കാനാവാത്ത പുണ്യപിതാവാണ്.

യാക്കോബായ സഭയിൽ ശക്തനായ മുന്നണിപ്പോരാളിയായി നിലകൊള്ളുമ്പോഴും സഭാന്തരീക്ഷത്തെ കലുഷമാക്കിക്കൊണ്ടിരുന്ന സമരിക്കേസും വട്ടിപ്പണക്കേസും കക്ഷിഭേദങ്ങളുമൊക്കെ അദ്ദേഹത്തിനു വേദനാജനകമായിരുന്നു. ഈ സാഹചര്യത്തിലാണ് എം.എ.അച്ചന്റെ

www.malankaralibrary.com



(മാർ ഈവാനിയോസ് തിരുമേനി) നേതൃത്വത്തിൽ ബഥനി പ്രസ്ഥാനം ഓർത്തഡോക്സ് സഭയിൽ പന്തലിച്ചത്. എന്നാൽ മാർ ഈവാനിയോസ് തിരുമേനി ഓർത്തഡോക്സ് സഭ വിട്ട് കത്തോലിക്കാ പുനരൈക്യത്തിന്റെ ശക്തനായ വക്താവായിത്തീർന്നപ്പോൾ ഇരുട്ടിൽപ്പെട്ട അവസ്ഥയായിരുന്നു മാർ സേവേറിയോസ് തിരുമേനിക്ക്. അന്നുമുതൽ മാർ ഈവാനിയോസ് തിരുമേനിയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ബദ്ധവൈരിയായിത്തീർന്നു അദ്ദേഹം. കാലക്രമത്തിൽ നിഷ്പക്ഷ ചിന്തനായി സ്വയം നടത്തിയ സഭാചരിത്രഗവേഷണ ഫലമായി അദ്ദേഹവും ഗുരുനാഥനായ മാർ ഈവാനിയോസ് തിരുമേനിയുടെയും പുനരൈക്യ സഹശിൽപിയായ മാർ തെയോഫിലോസ് തിരുമേനിയുടെയും കാലടികളെ പിൻതുടർന്ന് മലങ്കര കത്തോലിക്കാ സഭാംഗമായിത്തീർന്നു. ഇരുസഭകളും ഒരേ പാരമ്പര്യവും ആരാധന ക്രമങ്ങളും പുലർത്തിപ്പോന്നിരുന്നതിനാൽ ഈ അവസ്ഥാന്തരം അദ്ദേഹത്തിന് അനുകൂലമായിരുന്നു; മാത്രമല്ല വിശ്വാസപൂർണ്ണതയുടെ പേരിൽ അതീവ ഹൃദ്യവുമായി അനുഭവപ്പെട്ടു. ശൗൽ പിന്നീട് വിശുദ്ധ പൗലോസായി പരിണമിച്ചതുപോലൊരു അവസ്ഥയാണ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യത്തിലൂടെ മലങ്കര സഭയ്ക്ക് അനുഭവവേദ്യമായത്.

രണ്ട്

# ഉദയം പ്രഭാപൂർണ്ണം

**മ**ല്ലപ്പള്ളി ദേവങ്കര എന്ന സ്ഥലപ്പേരിന്റെ കേൾവിയിൽതന്നെ ഒരു ദിവ്യത്വമില്ലേ? പള്ളിയും ദേവനും അപ്പദങ്ങളിലുണ്ട്. ധാരാളം ക്രൈസ്തവാചാര്യന്മാർക്ക് പിറവി നൽകിയ സ്ഥലം എന്ന നിലയിലും സവിശേഷമാണു മല്ലപ്പള്ളി. ഈ നാട്ടിലാണ് മാർ സേവേറിയോസ് തിരുമേനിയും ജനിച്ചത്. 1894 ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച പ്രഭാതത്തിൽ ആത്മീയ അടിത്തറയുള്ള വാളക്കുഴി എന്ന ഭവനത്തിലായിരുന്നു ജനനം. ഭരണങ്ങാനത്തുള്ള വള്ളിയാന്തടത്തിൽ എന്ന മൂലകുടുംബത്തിന്റെ ഒരു ശാഖയാണ് മല്ലപ്പള്ളിയിൽ വേരുറപ്പിച്ച വാളക്കുഴി തറവാട്. അവിടെ ഉമ്മച്ചൻ - അക്കാമ്മ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞാണ് അന്നു പിറന്നത്. വെളുത്തു കൊഴുത്ത ഒരോമനപ്പുത്രൻ. ആ പൈതലിന് ജന്മനാൽ എന്തോ ഒരു പ്രത്യേകതയുള്ളതായി പലർക്കും തോന്നി. അറിയപ്പെടുന്ന ജ്യോതിഷനും അക്കാമ്മയുടെ പിതാവുമായിരുന്ന വാകത്താനത്ത് എണ്ണച്ചേരി വെട്ടിപ്പറമ്പിൽ തൊമ്മച്ചനും സഹജ്യോത്സരും ഈ കളേബര ശിശുവിന്റെ ശ്രീത്വം കണ്ട് ഗണിച്ചെഴുതി,"ഈ ശിശു രാജതുല്യനായിത്തീരും."

നാൽപതു ദിനങ്ങൾക്കുശേഷം ശിശുവിന് ജ്ഞാനസ്നാനം നൽകി. പാതിക്കാട് യാക്കോബായ പള്ളിയിൽ വച്ച് ആ പള്ളിയിലെ വികാരിയായ കല്ലൂപ്പാറ പുതിയടത്തു താഴത്തുപീടികയിൽ തോമസ് കത്തനാരാണ് മാമോദീസാ നൽകിയത്. വാളക്കുഴി തറവാടിന്റെ പാരമ്പര്യത്തിൽ അത്യപൂർവ്വമായ പേരാണ് ശിശുവിന് ജ്ഞാനസ്നാനവേളയിൽ നൽകിയത്; ഐപ്പ് എന്ന നാമം. ആ പേരിൽ വളരെ വിരളമായി ഉണ്ടായിരുന്ന പൂർവ്വഗാമികളുടെ സ്മരണ നിലനിർത്താനായിട്ടാവാം ഈ പേര് തെരഞ്ഞെടുത്തത്. ഐപ്പ് എന്നാൽ ഔസേപ്പ്, ജോസഫ് എന്നാണാശയം. തിരുസഭയുടെ കാവൽ പിതാവായ വിശുദ്ധ ജോസഫ് പിതാ

www.malankaralibrary.com



വിന്റെ നാമം ശിശുവിന് നൽകിയത് വളരെ അർത്ഥപൂർണ്ണമായി എന്ന് പിൽക്കാല ചരിത്രം വ്യക്തമാക്കുന്നുണ്ട്. വീട്ടുകാരും നാട്ടുകാരും ആ കുട്ടിയെ ഐപ്പച്ചൻ എന്നു വിളിച്ചുപോന്നു.

അഞ്ചാം വയസ്സിൽ ഐപ്പച്ചനെ കമ്പുങ്കൽ ചാണ്ടപിള്ള വല്യാശാന്റെ അക്ഷരക്കളരിയിൽ എഴുത്തിനിരുത്തി. പറഞ്ഞു കൊടുക്കുന്നവ വേഗം ഗ്രഹിക്കാനും പിന്നീടത് കൃത്യതയോടെ ഓർത്തു പറയാനുമുള്ള മിടുക്ക് നന്നേ ചെറുപ്പകാലം മുതൽക്കേ പ്രകടമായിരുന്നു. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരമാലയും ഹൃദ്യസ്ഥമാക്കിയ ശേഷം പ്രാഥമിക വിദ്യാഭ്യാസത്തിനായി പാതിക്കാട് സ്കൂളിൽ ചേർത്തു. പഠന സമർത്ഥനായ ബാലനെ, തുടർന്ന് ഇംഗ്ലീഷ് പഠിപ്പിക്കാനായി മല്ലപ്പള്ളി മുട്ടത്തുമണ്ണ് സി.എം.എസ് സ്കൂളിൽ ചേർത്തു. സ്വഭാവമഹിമയിലും പഠനമികവിലും കായിക വിനോദങ്ങളിലും ശ്രദ്ധേയമായിരുന്ന ഐപ്പച്ചനെപ്പറ്റി അന്നത്തെ അദ്ധ്യാപകൻ പുത്തുത്തറ യോഹന്നാൻ വാദ്യാർ ഇപ്രകാരം അനുസ്മരിച്ചിട്ടുണ്ട്;" ചുണയും ചൊടിചൊടിപ്പുമുള്ള സുമുഖനായ ഒരു ബാലനെ സ്കൂളിൽ കൊണ്ടുവന്നു ചേർത്തു. ആ ബാലൻ വാളക്കുഴിയിൽ ഐപ്പച്ചൻ ആയിരുന്നു. എന്റെ ക്ലാസ്സിലാണ് ആദ്യമായി കൊണ്ടുവന്നാക്കിയത്. പ്രഥമ ദൃഷ്ടിയിൽത്തന്നെ ഉന്നതസ്ഥാനത്തു ചെന്നെത്തുവാനുള്ള കഴിവ് ആ ബാലനിൽ ഞാൻ ദർശിച്ചു. സഹപാഠികളുടെ മുമ്പിലായി ആ മിടുക്കൻ നടന്നുപോകുന്ന കാഴ്ച ഞാനോർക്കുന്നു. കൂട്ടുകാരെ നയിക്കുന്നതിലും രസിപ്പിക്കുന്നതിലും പ്രത്യേക സാമർത്ഥ്യം പ്രദർശിപ്പിച്ചിരുന്നു. അക്കാലത്ത് ഐപ്പച്ചനിൽ അനവധി സൽഗുണങ്ങൾ പ്രശോഭിച്ചിരുന്നു. വേദപാഠം പഠിക്കുമ്പോൾ അതിൽ അതിയായ ശ്രദ്ധ പതിക്കുകയും സംശയമുള്ള ഭാഗങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നു. മനഃപാഠമായി പഠിച്ചുകൊണ്ടുവരുന്നതിന് ഓരോ ദിവസവും ഏർപ്പെടുത്തിയിരുന്ന ഭാഗങ്ങൾ ഒരിക്കലെങ്കിലും തെറ്റിച്ചു പറഞ്ഞതായി ഓർക്കുന്നില്ല. ക്രിസ്തീയ പാട്ടുകളും പ്രാർത്ഥനകളും ഹൃദിസ്ഥമാക്കുന്നതിൽ വലിയ താൽപര്യം കാണിച്ചു വന്നു. വേദപാഠം മാത്രമല്ല മറ്റെല്ലാവിഷയങ്ങൾ പഠിക്കുന്നതിലും ഉത്സാഹവും തീഷ്ണതയും പ്രദർശിപ്പിച്ചിരുന്നു. ഉത്സാഹം,പരിശ്രമം,വിനയം, ഔദാര്യശീലം, ആദിയായ മഹൽഗുണങ്ങൾ ആ ബാലന്റെ സമ്പത്തായിരുന്നു."

ഇടവകപ്പള്ളിയിലെ ആരാധനകൾ ഏറ്റവും ഭംഗിയാക്കുവാൻ ആ ബാലൻ ഉത്സാഹിച്ചിരുന്നു. പള്ളിയിൽ മെത്രാന്മാർ വരുന്നെന്നറിഞ്ഞാൽ എന്തെന്നില്ലാത്ത ആനന്ദമായിരുന്നു ഐപ്പച്ചന്. മെത്രാന്മാർക്കൊപ്പം ആദ്യന്തം ശുശ്രൂഷാസഹായിയായി വർത്തിക്കുന്നത് പദവിയും അവകാശവുമായാണ് ബാലൻ കരുതിപ്പോന്നിരുന്നത്.



നല്ല ചുണയും പ്രസരിപ്പും ആ ബാലനിൽ തുടിച്ചു നിന്നിരുന്നു. അലസനായോ ഉന്മേഷരഹിതനായോ ആരുമൊരിക്കലും അവനെ കണ്ടിട്ടില്ല. എവിടെയും സദാ കർമ്മനിരതനും നേതാവുമായിരുന്ന ഐപ്പച്ചൻ വിദ്യാലയത്തിലും നാട്ടിൻപുറത്തും നല്ലൊരു പന്തുകളിക്കാരനുമായിരുന്നു. വള്ളംകളിയിലും നീന്തലിലും സമർത്ഥനായിരുന്നു. കുലീനമായൊരു തറവാട്ടിലെ അംഗമായിരുന്നിട്ടും അഹംഭാവമോ ഉച്ചനീചത്വമോ തെല്ലുമുണ്ടായിരുന്നില്ല. സ്വന്തം പറമ്പിൽ ജോലിക്കാർക്കൊപ്പം കൃഷിപ്പണികളിൽ മുഴുകാനും ചുറ്റുപാടുമുള്ള പാവപ്പെട്ടവരോട് ഇടപഴകാനും ആ ബാലൻ തൽപരനായിരുന്നു.

ദൈവത്തിന് ആ ബാലനെപ്പറ്റി ശ്രേഷ്ഠമായൊരു പദ്ധതിയുണ്ടായിരുന്നു. അതിനാൽ പല ആപത്ഘട്ടങ്ങളിൽ നിന്നും ദൈവം കാത്തുപാലിച്ചുകൊണ്ടിരുന്നു. ജീവഹാനിപോലും സംഭവിച്ചേക്കാമായിരുന്ന ഒരപകടത്തിൽ നിന്നും ആ കുരുന്നു പ്രാണൻ രക്ഷപ്പെട്ട സംഭവം അനുസ്മരിക്കപ്പെടുന്നുണ്ട്. ശിശുവായിരുന്ന ഐപ്പച്ചൻ അമ്മയുടെ മടിയിൽ ഉറങ്ങിക്കിടക്കുകയായിരുന്നു. തട്ടിൻപുറത്തേയ്ക്കുള്ള കിളിവാതിലിനു തൊട്ടുതാഴെയുള്ള കട്ടിലിലായിരുന്നു അമ്മ ഇരുന്നിരുന്നത്. തട്ടിൻ പുറത്ത്കൂട്ടിയിട്ടിരുന്ന തടികളിൽ നിന്നും വലിയ ഒരു തടി എങ്ങനെയോ ഊർന്ന് തുറന്നു കിടന്നിരുന്ന വാതിലിലൂടെ കുഞ്ഞിന്റെ നേർക്ക് വീണു. കുരുന്നു ശിരസ്സിൽ ഒന്നുരസി, അതു തറയിൽ പതിച്ചു. ഒരു നെല്ലിട പിഴച്ചിരുന്നെങ്കിൽ ആ പൂവൽശീർഷം ചതഞ്ഞുടഞ്ഞ്പോകുമായിരുന്നു. അതുപോലെ കൊടും വിഷമുള്ള ഒരണലിപ്പാമ്പ് വള്ളിപ്പടർപ്പിനിടയിൽ നിന്നും ഇഴഞ്ഞുവന്ന് ആ ബാലന്റെ വലം കാലിൽ ചുറ്റിപ്പിണഞ്ഞുകിടന്നു. 'ദൈവമേ'എന്നുറക്കെ വിളിച്ച് എന്തു ചെയ്യണമെന്നറിയാതെ ബാലൻ തെല്ലുനേരം നിന്നുപോയി. അടുത്ത നിമിഷത്തിൽ വിഷസർപ്പം താനേ താഴേക്കിഴഞ്ഞ് പൊന്തകൾക്കുള്ളിൽ മറയുകയും ചെയ്തു.

www.malankaralibrary.com

മൂന്ന്

# അശാന്തിപർവ്വങ്ങളിലെ മൂകസാക്ഷി

**പാ**തിക്കാട് യാക്കോബായപള്ളി ഒരിടവകപ്പട്ടക്കാരനുവേണ്ടി അര നൂറ്റാണ്ടായി ദാഹിച്ചു കാത്തുകഴിയുകയായിരുന്നു. ഇടവകപ്പട്ടക്കാരനാകാൻ സുനിശ്ചിതങ്ങളായ ചില മാനദണ്ഡങ്ങൾ അക്കാലത്ത് കൽപ്പിക്കപ്പെട്ടിരുന്നു. വൈദികസ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്ന ആൾ വിഖ്യാതഭവനത്തിൽ നിന്നുള്ളവനും സുമുഖനും സൽഗുണ സമ്പന്നനും ആയിരിക്കണമെന്നതായിരുന്നു ആ ശാസനകൾ. ഈ ഗുണഗണങ്ങളെല്ലാം തെളിഞ്ഞുവിളങ്ങുന്ന ഒരു പതിനഞ്ചുകാരനിൽ ഇടവകജനത്തിന്റെ അന്വേഷണ മിഴികൾ ചെന്നുനിന്നു; ഐപ്പച്ചനിൽ. പൊതുയോഗം കൂടി 1909 മാർച്ച് 14-ന് അവർ ഐപ്പച്ചനെ വൈദികാർത്ഥിയാക്കാൻ തെരഞ്ഞെടുത്തു. മെത്രാപ്പോലിത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ബന്ധുകൂടിയായിരുന്നു അദ്ദേഹം.

ശെമ്മാശനാകുന്നതിൽ ഈ കൗമാരക്കാരനുണ്ടായിരുന്ന ഏക ന്യൂനത പ്രായപൂർത്തിയായിട്ടില്ല എന്നതായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കൽപ്പനപ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് ശെമ്മാശപ്പട്ടം കൊടുക്കാൻ പാടില്ല. എങ്കിലും നിയമം നിയമത്തിനുവേണ്ടിയാവരുതല്ലോ; മനുഷ്യ നന്മയ്ക്കുവേണ്ടിയാവണമല്ലോ. ഇടവക ജനം ഒന്നാകെ സഭാസാരഥിയെ ചെന്നുകണ്ട് ദീർഘനാളായ തങ്ങളുടെ ആഗ്രഹം സാധിച്ചു തരണമേ എന്നപേക്ഷിച്ചു. വാളക്കുഴിയിൽ ഐപ്പച്ചനെ വൈദികാർത്ഥിയായി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചു. അവരുടെ അർത്ഥനകൾ പ്രത്യേകമായി പരിഗണിക്കുകയും അതിൻപ്രകാരം കോട്ടയം ചെറിയപള്ളിയിൽ വച്ച് 1909 ഏപ്രിൽ 15-ന് പുലിക്കോട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ ഐപ്പച്ചന്



ജോസഫ് എന്ന നാമത്തിൽ കോറുയോപട്ടം നൽകി. അതോടെ, പതിനഞ്ചുവർഷം താമസിച്ച വീടിനോടും നാടിനോടും വിടപറഞ്ഞ് കോട്ടയത്തു താമസമാക്കി.

പിന്നീടുള്ള നാളുകൾ പടിപടിയായ ഉയർച്ചയുടേതായിരുന്നു. ഇംഗ്ലീഷ് പഠനം അതോടെ കൂടുതൽ വികസ്വരമായി. കോട്ടയത്തെ വിഖ്യാതമായ എം.ഡി. സെമിനാരിയിൽ ചേർന്ന് ഇംഗ്ലീഷ് പഠനം തുടർന്നു. കേരളത്തിലെ വൈദികരിൽ ആദ്യമായി എം.എ ബിരുദം നേടിയ വിഖ്യാതനായ ഫാദർ പി.റ്റി. ഗീവർഗീസ് പണിക്കർ (എം.എ അച്ചൻ) ആയിരുന്നു അവിടുത്തെ പ്രിൻസിപ്പൽ. ഓരോ വിദ്യാർത്ഥിയേയും സസൂക്ഷ്മം ശ്രദ്ധിച്ചുപോന്ന നിരീക്ഷണപടുവായ എം.എ അച്ചന് വാളക്കുഴി ശെമ്മാശനോട് പ്രത്യേക താൽപര്യം തോന്നി; വൈദിക വിദ്യാർത്ഥിയെന്ന നിലയിലും മിടുക്കനായ പഠകൻ എന്ന നിലയിലും മറ്റും. വൈദിക വിദ്യാർത്ഥിയാകയാൽ സുറിയാനി ഭാഷാപഠനം അനിവാര്യമായിരുന്നു. അതിനായി പഴയ സെമിനാരിയിൽ താമസിച്ച് സുറിയാനി പഠനം ആരംഭിച്ചു. ഐപ്പച്ചന്റെ മാതൃമാതുലനായ വട്ടശ്ശേരിൽതിരുമേനിക്കൊപ്പവും പണ്ഡിതാഗ്രനും ആജ്ഞാധീരനും സഭാത്യാഗിയും പുണ്യചരിതനുമായ എം.എ അച്ചന്റെകൂടെയും കഴിയുവാനുള്ള സൗഭാഗ്യം, ശെമ്മാശനു ലഭിച്ചു.

യാക്കോബായ സമുദായം കൊടുംശണ്ഠകളിൽപ്പെട്ട് തല്ലിത്തകരുന്ന ആപത്ഘട്ടത്തിലാണ് വാളക്കുഴി ശെമ്മാശൻ പഴയസെമിനാരിയിൽ താമസിച്ചിരുന്നത്. സഭാ കലഹം അവസാനിപ്പിച്ച് സഭയിൽ സമാധാനം പുനഃസ്ഥാപിക്കാനും ക്രിസ്തുനാഥന്റെ സ്നേഹം പ്രസരിപ്പിക്കുവാനും പ്രയത്നിച്ചുകൊണ്ടിരുന്ന മഹാത്യാഗിയായ എം.എ അച്ചന്റെ മാതൃക വാളക്കുഴി ശെമ്മാശന് വലിയ പ്രചോദനമായി. ദൈവാശ്രയത്വത്തോടെ പ്രതിസന്ധികളിൽ എടുത്തു ചാടാനും ഒരുമയുടെയും ശാന്തിയുടെയും സന്ദേശം പരത്താനുമുള്ള അഭിനിവേശം ഇവിടെ നിന്നുമാണ് ശെമ്മാശൻ ആർജ്ജിച്ചെടുത്തത്. ശത്രുക്കൾ പഴയസെമിനാരി കയ്യടക്കുകയും വട്ടശ്ശേരിൽ തിരുമേനിയെയും അവിടുത്തെ വലം കയ്യായി വർത്തിച്ച എം.എ അച്ചനേയും വധിക്കുവാൻ അവർ കെണികളൊരുക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇരുവരുടെയും അംഗരക്ഷകനെപ്പോലെ വാളക്കുഴി ശെമ്മാശൻ വീറോടെ പ്രവർത്തിച്ചു.

ഉദ്വേഗജനകവും ഭയാനകവുമായ സംഭവ പരമ്പരകളാണ് അന്ന് പഴയ സെമിനാരി കേന്ദ്രമാക്കി അരങ്ങേറിയിരുന്നത്. അതുവരെ ഒറ്റക്കെട്ടായി നിന്നിരുന്ന യാക്കോബായ സഭ ഭൗതികാധികാര വടംവലിയെ തുടർന്ന് കലഹപൂർണ്ണമായിത്തുടർന്നു. ഇത്തരം ശണ്ഠകളുടെ മൂർദ്ധന്യതയിലാണ് വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകനായി പ്രവർത്തി

www.malankaralibrary.com



ച്ചുപോന്ന ആനപ്പാപ്പിയെ ശത്രുപക്ഷം അതിനീചമായി കൊന്നത്. സമാധാനകാംക്ഷികളായ സഭാസ്നേഹികളെ ഒന്നാകെ നടുക്കിക്കളഞ്ഞ സംഭവമായിരുന്നു അത്. വാളക്കുഴി ശെമ്മാശൻ ഈ സംഭവം വിവരിച്ച് സ്വന്തം ജ്യേഷ്ഠനായ വി.ഓ. വർഗീസിന് പിറ്റേന്നു തന്നെ ഇപ്രകാരം കത്തെഴുതി.

"...ആറ്റു പുറത്തു പാപ്പിയെ ചായ കുടിപ്പാനായി താഴത്തങ്ങാടിക്കാരൻ ഒരാൾ വിളിച്ചുകൊണ്ട് മണപ്പുറത്തെ കുടിലിൽ പോയി. അവിടെ മറ്റൊരു കുടിലിൽ അക്കരെ പാപ്പച്ചനും പത്തുപേരും."

"ചായയുണ്ടോ"?

" ഇല്ല".

ഇവർ മടങ്ങാൻ ഭാവിച്ചു. അപ്പോൾ രണ്ടു പേർ തടഞ്ഞു. എതിർത്തു. എന്നാൽ അഞ്ചാറുപേർ അടുക്കുന്നു. ഓടി. കയ്യിൽ ആയുധമില്ല. അടി കിട്ടി. തടഞ്ഞു. ഉലക്കയുമായാണ് അടി. ഓടി. പക്ഷേ തടിച്ചു കുറുകിയ ആനപ്പാപ്പിക്കു ഓടാൻ വയ്യ. വഴിയിൽ ഒരു തെങ്ങിൻ കുറ്റിയിൽ തട്ടി വീഴുകയും ചെയ്തു. അടിയോടടി. വീണുകിടന്ന് തടുക്കുന്നുണ്ട്. മുപ്പത് അടിയേറ്റു. അപ്പോൾ മണി ആറ്. പാപ്പിയുടെ പക്ഷക്കാർ വടിവാളുമായി പ്രതിരോധിക്കാനെത്തി. പോലീസ്, അവനെ എടുത്തുകൊണ്ട് ആശുപത്രിയിൽ പോയി ശുശ്രൂഷിച്ചു. എന്നിട്ടും ഗുണമൊന്നുമുണ്ടായില്ല. ഇന്നലെ രാത്രി മൂന്നു മണിയോടുകൂടി മരിക്കുകയും ചെയ്തു. ഇന്ന് എല്ലാം അറുത്തു മുറിച്ച് പരിശോധിച്ച് പുത്തൻ പള്ളിയിൽ അടക്കുവാൻ കൊണ്ടുപോയി. കേസൊക്കെ ബലമായി നടത്തിവരുന്നു."

എന്ന്, ***ഡീക്കൻ വി. ഓ. ജോസഫ്.***

നാല്

# ഭാരതീയതയുടെ ഉൾക്കാമ്പുതേടി

**1912** ൽ എം.എ അച്ചന്റെ ധീരമായ നേതൃത്വത്തിൽ മലങ്കര സഭയിൽ കാതോലിക്കാ സിംഹാസനസ്ഥാപനം നടത്തപ്പെട്ടതോടെയാണ് തെല്ലൊരാശ്വാസമുണ്ടായത്. അതിനെ തുടർന്ന് 1913 ൽ എം.എ അച്ചൻ കൽക്കത്തയിലെ സെറാമ്പൂർ കോളജിൽ പ്രൊഫസറായി പോയി. ഇന്ത്യയിലെ ഏക ക്രൈസ്തവ യൂണിവേഴ്സിറ്റി ആയിരുന്ന ആ സ്ഥാപനത്തിലെ ഉദ്യോഗം മഹത്തായ ഒന്നായിരുന്നു. സമുദായത്തിന്റെ മുഖ്യ ആസ്തിയായ വട്ടിപ്പണത്തോളമുള്ള വലിയൊരു തുകയാണ് എം.എ അച്ചന് അവിടെ നിന്നും കിട്ടിപ്പോന്നിരുന്നത്. ആ തുകമുഴുവൻ അദ്ദേഹം സമുദായത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ചെലവിട്ടു. എന്നിട്ടും പോരാതായപ്പോൾ കടം വാങ്ങി സഭാ സേവനം തുടർന്നു. സ്വന്തം സഭയിലെ പഠന സമർത്ഥരായ ശെമ്മാശന്മാരെ സെറാമ്പൂരിൽ കൊണ്ടു വന്ന് സ്വന്തം ചെലവിൽ ഉപരിപഠനം സാദ്ധ്യമാക്കുകയാണ് അദ്ദേഹം ചെയ്തത്. ഇങ്ങനെ കൊണ്ടുപോയ പത്തോളം ശെമ്മാശന്മാരിൽ ഒരാളായിരുന്നു വാളക്കുഴി ജോസഫ് ശെമ്മാശൻ. ഹൈസ്കൂൾ പഠനം 1916 ൽ പൂർത്തിയാക്കിയ ശെമ്മാശൻ ഉപരിപഠനത്തിനായി കണക്ക് ഐച്ഛികമായി സ്വീകരിച്ച് തൃശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ ചേർന്നിരുന്നു. ഗുരുവായ എം.എ അച്ചന്റെ വിളികേട്ട് അവിടെ നിന്നും സെറാമ്പൂരിലേക്ക് അദ്ദേഹം പോവുകയായിരുന്നു പിന്നെ, തത്ത്വശാസ്ത്രം മുഖ്യമാക്കി അവിടെ ബി.എ പഠനമാരംഭിച്ചു.

എം.എ അച്ചന്റെ കൂടെയായിരുന്നു ശെമ്മാശന്മാർ എല്ലാവരുടേയും വാസം. സെറാമ്പൂരിലെ ശെമ്മാശനെപ്പറ്റി അന്നവിടെ സതീർത്ഥ്യനായി

www.malankaralibrary.com



രുന്ന റാവു സാഹിബ് പി.ഒ. മത്തായി എം.എ ഇപ്രകാരം അനുസ്മരിക്കുന്നു;

*"I met his grace first in the dining hall of Serampore college hostel. He was then called 'Valakuzhy chemmachen' or Deacon V.O Joseph. He was then a blushing youth of the orthodox syrian church, dressed in the usual white loose cassock, with a small black cap on his head. He bore a demeanour that was simple and refined clearly depicting on his face the qualities and character of a young man with noble and aristocratic family traditions. He was then known as the 'sporting Deacon' because of his participation in sports and games and his successes in football and tennis. He was a first class footballer a good short as half-back , and played several intercollegiate matches in Calcutta as a member of the college team, Professor G.H.C Angus (later Dr. Angus, principal, Serampore college) had a special attachment to Deacon Joseph and took him as his partner in tennis.*

*In other extra-curricular activities, Deacon Joseph was never backward. He was regular in attending the daily college prayers in the library hall. He was loved by all. He was thus a living personality, which impressed those who came in contact with him. He had an extra ordinary winning side to his nature, not with standing his decisive resoluteness in practical affairs. He was a young man of deep convictions.''*

ശെമ്മാശൻ ജന്മദേശം വിട്ട് കോട്ടയത്തും തൃശിനാപ്പള്ളിയിലും സെറാമ്പൂരിലുമൊക്കെ ആയിരുന്നപ്പോഴും സ്വന്തം ഇടവകക്കാര്യങ്ങൾ അറിയാൻ ജിജ്ഞാസ കാട്ടിയിരുന്നു. പാതിക്കാട് ഇടവക വളർന്ന് നാടിന്റെ ആത്മീയ ജ്യോതിസ്സായിക്കാണാൻ അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. അന്യദേശത്തു നിന്നും ബന്ധുമിത്രാദികളുടെ പേർക്ക് അദ്ദേഹം അയച്ച കത്തുകളിലെല്ലാം സ്വന്തം ഇടവകയെപ്പറ്റി വളരെ തീക്ഷ്ണതയോടെയുള്ള അന്വേഷണങ്ങളായിരുന്നു നിറഞ്ഞു നിന്നിരുന്നത്.

അഞ്ച്

# മാതൃകാദ്ധ്യാപകൻ

**എം**.എ അച്ചൻ സെറാമ്പൂർ വിട്ട് പെരുന്നാട്ടിലെ മുണ്ടൻമലയിലെത്തി ബഥനിയാശ്രമം സ്ഥാപിച്ചു. പഠനം പൂർണമാകാതിരുന്നതിനാൽ വാളക്കുഴി ശെമ്മാശൻ സെറാമ്പൂരിൽ തുടർന്നു പഠിച്ചു. 1921 ൽ ബി.എ പൂർത്തിയാക്കിയ ശെമ്മാശൻ ബ്രഹ്മവാറിൽ ബി.ഡി.ക്കു ചേർന്ന് പഠനം തുടർന്നു. പഠനത്തോടൊപ്പം തീക്ഷ്ണമതിയായ സഭാപ്രവർത്തകനായി അദ്ദേഹം അവിടെ പ്രവർത്തിച്ചു. താൻ നിലകൊള്ളുന്ന യാക്കോബായ സഭയിലേക്ക് ഏവരേയും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു അന്നത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ബ്രഹ്മവാറിൽ യാക്കോബായ സഭയുടെ ഒരു വിദ്യാലയമുണ്ടായിരുന്നു; കോസ്മോപൊളീറ്റൻ അലിഗർ ഇലമെന്ററി സ്കൂൾ എന്ന പേരിൽ. ബി.എ.പഠനം പൂർത്തിയാക്കിയ ശെമ്മാശനെ സ്കൂൾ അധികൃതർ ആ സ്കൂളിലെ അദ്ധ്യാപകനായി നിയമിച്ചു. അതോടെ ബി.ഡി. പഠനം പാതി വഴിക്ക് ഉപേക്ഷിച്ച് ശെമ്മാശൻ അദ്ധ്യാപനോദ്യോഗം സന്തോഷപൂർവ്വം സ്വീകരിച്ചു.

ശെമ്മാശന് അന്ന് ഇരുപത്തേഴു വയസു പ്രായമായിരുന്നു. അദ്ദേഹത്തെക്കൊണ്ട് വിവാഹം ചെയ്യിക്കാൻ വീട്ടുകാരും ഇടവകക്കാരും ശ്രമമാരംഭിച്ചു. ശെമ്മാശന്റെ വിവാഹക്കാര്യം പാതിക്കാട് ഇടവകയുടെ വളർച്ചയ്ക്ക് അനിവാര്യമായിരുന്നു. അദ്ദേഹത്തെ വൈദിക പഠനത്തിന് ഇടവകജനം ഒന്നടങ്കം തെരഞ്ഞെടുത്തയച്ചതു തന്നെ ഇടവകയുടെ ഭാസുരഭാവിക്കുവേണ്ടിയായിരുന്നു. അദ്ദേഹം എം.എ അച്ചന്റെകൂടെ സന്ന്യാസാശ്രമച്ചിട്ടകൾ പാലിച്ചുകൊണ്ട് കഴിയാനിടയായത് യാദൃശ്ചികം. എന്നാൽ അവിവാഹിതരായ പട്ടക്കാരെ വികാരിമാരായി പള്ളികളിൽ അന്നു നിയമിക്കുമായിരുന്നില്ല. ഒരിടവകപ്പട്ടക്കാരനു വേണ്ടി

www.malankaralibrary.com



അനേക വർഷങ്ങളായി ആറ്റുനോറ്റു കഴിയുന്ന പാതിക്കാട് ഇടവക ക്കാർക്ക് തങ്ങളുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കണമെങ്കിൽ വാളക്കുഴി ശെമ്മാശൻ വിവാഹിതനായേ മതിയാകൂ. വിവാഹാലോചനകളുടെ വിശ ദാംശങ്ങൾ ബന്ധുക്കൾ എഴുതി നിരന്തരം ബ്രഹ്മവാറിലേക്ക് അയച്ചു കൊണ്ടിരുന്നു. ഈ കത്തുകൾ വായിച്ച് ശെമ്മാശൻ ദുഃഖിച്ചു. ബഥനിയാശ്രമത്തിൽ ചേരാൻ കഴിഞ്ഞില്ലെങ്കിലും സർവ്വസംഗ പരിത്യാ ഗികളുടെ ആർഷജീവിതത്തോട് അദ്ദേഹത്തിനു മമതയുണ്ടായിരുന്നു. നിത്യ ബ്രഹ്മചാരിയായികഴിയണം എന്ന് തന്നെയായിരുന്നു അദ്ദേഹ ത്തിന്റെ ഇച്ഛ. അതിൻപ്രകാരം വീട്ടിലേക്ക് അദ്ദേഹം 28.2.1923 ൽ ഇങ്ങ നെഴുതി.

"...... വിവാഹത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഇൻഡിഫറന്റ് ആണ്. വിവാഹജീവിതം ആവശ്യം എന്നുപോലും ഇന്നുവരെ ഞാൻ വിചാരിച്ചിട്ടില്ല. എന്നാൽ നമ്മുടെ ഇടവകയുടെ സ്ഥിതി എത്രയോ നികൃ ഷ്ടമാണ്..."

ശെമ്മാശനു വിവാഹജീവിതത്തോട് വിമുഖതയാണെന്നറിഞ്ഞ വീട്ടു കാർ പിന്നീടദ്ദേഹത്തെ അക്കാര്യത്തിൽ നിർബന്ധിച്ചിട്ടില്ല. ശെമ്മാശൻ രണ്ടുവർഷം കൂടി ബ്രഹ്മവാറിൽ തുടർന്നു ജോലി നോക്കി. അങ്ങനിരി ക്കേ, തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിൽ ജോലി വാഗ്ദാനം ചെയ്ത് അധികൃതർ, അദ്ദേഹത്തിന്റെ പേർക്ക് ബ്രഹ്മവാറിലേക്ക് കത്തയച്ചു. ആ നിർദ്ദേശം ശെമ്മാശനു വളരെ സ്വീകാര്യമായി. ജന്മനാട്ടിലെത്തിയാൽ സമുദായ കാര്യങ്ങളിൽ, പ്രത്യേകിച്ച് ഇടവകപ്പള്ളിയുടെ അഭിവൃദ്ധിയിൽ കൂടുതൽ പ്രവർത്തിക്കാൻ കഴിയുമെന്ന പ്രതീക്ഷയായിരുന്നു കാരണം. അദ്ദേഹം കേരളത്തിൽ തിരിച്ചെത്തി എം.ജി.എം ഹൈസ്കൂളിൽ അദ്ധ്യാ പകനായി. ബോർഡിംഗ് മാനേജരായും അവിടദ്ദേഹം സേവനം ചെയ്തു.

ഓർത്തഡോക്സ് സഭയുടെ വിശ്വാസസംഹിതകളിൽ ഉറച്ചു നിന്ന് അതിന്റെ ശക്തനായ വക്താവായി വാളക്കുഴി ശെമ്മാശൻ പേരെടുത്തു കഴിഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്വന്തം ഭവനാംഗങ്ങളിൽ ചിലർ ഓർത്തഡോക്സ് വിശ്വാസത്തിൽ നിന്നും മാറി കത്തോലിക്കാ സഭയിൽ ചേർന്നുകഴിഞ്ഞിരുന്നു. അച്ചന്റെ മൂത്ത ജ്യേഷ്ഠൻ വി. ഒ. വർഗീസാണ് ഇങ്ങനെ കത്തോലിക്കാസഭയിലേക്ക് മാറിയവരിൽ പ്രമു ഖൻ. സഭാ ചരിത്ര പഠനങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട സഭ ഏകം,വിശുദ്ധം,ശ്ലൈഹികം,സാർവ്വത്രികം എന്നീ ഗുണവിശേഷങ്ങൾ നിറഞ്ഞതാണെന്നും ആ ലക്ഷണങ്ങളെല്ലാം ഒത്തി ണങ്ങിയ സഭ കത്തോലിക്കാസഭ മാത്രമാണെന്നും അദ്ദേഹം തിരിച്ചറി ഞ്ഞതിന്റെ പരിണതഫലമായിരുന്നു ഈ സാർവ്വത്രിക സഭാപ്രവേശനം. ഇപ്രകാരം അദ്ദേഹത്തെയും കൂട്ടരേയും സത്യമാർഗ്ഗത്തിലേക്കാനയിച്ചത്



ഡൊമിനിക് തോട്ടാശേരി അച്ചനായിരുന്നു. സീറോ മലബാർ സഭ യിൽപ്പെട്ട ചങ്ങനാശ്ശേരി രൂപതയിലെ അംഗമായിരുന്ന തോട്ടശ്ശേരിയ ച്ചൻ ത്യാഗമൂർത്തിയും അക്ഷീണാദ്ധ്വാനിയുമായ ഒരു മിഷനറിയായി രുന്നു. അദ്ദേഹം മല്ലപ്പള്ളി, കല്ലൂപ്പാറ, തിരുവല്ല,മാരാമൺ തുടങ്ങിയ മിഷനുകൾ രൂപീകരിച്ച് പാവപ്പെട്ടവരെ സഹായിക്കുകയും ജനങ്ങൾക്ക് സന്മാർഗ്ഗോപദേശം നൽകുകയും ചെയ്തു. അദ്ദേഹത്തിൽ നിന്നും ലഭിച്ച അറിവിന്റെ പ്രകാശമാണ് വാളക്കുഴി കുടുംബത്തിൽപ്പെട്ട ചില വ്യക്തി കളെ കത്തോലിക്കാ വിശ്വാസത്തിലേക്കാനയിച്ചത്. കടുത്ത ഓർത്ത ഡോക്സ് പക്ഷക്കാരനായ ശെമ്മാശനെ, സ്വജ്യേഷ്ഠന്റെ സഭാഭ്രംശം അഗാധ ദുഃഖത്തിലാഴ്ത്തി. ബ്രഹ്മവാർ മിഷനിലായിരുന്നപ്പോൾ കത്തോ ലിക്കാ സഭയ്ക്കെതിരെ നിലകൊണ്ട വ്യക്തിയാണ് വാളക്കുഴിയച്ചൻ. കത്തോലിക്കാ സഭാംഗങ്ങളിൽപ്പെട്ടവരെ യാക്കോബായ വിശ്വാസത്തി ലേക്ക് കൊണ്ടുവരുവാൻ അന്ന് ബ്രഹ്മവാറിൽ കഠിനാദ്ധ്വാനം ചെയ്ത ഈ സഭായോദ്ധാവിന് സ്വന്തം ജ്യേഷ്ഠന്റെ കത്തോലിക്കാ പ്രവേശം എങ്ങനെ വേദനാജനകമാകാതിരിക്കും! കത്തോലിക്കാ സഭയോട് വച്ചു പുലർത്തിപ്പോന്ന വിദ്വേഷം ശെമ്മാശന്റെ ഉള്ളിൽ ഇതോടെ കത്തിയെരിഞ്ഞു. ഈ സംഭവത്തിന് അല്പകാലം മുമ്പ് കത്തോലിക്കാ സഭയ്ക്കെതിരെ പല വാദങ്ങളും നിരത്തി അദ്ദേഹം ജ്യേഷ്ഠന്റെ പേർക്ക് എഴുതിയിരുന്നു.

"..യാക്കോബായക്കാർക്ക് കൈവയ്പുണ്ടെന്ന് റോമക്കാർ തന്നെ സമ്മതിക്കുന്നതല്ലേ, ശരിയായ കൈവയ്പ് എവിടുണ്ടോ അവിടെ രക്ഷയും ഉണ്ട്. മാർപ്പാപ്പായ്ക്ക് സർവ്വാധികാരം കൽപ്പിച്ചതോടുകൂടി യാണ് റോമാ സഭയ്ക്ക് ഉറപ്പായ ഒരു കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടായത്. പാപ്പാ, പാപ്പായെ പ്രസംഗിക്കാതെ ക്രിസ്തുവിനെ പ്രസംഗിക്കട്ടെ, പാപ്പാ തന്നെ ക്രിസ്തു എന്നു പറഞ്ഞേക്കും....."

*ഡീക്കൻ വി. ഓ ജോസഫ്*

എം.ജി.എം. ഹൈസ്ക്കൂൾ, തിരുവല്ല

ഈ കത്തയച്ചതിനുശേഷമായിരുന്നു ജ്യേഷ്ഠന്റെ കത്തോലിക്കാ സഭാപ്രവേശം. അക്കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് ശെമ്മാശന്റെ പേർക്ക് അദ്ദേഹം എഴുത്തയച്ചിരുന്നു. അതു വായിച്ച് നിസ്സംഗത യോടെയും കടുത്ത അമർഷത്തോടെയും ജ്യേഷ്ഠന്റെ പേർക്ക് ശെമ്മാശൻ ഇങ്ങനെയെഴുതി.

"......ഇപ്പോൾ രാത്രി 3.10 കഴിഞ്ഞിരിക്കുന്നു. അച്ചായന്റെ എഴുത്ത് ഞാൻ ഒന്നു രണ്ടാവർത്തി വായിച്ചു. അച്ചായനും മറ്റും റോമാ സഭയിൽ ചേർന്നതായി അറിഞ്ഞു. ഇതെനിക്ക് എത്ര മർമ്മഭേദകമാണെന്ന് പ്രത്യേ

www.malankaralibrary.com



കിച്ച് പറയേണ്ടല്ലോ. ഞാൻ പട്ടത്വമുള്ളവനാണെന്ന് അഭിമാനിച്ചുകൊണ്ട് ഇനി എങ്ങനെ അച്ചായന്റെ അടുത്തുവരും. അച്ചായന്റെ പ്രവൃത്തി കുറേ ധൃതി ആയിപ്പോയി. അച്ചായന്റെ ഈ മാറ്റംകൊണ്ട് ഉണ്ടാകാവുന്ന ഫലങ്ങൾ എന്തെല്ലാമെന്നും ഏതെല്ലാം വിധത്തിൽ ഉള്ളതെന്നും എനിക്കു ചിന്തിക്കുക പോലും വയ്യ."

സ്കൂളിന്റെയും സമുദായത്തിന്റെയും ആവശ്യങ്ങൾക്കായി യാത്ര ചെയ്യാൻ തിരുവല്ലായിലായിരുന്നപ്പോൾ അദ്ദേഹത്തിനൊരു പുതിയ വാഹനമുണ്ടായിരുന്നു; ഒരു ബി.എസ്.എ. സൈക്കിൾ. സമുദായപരമായ പ്രധാനകാര്യങ്ങൾ എവിടുണ്ടായാലും ആ സൈക്കിളിൽ അദ്ദേഹം ഓടിയെത്തി അവശ്യം വേണ്ട പിൻബലം കൊടുത്തു പോന്നിരുന്നു. അദ്ധ്യാപകന്റെ ഔദ്ധത്യം തീരെയില്ലാതിരുന്ന ശെമ്മാശൻ അതിവിനീതനായാണ് വിദ്യാർത്ഥികളോടും സഹപ്രവർത്തകരോടും ഇടപെട്ടിരുന്നത്. എല്ലാവർക്കും നല്ലൊരു സുഹൃത്തായിരുന്നു അദ്ദേഹം. ബോർഡിംഗിൽ താമസിച്ചിരുന്ന വിദ്യാർത്ഥികളുമൊത്ത് മിക്ക സായാഹ്നങ്ങളിലും പന്തു കളിക്കാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. കോപിക്കാനറിഞ്ഞുകൂടാത്ത ശെമ്മാശന്റെ സ്നേഹവും കരുണയും ഈ സന്ദർഭങ്ങളിലെല്ലാം ഏവർക്കും അനുഭവവേദ്യമായിരുന്നു.

ആറ്

# പാതിക്കാടിന്റെ ആദ്യപുരോഹിതൻ

**അ**ദ്ദേഹത്തിനു വൈദികപട്ടം നൽകുവാൻ സഭാനേതൃത്വം നിശ്ചയിച്ചു. സ്വന്തം ഇടവകയിൽ വച്ചുതന്നെ 1929 ജനുവരി 8 ന് തന്റെ 35-ാം വയസ്സിൽ ഈ മഹൽപദവി, മലങ്കര മെത്രാപ്പോലീത്തായായ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്നും കൈകൊണ്ടു. അതേ പള്ളിയിൽ വച്ച് തന്നെ ഏതാനും നാളുകൾക്കുശേഷം ആഘോഷമായ 'പുത്തൻ കുർബ്ബാന' അർപ്പിച്ചു. അതു ബഥനിയുടെ മെത്രാപ്പോലീത്തയായ മാർ ഈവാനിയോസ് തിരുമേനിയുടെ മഹനീയസാന്നിദ്ധ്യത്തിലായിരുന്നു. ഇതോടെ അനുമോദന യോഗങ്ങളൊരുക്കി നവവൈദികനെ പലരും സ്വീകരിച്ചു. അവരെല്ലാം പലതരം സമ്മാനങ്ങൾ നൽകി തങ്ങളുടെ പ്രിയങ്കരനായ കൊച്ചച്ചനെ ആദരിച്ചു. അന്നൊരു സദസ്സിൽ വച്ച് കെ.എം.മാമ്മൻ വക്കീൽ എന്ന സമുദായസ്നേഹി സമ്മാനിച്ചത് ഒരു രത്നമോതിരം. വാളക്കുഴിയച്ചന്റെ വിരലിൽ ആ മോതിരം ഇട്ടുകൊണ്ട് മാമ്മൻ വക്കീൽ പ്രവചനാത്മകമായി ആശംസിച്ചു."ഈ മോതിരം ഒരു എപ്പിസ്ക്കോപ്പൽ റിംഗ് ആയിത്തീരട്ടെ."

പാതിക്കാട് ഇടവകയുടെ പുരോഗതിക്കുവേണ്ടിയാണ് അച്ചനെ വാഴിച്ചത്. എന്നാൽ അവിവാഹിതരായ വൈദികർക്ക് പള്ളിയുടെ വികാരിയാകാൻ നിയമം അനുവദിച്ചിരുന്നില്ല. നിയമം നിയമത്തിനു വേണ്ടിയാകരുതെന്നും അതു മനുഷ്യ നന്മയ്ക്കു വേണ്ടിയാകണമെന്നും കൽപ്പിച്ച യേശു തമ്പുരാന്റെ ദിവ്യവചസ്സുകളിൽ പിടിമുറുക്കി ഇടവകജനം ഒന്നാകെ സഭാധികാരിയുടെ മുമ്പിൽ നിയമഭേദത്തിനായി അപേക്ഷിച്ചു. അവരുടെ ദീർഘകാലമായുള്ള ആ പരിദേവനങ്ങൾക്കു മുമ്പിൽ

www.malankaralibrary.com


ഉള്ളലിഞ്ഞ് അവരുടെ അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിച്ചു. അതിൻപ്രകാരം വാളക്കുഴിയച്ചൻ പാതിക്കാട് ഇടവകയുടെ വികാരിയായി നിയമിക്കപ്പെട്ടു.

പുരോഹിതാധികാരം ഉപയോഗിച്ച് സ്വന്തം ഇടവകയിൽ ചിലപരിഷ്ക്കാരങ്ങൾ അദ്ദേഹം നടപ്പാക്കി. ദോഷകരമായ ചില പ്രവണതകൾ പല ഇടവകകളിലുമുണ്ടെന്നും അത് പരിഹരിക്കാൻ പാതിക്കാട് ഇടവകയിൽ നടപ്പാക്കുന്ന പരിഷ്ക്കാരങ്ങൾ മാതൃകയാകുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. അതിൻപ്രകാരം വാളക്കുഴി ഉൾപ്പെടെയുള്ള ചില കുടുംബക്കാർക്ക് പണ്ടുമുതൽ പള്ളിക്കുള്ളിൽ അനുവദിച്ചുപോന്ന പ്രത്യേകമായ സ്ഥാനം അച്ചൻ നിർത്തലാക്കി. മേമ്പൂട്ട് കൈസ്ഥാനം എന്ന ഇത്തരം മേൽക്കോയ്മകൾ പാടില്ലെന്നും എല്ലാ വീട്ടുകാരും ദേവാലയത്തിൽ സമന്മാരാണെന്നും ജനത്തെ ബോദ്ധ്യപ്പെടുത്തി.

വഴിപാടുപോലെയായിരുന്നു അന്നു കുമ്പസാരം, അനുതാപത്തിന്റെ മഹത്തായ ആ കൂദാശയെ അർഹമായ ഗൗരവത്തോടെ ഇടവകയിൽ നടത്തുവാൻ അച്ചൻ പരിശ്രമിച്ചു. കുമ്പസാരത്തോടനുബന്ധിച്ച് അന്നു നടത്തിക്കൊണ്ടിരുന്ന ധനശേഖര പരിപാടിയും അദ്ദേഹം നിരോധിച്ചു. കൂടെക്കൂടെ വിശുദ്ധകുർബ്ബാനയിൽ പങ്കെടുപ്പിച്ച് വിശ്വാസികളുടെ ആത്മീയ തീഷ്ണത വളർത്തുകയും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഇരുചേരികളായി തിരിഞ്ഞുള്ള സഭാശണ്ഠകൾ മൂലം നിർമ്മാണം മുടങ്ങിപ്പോയ പല പള്ളികളുടെയും പുനരുദ്ധാരണ ദൗത്യം അച്ചൻ ഏറ്റെടുത്തു. പണി വേഗം പൂർത്തിയാക്കി അവിടെല്ലാം ആരാധന സജീവമാക്കി.

പള്ളിയിൽ ജനം നിൽക്കുന്ന രീതിയും അച്ചനെ അലോസരപ്പെടുത്തി. പള്ളിക്കുള്ളിൽ ഏറ്റവും മുൻഭാഗത്തായിരുന്നു പുരുഷന്മാരുടെ സ്ഥാനം. അവരുടെ പിറകിൽ മാത്രം നിലകൊള്ളാനായിരുന്നു സ്ത്രീകൾ വിധിക്കപ്പെട്ടിരുന്നത്. എന്നാൽ പള്ളിക്കുള്ളിലെ സ്ഥലം നടുവെ ഭാഗിച്ച് ഇടതുവശത്തു പുരുഷന്മാരെയും വലതുവശത്ത് സ്ത്രീകളേയും അദ്ദേഹം അണിനിരത്തി സമത്വം സൃഷ്ടിച്ചു. എല്ലാറ്റിനുമുപരി പാതിക്കാട് ഇടവകയെ ആശ്രമ തുല്യം വിശുദ്ധീകരിച്ച് പ്രാർത്ഥനയും ഉപവാസവും കഠിനതപോനിഷ്ഠകളുമായി ഋഷിതുല്യനായി അദ്ദേഹം തുടർന്നു.

ഏഴ്

# വിശ്വാസപ്പോരാളി

**യാ**ക്കോബായ വിശ്വാസം ബലപ്പെടുത്താനും പ്രസരിപ്പിക്കാനും ശക്തമായ കർമ്മ പദ്ധതികൾ വാളക്കുഴിയച്ചൻ ആരംഭിച്ചു. വലിയൊരു ധർമ്മം നിറവേറ്റാനുണ്ടെന്ന തോന്നൽ അദ്ദേഹത്തിൽ ശക്തമായി. 1653-ൽ പൂർവ്വികർ കൂനൻ കുരിശിൽ കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ടു ചെയ്ത ശപഥം കർശനമായി നിറവേറ്റുവാൻ ഓരോ യാക്കോബായ വിശ്വാസിയേയും പ്രേരിപ്പിക്കുകയും അതിനായി അവരെ ശക്തീകരിക്കുകയും ചെയ്യുകയാണ് തന്റെ ജീവിത നിയോഗമെന്ന് അച്ചൻ ഉറച്ചു വിശ്വസിച്ചു.

1930 സെപ്റ്റംബർ 20-ാം തീയതി ബഥനിയുടെ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ മാർ തെയോഫിലോസ് തുടങ്ങി അഞ്ചു വ്യക്തികൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അതുവരെ ഭാരതത്തിൽ കത്തോലിക്കാ സഭയ്ക്കുണ്ടായിരുന്ന സീറോമലബാർ, ലത്തീൻ എന്നീ റീത്തുകൾക്ക് ശേഷം മലങ്കര കത്തോലിക്കാ സഭ എന്ന പേരിൽ മൂന്നാമതൊരു റീത്ത് ആരംഭിച്ചുകൊണ്ടായിരുന്നു ആ പുനരൈക്യം. വിശ്വമാകെയുള്ള സഭാവേദിയിൽ അത് വലിയ ചലനമുണ്ടാക്കി. പ്രമുഖമായ ഒരിംഗ്ലീഷ് പത്രം ആ സംഭവത്തെ വിശേഷിപ്പിച്ചത് 'ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ സഭാ സംഭവം' എന്നാണ്. ഓർത്തഡോക്സ് സഭാന്തരീക്ഷത്തിൽ ഇതൊരു കൊടുങ്കാറ്റുയർത്തുക തന്നെ ചെയ്തു. ഓർത്തഡോക്സ് സഭയുടെ ഊർജ്ജസ്രോതസ്സായിരുന്ന ബഥനി പിതാവിന്റെ സഭാഭ്രംശം സഹിക്കാനാവാതെ ആ സമുദായം അസ്വസ്ഥമായി. വലിയ ജനസ്വാധീനമുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ആകർഷണ വലയത്തിൽപ്പെട്ട് ഓർത്തഡോക്സ് സഭയിൽ നിന്നും ധാരാളമാളുകൾ ദിനം തോറും കത്തോ

www.malankaralibrary.com



ലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു തുടങ്ങി. ഈ ഒഴുക്ക് ഉടൻ തടഞ്ഞില്ലെങ്കിൽ ഓർത്തഡോക്സ് സഭയുടെ ഭാവിതന്നെ അപകടത്തിലാകുമെന്നു ഗ്രഹിച്ച ഓർത്തഡോക്സ് സഭാനേതൃത്വം ഇതിനെതിരെ ചില കരുത്തന്മാരെ രംഗത്തിറക്കി പ്രതിരോധിക്കാൻ തീരുമാനിച്ചു. ഇങ്ങനെ കണ്ടെത്തിയവരിൽ പ്രമുഖനായിരുന്നു വാളക്കുഴിയച്ചൻ.

പുനരൈക്യ പ്രസ്ഥാനത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ച ഈ മുന്നണിപ്പോരാളി തന്റെ പ്രതിരോധദൗത്യം അതിശക്തമായിത്തന്നെ ആരംഭിച്ചു. കത്തോലിക്കാ വിരോധം അദ്ദേഹത്തിൽ ജ്വലിച്ചു നിന്നു. കത്തോലിക്കരുടെ ശക്തികേന്ദ്രങ്ങളിൽ ഓർത്തഡോക്സ് പള്ളികൾ സ്ഥാപിക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങി. കത്തോലിക്കാ സഭയ്ക്കെതിരെ രൂക്ഷമായി പ്രസംഗിച്ച് നാടെങ്ങും ഓടിനടന്ന സഖറിയാസച്ചനെ കൂട്ടുപിടിച്ച് കത്തോലിക്കരെ അധിക്ഷേപിച്ച് പ്രസംഗിപ്പിച്ചു. കത്തോലിക്കാ വിരോധിയായ കെ.എൻ.ദാനിയേൽ എന്ന മാർത്തോമ്മാ സഭാംഗമായ പണ്ഡിതനെയും സഹകരിപ്പിച്ച് കത്തോലിക്കാ സഭയ്ക്കെതിരെ ലഘുലേഖകൾ അച്ചടിച്ചു വിതരണം ചെയ്തു. പരോക്ഷമായി മാത്രമല്ല പ്രത്യക്ഷമായിപ്പോലും സ്വന്തം ഗുരുനാഥനായ മാർ ഈവാനിയോസ് തിരുമേനിയോട് എതിർക്കുകയും അദ്ദേഹത്തെ സഭാ ദ്രോഹിയായി ചിത്രീകരിച്ച് ആക്ഷേപിക്കുകയും ചെയ്തു.

എട്ട്

# യോദ്ധാവിന് മെത്രാൻ പദവി

സഭാനേതൃത്വം ഏൽപ്പിച്ച പുനരൈക്യവിരോധദൗത്യം അതീവ തീക്ഷ്ണതയോടെ നിർവ്വഹിച്ചുകൊണ്ടിരുന്ന വാളക്കുഴിയച്ചന് സ്ഥാനക്കയറ്റം കൊടുത്ത് നന്ദി പ്രകടിപ്പിക്കുവാൻ ഓർത്തഡോക്സ് സഭ തീരുമാനിച്ചു. മെത്രാൻ സ്ഥാനം നൽകുവാൻ തെരഞ്ഞെടുത്ത വിവരം ഒരു കത്തിലൂടെ മലങ്കര മെത്രാപ്പോലീത്തയായ മാർ ദിവന്നാസ്യോസ് തിരുമേനി വാളക്കുഴിയച്ചനെ അറിയിച്ചു. അതു കൈപ്പറ്റിയ അച്ചൻ ഇപ്രകാരം മറുപടിയെഴുതി;

"...അവിടുന്ന് കൽപിക്കുന്നത് സഭയ്ക്കുവേണ്ടിയാണെന്നും ഈ കൽപ്പന സഭയുടേതായും ദൈവത്തിന്റേതായും ഞാൻ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി എന്നെത്തന്നെ ബലികഴിക്കാൻ ഞാൻ കടപ്പെട്ടവനാണ്. ഞാൻ അതിനു തയ്യാറുമാണ്. എന്റെ ബലഹീനതകളെക്കുറിച്ചോ, അയോഗ്യതകളെക്കുറിച്ചോ ഞാൻ ചിന്തിക്കേണ്ട ആവശ്യമില്ലല്ലോ. കൈക്കൊള്ളപ്പെടത്തക്ക ബലിയായി അവിടുത്തെ അടുക്കൽ, സഭയ്ക്കുവേണ്ടി എന്നെത്തന്നെ സമർപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം."

ഈ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ വാളക്കുഴിയച്ചനെ മെത്രാൻ സ്ഥാനത്തേക്കു ക്ഷണിച്ചു. അന്ത്യോഖ്യൻ സഭാനിയമപ്രകാരം മെത്രാൻ സ്ഥാനികൻ വിശുദ്ധ അന്തോണിയൂസിന്റെ ആശ്രമാംഗമായിരിക്കണം. അതിനുവേണ്ടിയാണ് മെത്രാഭിഷേകത്തിനു തൊട്ടുമുമ്പായി റമ്പാൻ പദവി നൽകുന്നത്. സന്ന്യാസത്തിലേക്കുള്ള പ്രത്യക്ഷമായ ചുവടുവെയ്പാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതിനായി സ്വഗൃഹത്തോടും ഇടവകയോടും മറ്റുമുള്ള ഭൗതികമായ ബന്ധമെല്ലാം അദ്ദേഹം ഉപേക്ഷിച്ചു. മൂന്നു വർഷവും മൂന്നു മാസവും തികഞ്ഞ വിശ്വസ്തതയോടെ

www.malankaralibrary.com



സേവനം ചെയ്ത പാതിക്കാട് ഇടവകയോടുള്ള വിടചൊല്ലൽ ഇടവക ജനങ്ങൾക്കു മാത്രമല്ല,നാട്ടുകാർക്കും വേദനാജനകമായിരുന്നു. അവിടെ നിന്നും നേരെ പോയത് കോട്ടയത്തെ പഴയ സെമിനാരിയിലേക്ക്. കുറേനാൾ അവിടെ ഏകാന്തതയിൽ ധ്യാനനിരതനായി കഴിഞ്ഞു. അവിടെ വച്ച് 1932 ഏപ്രിൽ 17-ന് പരിശുദ്ധ കാതോലിക്കാ ബാവാ അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. വലിയനോമ്പിൽ, പിറവിക്കുരുടന് യേശു അത്ഭുതകരമായി കാഴ്ചയേകിയ സംഭവം അനുസ്മരിക്കാനുള്ള ഞായറാഴ്ചയിലായിരുന്നു ഈ പുണ്യ കർമ്മം നടന്നത്. വിശുദ്ധ യൗസേഫ് പിതാവിന്റെ മദ്ധ്യസ്ഥത്തിരുനാളുമായിരുന്നു അന്ന്.

സന്ന്യാസദീക്ഷയിൽ റമ്പാനായി കഴിയുമ്പോഴും സഭാവീരനായ അദ്ദേഹത്തിൽ കത്തോലിക്കാ സഭയോടുള്ള വിദ്വേഷം ജ്വലിച്ചു നിന്നിരുന്നു. സ്വന്തം ഗുരുനാഥന്റെ കത്തോലിക്കാ സഭാ പ്രവേശനത്തിൽ അടങ്ങാത്ത രോഷത്തോടെ പലർക്കും അദ്ദേഹം റമ്പാനായിരുന്ന കാലത്തും കത്തുകൾ അയച്ചിരുന്നു. അത്തരമൊരു കത്തിന്റെ ഏതാനും വരികൾ താഴെ ചേർക്കുന്നു.

"...ഈവാനിയോസ് മെത്രാച്ചൻ അതിന്റെ ദൈവിക വശം നഷ്ടപ്പെടുത്തിയില്ലേ എന്ന് സങ്കടത്തോടെയെങ്കിലും ഞാൻ വിചാരിച്ചുപോകുന്നു. ബാഹ്യമായ ക്രമീകരണങ്ങളിലോ,ശക്തികളിലോ നിങ്ങൾ ആശ്രയിച്ച് ആകർഷിക്കപ്പെട്ടു പോകരുത് എന്നല്ലയോ കർത്താവു പഠിപ്പിക്കുന്നത്. ദൈവിക കാര്യങ്ങൾ വെറും കച്ചവടം പോലെയാക്കിത്തീർത്തല്ലോ...."

സാധാരണഗതിയിൽ സഭയുടെ ഔദ്യോഗിക ചുമതലകളൊന്നും റമ്പാന്മാർക്കു നൽകാറില്ല. എന്നാൽ ഈ നിയമവും വാളക്കുഴി റമ്പാച്ചനിൽ തിരുത്തപ്പെട്ടു. അദ്ദേഹത്തെ രണ്ട് ചുമതലകൾ ഏൽപിച്ചു. മലങ്കര മെത്രാപ്പോലീത്ത, കാതോലിക്ക ബാവാ എന്നിവരുടെ പ്രത്യേക സഹായി എന്ന ചുമതലയും സെമിനാരിയുടെ മാനേജർ എന്ന പദവിയുമായിരുന്നു അവ. സഭാ സാരഥികളുടെ സഹായിയായി പ്രവർത്തിക്കേണ്ടി വന്നതിനാൽ ആ പിതാക്കന്മാരുമായി വളരെ ആഴമുള്ള ബന്ധം ആർജ്ജിക്കുവാൻ സാധിച്ചു. അതുമൂലം സഭയുടെ വിശ്വാസാചാരങ്ങൾ,ഭരണകാര്യങ്ങൾ ഇവയെപ്പറ്റി വളരെ ഗഹനമായ അവഗാഹം സ്വായത്തമാക്കുവാൻ റമ്പാച്ചനു കഴിഞ്ഞു. ഈ നിലയിൽ ഒരു വർഷവും ഒരു മാസവും തുടർന്നു. പിന്നീട് മെത്രാഭിഷേകത്തീയതി നിശ്ചയിക്കപ്പെട്ടു; 1933 മെയ് 25-ാം തീയതി.

കേവലം മുപ്പത്തൊൻപതാം വയസ്സിൽ വാളക്കുഴി റമ്പാച്ചൻ ഗീവർഗീസ് മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായിൽനിന്നും ജോസഫ് മാർ സേവേറിയോസ് എന്ന പേരിൽ അഭിഷിക്തനായി. തിരുവല്ലാ ബഥനിപ്പള്ളിയിൽ വച്ചു നടന്ന മെത്രാഭിഷേകത്തിൽ സഹകാർമ്മികരായിരുന്നത് മലങ്കര ഇടവകയുടെ ഗീവർഗീസ് മാർ ദിവന്നാസ്യോസ്, കോട്ടയം ഇടവകയുടെ മാർ ഗ്രിഗോറിയോസ്,തുമ്പമൺ ഇടവകയുടെ മാർ പീലക്സിനോസ് എന്നിവരായിരുന്നു.



നിരണം ഇടവകയുടെ മെത്രാനായിട്ടാണ് മാർ സേവേറിയോസ് അഭിഷിക്തനായത്. അന്നു മുതൽ നവാഭിഷിക്തൻ പരുമല സെമിനാരിയിൽ താമസിച്ച് നിരണം ഭദ്രാസനത്തെ നയിച്ചുപോന്നു. പരിശുദ്ധ പരുമല ത്തിരുമേനിയുടെ വാസഗൃഹമായ പരുമല സെമിനാരിയിലെ താമസം നവാഭിഷിക്തന് വലിയ അനുഗ്രഹമായിത്തോന്നി.

www.malankaralibrary.com

ഒൻപത്

# അനുഭവം വഴിനടത്തുന്നു

**ഓ**ർത്തഡോക്സ് സഭ ആയിടയ്ക്ക് പരിഷ്ക്കരിച്ച ഭരണക്രമം എല്ലാ പള്ളികളിലും നടപ്പാക്കാൻ സഭാനേതൃത്വം നന്നേ ശ്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഈ നവീന ഭരണക്രമങ്ങൾ പാതിക്കാട് ഇടവകയിൽ നടപ്പാക്കാൻ വാളക്കുഴിയച്ചനും ഉത്സാഹിച്ചിരുന്നു. നിരണം ഭദ്രാസനത്തിന്റെ ചുമതല കൈവന്നതോടെ അവിടെയെല്ലാം പരിഷ്കൃത ഭരണക്രമം പ്രായോഗികമാക്കാനായി അഭിനവമെത്രാപ്പോലീത്ത ശ്രമം തുടർന്നു. എന്നാലത് വളരെ ദുഷ്ക്കരമായി തോന്നി. ശീലിച്ചു പഴകിയ ആചാരങ്ങളിൽ നിന്നും വ്യതിചലിക്കാൻ ജനം മടിച്ചു. പല കുടുംബങ്ങൾക്കും കൽപ്പിച്ചു കൊടുത്തിരുന്ന പ്രത്യേക സ്ഥാനമാനങ്ങളും അവകാശങ്ങളും ഈ പരിഷ്കൃത ഭരണ സംഹിതയിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു. അതിനാൽ കാലകാലങ്ങളായി ആ ആനുകൂല്യങ്ങൾ അനുഭവിച്ചുപോന്നിരുന്ന ആഢ്യഗൃഹസ്ഥർ പ്രതികൂലിച്ചു. ഇങ്ങനെ, ഇടവക ഭരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ ഇച്ഛാഭംഗം അനുഭവിക്കേണ്ടിവന്നതിൽ മാർ സേവേറിയോസ് അത്യന്തം ദുഃഖിതനായി. പുത്തരിയിൽ കല്ലു കടിച്ച മാതിരിയുള്ള ദുരവസ്ഥ.

ഇക്കാലയളവിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി രോഗാവസ്ഥയിലായി. ഈ വാർത്ത ആ പുണ്യ പിതാവിന്റെ ഉത്തമശിഷ്യനും ആത്മീയ പുത്രനുമായ മാർ ഈവാനിയോസ് തിരുമേനിയെ അഗാധ ദുഃഖത്തിലാഴ്ത്തി. മരണാസന്നനായ വട്ടശ്ശേരിൽ തിരുമേനിയെ പഴയ സെമിനാരിയിൽ ചെന്ന് സന്ദർശിക്കാൻ മാർ ഈവാനിയോസ് പുറപ്പെട്ടു. കാണുന്ന മാത്രയിൽ മാർ ഈവാനിയോസിനെ വധിക്കണമെന്നു ശഠിച്ചിരുന്ന വിരോധികളുടെ നടുവിലൂടെയാണീ ആർച്ചുബിഷപ്പിന് യാത്ര ചെയ്യേണ്ടി വന്നത്. എന്നാൽ അവരുടെ ഇടയിലേക്ക് പുനരൈക്യത്തിന്റെ ആ മഹാചാര്യൻ സധൈര്യം കടന്നുചെന്നു. മരണാസന്നനായ വട്ടശ്ശേരിൽ തിരുമനസ്സിനെ ചെന്നു കണ്ട് അദ്ദേഹം അനുഗ്രഹം വാങ്ങി. ഏറെ നാളുകൾക്കുശേഷം, തന്റെ ഉറ്റ ശിഷ്യനായിരുന്ന മാർ സേവേറിയോസിനെ അവിടെ വച്ച് ആർച്ച് ബിഷപ്പ് കാണാനിടയായി. മാർ ഈവാനിയോസ് അടുത്തു ചെന്ന് അദ്ദേഹത്തോടു സംസാരിച്ചിട്ടും കടുത്ത വിരോധത്തിൽ അദ്ദേഹം ജ്വലിച്ചു നിൽക്കുകയായിരുന്നു. സംസാരിച്ച വിഷയം പുനരൈക്യം തന്നെയായിരുന്നു. താൻ ദീർഘകാലത്തെ പഠനമനനങ്ങൾക്കും അഗാധമായ പ്രാർത്ഥനയ്ക്കുംശേഷം കണ്ടെത്തിയ സത്യപ്രകാശത്തെ ആരുടെ മുമ്പിലും തുറന്നവതരിപ്പിക്കുവാൻ സന്നദ്ധനായിരുന്നു മാർ ഈവാനിയോസ് തിരുമേനി. അവസാനം അദ്ദേഹത്തോട് ഇത്രമാത്രം പറഞ്ഞവസാനിപ്പിച്ച് പഴയസെമിനാരിയിൽ നിന്നും ഇറങ്ങിപ്പോരുകയായിരുന്നു,ആർച്ച് ബിഷപ്പ്, "അനുഭവം മെത്രാച്ചനെ നേർവഴിക്കു നടത്തട്ടെ."



എന്നാൽ ആ ഉപദേശം ചെവിക്കൊള്ളാൻ മാർ സേവേറിയോസ് കൂട്ടാക്കിയില്ല. ഉറച്ച കാൽവയ്പുകളോടെ അദ്ദേഹം ഓർത്തഡോക്സ് സഭയുടെ ശക്തീകരണാർത്ഥം ഉണർന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ നിരണം ഭദ്രാസനത്തിന്റെ ആത്മീയ-ഭൗതിക പുരോഗതികൾക്കായി നാലരക്കൊല്ലം അദ്ദേഹം കർമ്മനിരതനായി. പക്ഷേ അദ്ദേഹം ലക്ഷ്യം വച്ച തരത്തിലൊന്നും കാര്യങ്ങൾ സഫലമായില്ല. ജനം അനുസരണം കെട്ട കോലാടുകളെപ്പോലെ എതിർക്കുകയായിരുന്നു. വൈദികാധികാരത്തോടുള്ള വിരോധം അവരിൽ പ്രകടമായിരുന്നു. കർമ്മവീഥികളിലെല്ലാം നാനാവിധത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞിരുന്നു. എന്തോ ഒരു ദൗർഭാഗ്യവും അനുഗ്രഹരാഹിത്യവും തന്നെ ചൂഴ്ന്നു നിൽക്കുന്നതുപോലെ അദ്ദേഹത്തിന് അനുഭവപ്പെട്ടു. അതിനാൽ ഊർജ്ജ്വസ്വലതയും പ്രസരിപ്പും തീരെ മങ്ങി ചിന്താക്ലാന്തനും നിരാശനുമായിത്തീർന്നു തിരുമേനി. എന്നാൽ അന്തഃഛിദ്രം വർദ്ധിച്ച യാക്കോബായ സമുദായത്തിൽ നിന്നും ഇറങ്ങി ഏക സാർവ്വത്രിക സഭയായ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട മാർ ഈവാനിയോസും അനുചരന്മാരും എത്ര വലിയ ഉന്മേഷത്തോടും ആനന്ദത്തോടുമാണ് വിരാജിക്കുന്നതെന്നും അദ്ദേഹം കണ്ടറിഞ്ഞു. 'നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ക്രിസ്തു കൽപ്പന നടപ്പാക്കണമെങ്കിൽ വിശ്വമെങ്ങും വ്യാപിച്ചിട്ടുള്ള-ലോകത്തിന്റെ ഓരോ കോണിലും കടന്നു ചെന്നിട്ടുള്ള കത്തോലിക്കാ സഭയിൽ അംഗത്വം നല്ലതാണെന്ന ചിന്തയും മാർ സേവേറിയോസിൽ അങ്കുരിച്ചു. മാർ ഈവാനിയോസ് മെത്രാപ്പോലിത്ത അവസാനമായി തന്നെ ഗുണദോഷിച്ച് 'അനുഭവം മെത്രാച്ചനെ നേർവഴിക്ക് നടത്തും' എന്നു പറഞ്ഞതും ശിഷ്യനായ മാർ സേവേറിയോസിന്റെ ഉള്ളിൽ ശക്തമായി മുഴങ്ങി.

www.malankaralibrary.com



പത്ത്

# സത്യാന്വേഷകൻ

മനസ്സ് അസ്വസ്ഥമായി ഇളകി മറിയുകയായിരുന്നു. സമാധാനത്തിനായി മുറിയിൽ കടന്ന് കതകടച്ച് ഏകാന്ത പ്രാർത്ഥനയിൽ മുഴുകി. പ്രാർത്ഥന കഴിഞ്ഞ് വിശുദ്ധ വേദപുസ്തകം എടുത്തു നിവർത്തി. ആദ്യം കണ്ണിൽപെട്ടത് വി.ലൂക്കായുടെ സുവിശേഷം 11-ാം അദ്ധ്യായം 23-ാം വാക്യം,"എന്നോടു കൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു. അങ്ങനെയുള്ളവർ ചിതറിക്കപ്പെടും."

ക്രിസ്തുവിനോടുകൂടെ നിൽക്കുക എന്നു പറഞ്ഞാൽ എന്താണർത്ഥം? ക്രിസ്തു സ്ഥാപിച്ച ഒരേ ഒരു സഭയോടൊപ്പം നിൽക്കുക എന്നല്ലേ? ആ സഭ ഏതാണ്? താൻ നിലകൊള്ളുന്ന യാക്കോബായ സഭയാണോ? അതോ അതിനേക്കാൾ നാലു നൂറ്റാണ്ടോളം ഏറെ പുരാതനത്വമുള്ള കത്തോലിക്കാ സഭയോ? ശരിയുത്തരം എത്രയും വേഗം കിട്ടിയേ മതിയാകൂ. പരുമലക്കെട്ടിടത്തിലെ പുരാതനമായ ഗ്രന്ഥശേഖരമെല്ലാം മാർ സേവേറിയോസ് പരിശോധിച്ചു. അവശ്യം വേണ്ട ചരിത്ര കൃതികളും മറ്റും തെരഞ്ഞെടുത്ത് രാപകൽ പഠനത്തിൽ മുഴുകി. യാക്കോബായ സഭയിലെ ചിന്തകന്മാർ പോലും ഒരൊറ്റ അധികാരി തലവനായുള്ള സാർവ്വത്രികമായ സഭയുടെ മഹത്വത്തെപ്പറ്റി പ്രകീർത്തിച്ചിരിക്കുന്നതായി അദ്ദേഹം കണ്ടെത്തി. ഈ ഏകീകൃത ഭരണത്തെ സ്വേച്ഛാധികാര ഭരണമെന്നു പുച്ഛിച്ചിരുന്ന അദ്ദേഹം വിഭാഗീയവും സ്വതന്ത്രവുമായ സഭാഭരണത്തിലാണ് അതുവരെ വിശ്വാസമർപ്പിച്ചിരുന്നത്. എന്നാൽ ഏകസഭയുടെ വിവിധ ശാഖകൾക്ക് പ്രാദേശിക ഭരണാധിപന്മാരുണ്ടായിരിക്കേ തന്നെ അവരെയെല്ലാം ഏകോപിപ്പിക്കത്തക്ക വിധത്തിൽ ഒരു പൊതു മേലധികാരി ഉണ്ടെങ്കിൽ മാത്രമേ ഭരണപരവും വിശ്വാസപരവുമായ ഏകത്വം കർശനമായി പാലിക്കപ്പെടൂ എന്നചിന്ത സേവേറിയോസ് തിരുമേനിയിൽ ക്രമേണ ശക്തിപ്പെട്ടു. ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനാ പുസ്തകത്തിൽ നിന്നു തന്നെ പത്രോസിന്റെ പ്രഥമവും പ്രധാനവുമായ (റീശോ ഉറാബോ) പദവിയെപ്പറ്റി ബോധ്യപ്പെട്ടു. പത്രോസിനു സഭയിൽ പരമാധികാരം കൊടുത്തതു ക്രിസ്തു നാഥനാണെന്നും ആ സത്യം നിഷേധിക്കുന്നത് അതിനാൽത്തന്നെ മഹാപാപമാണെന്നും ഈ മൂപ്പുസ്ഥാനം നിലനിൽക്കാത്തതാണ് ഛിന്നഭിന്നതകൾക്കു കാരണമെന്നും തിരുമേനി തിരിച്ചറിഞ്ഞു.

സത്യചരിത്രങ്ങളുടെ വായനാ വെളിച്ചം സേവേറിയോസ് തിരുമേനിയുടെ മനസ്സിൽ അരിച്ചിറങ്ങിത്തുടങ്ങി. ഈ വെളിച്ചം നേരത്തേ ലഭിച്ച് പുനരൈക്യപ്പെട്ട ജ്യേഷ്ഠൻ വി. ഒ. വർഗീസിന്റെ പേർക്ക് മാർ സേവേറിയോസ് ഇപ്രകാരം എഴുതി, "ഞാൻ പ്രാർത്ഥനാപൂർവ്വം മുൻവിധി കൂടാതെ ചിന്തിക്കുകയാണെന്നു മാത്രമേ പറയാനുള്ളൂ."

കൂടാതെ, മാർ ഈവാനിയോസ് തിരുമേനി മലങ്കര റീത്തു സമാരംഭിച്ചപ്പോൾ മലയാളമനോരമ പത്രത്തിലൂടെ അദ്ദേഹം എഴുതിയ ലേഖനത്തിലെ ഏതാനും വാക്യങ്ങളും മാർ സേവേറിയോസിനെ ചിന്തിപ്പിച്ചു ആ വാക്യങ്ങൾ. ഇവയായിരുന്നു; "ഞനൊരു യാക്കോബായക്കാരനായി ജനിക്കുകയും വളർത്തപ്പെടുകയും ചെയ്തു. അതിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചു. എന്റെ ശിഷ്ടായുസ്സും അതിനുവേണ്ടി വിനിയോഗിക്കും."

പുനരൈക്യപ്പെട്ടതിനുശേഷം തന്റെ പൂർവ്വസഭയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കാൻ കഴിയുമെന്ന ആശയം മാർ സേവേറിയോസിന് ആകർഷകമായി തോന്നി. എങ്കിലും ശക്തമായ ഒരു തീരുമാനം കൈക്കൊണ്ടു മുന്നോട്ടു പോകാൻ വയ്യാതെ മനസ്സു പതറുകയായിരുന്നു.

1113 വൃശ്ചികം 4-ന് ജ്യേഷ്ഠന്റെ പേർക്ക് അദ്ദേഹം എഴുതിയ ഈ കുറിമാനം തന്നെ അതിനുദാഹരണം;

"...ഒരു ഡെഫിനിറ്റ് സ്റ്റെപ്പ് എടുത്തതായി വിചാരിക്കരുതേ. മുൻവിധി കൂടാതെ ചിന്തിക്കുന്നതിന് എന്നെത്തന്നെ വിധേയനാക്കിയിരിക്കുകയാണ്. ദൈവത്തിന് ഇഷ്ടമുള്ളിടത്ത് എന്നെ കൊണ്ടുചെന്നടുപ്പിക്കും."

കുറച്ചുനാൾക്കൂടി കഴിഞ്ഞ് വീണ്ടും തന്റെ ഉറ്റ ചങ്ങാതിമാരോട് തിരുമേനി പറഞ്ഞ ചില ആശയങ്ങൾ, അദ്ദേഹത്തിന്റെ മനോനിലയിൽ ക്രമാനുഗതമായി വർദ്ധിച്ചു വരുന്ന പുനരൈക്യാഭിമുഖ്യമാണ് വ്യക്തമാക്കുന്നത്.

"യാക്കോബായ സഭയുടെ കുത്തഴിവ് കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം കൊണ്ടു പരിഹരിക്കാൻ കഴിഞ്ഞേക്കും." മറ്റൊരിക്കൽ

www.malankaralibrary.com



ആ സംഭാഷണം ഏതാണ്ടൊരു തീരുമാനത്തിലെത്തിയ മട്ടിലുള്ളതായിരുന്നു; "ഓർത്തഡോക്സ് സഭാഭരണം വിട്ടുപേക്ഷിച്ചാലോ എന്നുപോലും ചിലപ്പോൾ ചിന്തിക്കാറുണ്ട്."

യാക്കോബായ വിശ്വാസമല്ലാതെ നിത്യരക്ഷയ്ക്ക് മറ്റൊന്ന് ഉതകുകയില്ലെന്നു ഉറച്ചു വിശ്വസിച്ച മെത്രാപ്പോലിത്തയുടെ ചുണ്ടുകൾ തന്നെയാണ് ഇപ്രകാരം പറഞ്ഞത്. ചരിത്ര സത്യങ്ങളും സ്വന്തം സമുദായത്തിലെ തന്നെ പൂർവ്വഗാമികളുടെ മനോഭാവങ്ങളും ഗ്രഹിച്ച അദ്ദേഹത്തിന് ഇപ്പോൾ മാത്രമാണ് യഥാർത്ഥമായ സഭാദർശനം സംലബ്ധമായത്. പണ്ഡിതനും പുണ്യപിതാവുമായിരുന്ന വട്ടശ്ശേരിത്തിരുമേനിപോലും കത്തോലിക്കാ സഭയുടെ ആരാധകനായിരുന്നുവെന്ന് മാർ സേവേറിയോസിന് അറിയാമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയെ പുനരൈക്യത്തിന് നിർബന്ധിച്ചത് വട്ടശ്ശേരിത്തിരുമേനിയുടെ നേതൃത്വത്തിലുള്ള ഓർത്തഡോക്സ് സഭാ സൂനഹദോസായിരുന്നു. വട്ടിപ്പണക്കേസിൽ തോറ്റുപോകുമെന്നുറപ്പുള്ള സാഹചര്യത്തിൽ കത്തോലിക്കാ സഭാ പ്രവേശം മാത്രമേ കരണീയമായി അദ്ദേഹം കണ്ടിരുന്നുള്ളു. തത്ത്വത്തിൽ കത്തോലിക്കാ-യാക്കോബായ വിശ്വാസം ഏതാണ്ട് ഒന്നുതന്നെയാണെങ്കിലും ഓർത്തഡോക്സ് സഭ പത്രോസിന്റെ പരമാധികാരത്തെ അംഗീകരിക്കുകയോ ആ ശ്രേഷ്ഠപാരമ്പര്യത്തിന്റെ തുടർച്ചയായ മാർപ്പാപ്പാമാർക്ക് വിധേയപ്പെടുകയോ ചെയ്യുന്നില്ല എന്നതാണ് പ്രധാനമായ വ്യത്യാസം, ഇക്കാര്യത്തിലും മാർ സേവേറിയോസ് ഉറച്ച തീരുമാനത്തിലേക്കു നീങ്ങുന്നതായി വിവരിച്ച് തിരുമേനിയുടെ ജീവചരിത്രകാരനും ജ്യേഷ്ഠനുമായ വി.ഒ വർഗീസ് ഇപ്രകാരം വിവരിക്കുന്നു;

"അപ്പസ്തോലന്മാരെല്ലാം സമന്മാരാണെങ്കിലും സഭയുടെ ഏകത്വവും, വിശ്വാസത്തിലും,ഭരണത്തിലുമുള്ള, ഐക്യരൂപ്യവും സംരക്ഷിക്കുന്നതിന് അവരിലൊരാളെ അധികാരമുള്ള തലവനായി കർത്താവ് നിയമിച്ചു എന്നും ആ അധികാര നേതൃത്വത്തിന്റെ പിന്തുടർച്ച അഭംഗമായി റോമ പാത്രയർക്കീസിൽ സ്ഥിതിചെയ്തു വരുന്നു എന്നും ആ പാത്രയർക്കീസിനോട് ഐക്യതയിൽ ഇരിക്കേണ്ടത് സത്യസഭയുടെ സജീവാംഗമായിരിക്കുന്നതിന് അത്യാവശ്യമാണെന്നും ഈ പരമാധികാരത്തെ ആദരിച്ചനുസരിക്കാത്തതാണ് യാക്കോബായ സഭ മുതലായ അകത്തോലിക്കാ സമുദായങ്ങളുടെ ഛിന്നഭിന്നതകൾക്കു കാരണമെന്നും മാർ സേവേറിയോസ് തിരുമേനി അന്തരംഗത്തിൽ അവസാന തീർപ്പെഴുതി."

പതിനൊന്ന്

# അഭിനവശൗലിന്റെ മാനസാന്തരം

സത്യാവബോധം മനസ്സിൽ ദൃഢപ്പെട്ടെങ്കിലും മുന്നോട്ടുള്ള പ്രയാണത്തിനു വഴി തുറന്നുകിട്ടുന്നില്ല. സത്യപൂർണ്ണതയിലേക്കാനയിക്കാൻ ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ട് ദിനരാത്രങ്ങൾ അദ്ദേഹം തള്ളിനീക്കി. 1113-ാം ആണ്ട് വൃശ്ചികം 11-ാം തീയതിയിൽ തിരുവല്ലാ ബഥനി പള്ളിയുടെ മുറ്റത്ത് പ്രാർത്ഥനയിൽ മുഴുകി നിന്ന ഒരു പാതിരാവിൽ എവിടെനിന്നോ ശക്തമായ ഒരു പ്രേരണ അദ്ദേഹത്തിന്റെ മനസ്സിൽ നിറയുന്നതായി തോന്നി. ലോകരക്ഷകനായ യേശുക്രിസ്തു സ്ഥാപിച്ച ഏക സത്യസഭ കത്തോലിക്കാ സഭയാണെന്നും ആ സഭയോടു ചേരുന്നതിന് യാതൊരു അമാന്തവും പാടില്ലെന്നും ഹൃദയത്തിലിരുന്ന് ആരോ ഉറക്കെ വിളിച്ചു പറയുന്നതായി തോന്നി. മുണ്ടൻമല വിട്ടിറങ്ങാൻ മാർ ഈവാനിയോസ് തിരുമേനിയെ ദൈവാത്മാവ് പ്രേരിപ്പിച്ചതുപോലെ.

ഇനി, തെല്ലും വൈകാതെ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുവാൻ തിരുമേനി തീരുമാനിച്ചു കഴിഞ്ഞു. കത്തോലിക്കാ സഭയുടേതായി മൂന്നു റീത്തുകൾ ഇന്ത്യരാജ്യത്തു നിലവിലുണ്ടെങ്കിലും അവയിലേതിൽ അംഗത്വം നേടണം എന്ന കാര്യത്തിൽ രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ക്രാന്തദർശിയായ ഗുരുനാഥൻ നാലരക്കൊല്ലം റോമുമായി നിരന്തരബന്ധം പുലർത്തി അനുവദിച്ചെടുത്ത മലങ്കര കത്തോലിക്കാ സഭയുള്ളപ്പോൾ ലത്തീൻ സഭയിലോ സീറോമലബാർ സഭയിലോ ചേക്കേറേണ്ട കാര്യമില്ല. എല്ലാ റീത്തുകളുടെയും വിശ്വാസം ഒന്നുതന്നെയാണെങ്കിലും ആചാരപരമായ കാര്യങ്ങളിലും മറ്റും വൈവിധ്യങ്ങൾ ഉണ്ട്. എന്നാൽ യാക്കോബായ-ഓർത്തഡോക്സ്-മാർതോമാ സഭകളിൽപ്പെട്ട

www.malankaralibrary.com



ഏതൊരംഗത്തിനും അതേ സംസ്കാരശീലങ്ങളുടെ ശുദ്ധമായ തുടർച്ചയായി പുതിയ റീത്തായ മലങ്കര കത്തോലിക്കാസഭയെ കാണാം.

മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ട നാൾ മുതൽ അദ്ദേഹത്തിനെതിരെ പ്രതിരോധ സന്നാഹം ശക്തിപ്പെടുത്തിയ വ്യക്തിയാണ് ഇപ്പോൾ ആ ഗുരുസവിധത്തിൽ ഓടിയെത്തി പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യം പരമരഹസ്യമായി വച്ചുകൊണ്ടു വേണം പുനരൈക്യപ്പെടുവാൻ. വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാനായി നേരത്തേ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച സ്വജേഷ്ഠനെത്തന്നെ ചുമതലപ്പെടുത്തി.

'അനുഭവം മെത്രാച്ചനെ നേർവഴിക്കു നടത്തും' എന്ന ഗുരുപ്രവചനം സഫലമാകുകയാണ്. പുനരൈക്യത്തിലേക്കുള്ള ഓരോ ചുവടുവെയ്പും മാർ സേവേറിയോസ് അപ്പപ്പോൾ മാർ ഈവാനിയോസിനെ അറിയിച്ചുകൊണ്ടിരുന്നു. എത്രയും വേഗം തിരുവനന്തപുരത്തു ചെന്ന് പുനരൈക്യപ്പെടുവാനുള്ള നിർദ്ദേശവും ഗുരുനാഥനിൽ നിന്നും ലഭിച്ചുകഴിഞ്ഞു. അതിൻപ്രകാരം നിരണം ഭദ്രാസനത്തോട് എന്നേക്കുമായി വിടപറയാൻ മാർ സേവേറിയോസ് ഒരുങ്ങി. രാജിക്കത്തെഴുതി കാതോലിക്കാ ബാവായെ ഏൽപിച്ച ശേഷം പോകാനായിരുന്നു ആലോചന. എന്നാൽ അതു രൂക്ഷമായ പ്രതികരണങ്ങൾക്ക് കാരണമാകുമെന്ന ചിന്തയാൽ അതീവ രഹസ്യമായിത്തന്നെ വിടപറയുവാനായിരുന്നു തീരുമാനം. പുനരൈക്യപ്പെടുന്ന ദിനത്തിൽ മാത്രം രാജിക്കത്തു സഭാധികാരിക്കു നൽകിയാൽ മതിയെന്നു കരുതി. എങ്കിലും വിശദമായ രാജിക്കത്തിന്റെ കരടുരൂപം തയ്യാറാക്കി സൂക്ഷിച്ചിരുന്നു.ഈ രാജിക്കത്തു തയ്യാറാക്കുന്നതിൽ മാർ സേവേറിയോസിനെ സഹായിച്ചവർ ചൂളപ്പറമ്പിൽ തിരുമേനി, പ്ലാസിഡ് അച്ചൻ, മാരേട്ടു പീലിപ്പോസ് ജഡ്ജി എന്നിവരായിരുന്നു. പുനരൈക്യതീരുമാനം കൈക്കൊണ്ട തിരുമേനി 3-10-1937-ൽ പരി. മാർപാപ്പായ്ക്കും ഇപ്രകാരമെഴുതി.

"സ്നേഹനാഥനായ കർത്താവിന്റെ അനുഗ്രഹത്താൽ അപ്പസ്തോലനായ വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ പരിശുദ്ധ പിതാവിനോടുള്ള അനുസരണത്തിലും ഐക്യത്തിലും ജീവിക്കേണ്ടത് ദൈവത്തിന്റെ തിരുവിഷ്ടമാണെന്ന് എനിക്കിപ്പോൾ പരിപൂർണ്ണ ബോദ്ധ്യം വന്നിരിക്കുന്നു. തൻനിമിത്തം പരിശുദ്ധ പിതാവ് എന്നെ കരുണാപൂർവ്വം സ്വീകരിക്കണമെന്ന് എത്രയും വിനീതപൂർവ്വം അപേക്ഷിക്കുന്നു."

വിടപറയുന്നതിനു മുൻപ് നിരണം ഭദ്രാസനത്തിന്റെ കണക്കുകളെല്ലാം കൃത്യമായി എഴുതിവച്ചു. സ്വന്തം പുസ്തകങ്ങളും സാധനങ്ങളും



മുറിയിൽ അടുക്കിവെച്ചു. എന്നാൽ കുർബ്ബാനപ്പെട്ടിമാത്രം എടുത്ത് 1937 നവംബർ 29-ന് രാവിലെ 8 മണിക്ക് അദ്ദേഹം സ്വന്തം കാറിൽ തിരുവനന്തപുരത്തേക്കു യാത്ര തിരിച്ചു. അതേ നേരത്ത് കാർത്തികപള്ളിയിൽ ഒരു പരിപാടിക്കു പോകാൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നതിനാൽ തിരുമേനിയുടെ തിരോത്ഥാനത്തിൽ ആർക്കും യാതൊരു സംശയവും തോന്നിയുമില്ല. കുറേനാളായി പുനരൈക്യ പ്രസ്ഥാനത്തിനെതിരായി പഴയതുപോലെ ശൗര്യം കാട്ടാറില്ലാതിരുന്ന സേവേറിയോസ് തിരുമേനിയുടെ മനോഭാവത്തിൽ ഓർത്തഡോക്സ് സഭാവിശ്വാസികൾക്ക് സംശയം തോന്നിയിരുന്നെങ്കിലും അദ്ദേഹം സഭ വിട്ടുപോകുമെന്ന് ആരും കരുതിയിരുന്നില്ല. അതേസമയം, മാർ സേവേറിയോസിന്റെ പുനരൈക്യത്തിനായി ധാരാളം കത്തോലിക്കർ നിരന്തരം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. തിരുവല്ലാ രൂപതയുടെ അന്നത്തെ വികാരി ജനറൽ ആയിരുന്ന ഫാ. ഗീവർഗീസ് ഒ.ഐ.സി. ഇവിടെയും വിദേശങ്ങളിലും പരിചയമുള്ള ധാരാളം ആശ്രമങ്ങളിലും മഠങ്ങളിലും മാർ സേവേറിയോസിന്റെ പുനരൈക്യത്തിനുവേണ്ടി അഖണ്ഡ പ്രാർത്ഥനായജ്ഞം നടത്തിച്ചിരുന്നു.

തിരുവനന്തപുരത്തേയ്ക്ക് യാത്രതിരിച്ച സേവേറിയോസ് തിരുമേനിയുടെ കാറിന് പുറകേ മറ്റൊരു കാറിൽ വി.ഒ. വർഗീസ്, കയ്യാലത്തു കെ.വി.അബ്രഹാം, മേളാംപറമ്പിൽ ഉമ്മൻ, ഫാ. ഗീവർഗീസ് ഒ.ഐ.സി. എന്നിവരും പുറപ്പെട്ടു. തുടർന്നുണ്ടായ സംഭവങ്ങൾ, മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി ഈ ഗ്രന്ഥകാരൻ എഴുതിയ 'മലങ്കരസൂര്യൻ' എന്ന ജീവചരിത്രത്തിൽ നിന്നും ഉദ്ധരിക്കട്ടെ.

"മാർ ഈവാനിയോസ് തിരുമേനി അന്ന് നാലാഞ്ചിറ ബഥനി ആശ്രമത്തിലായിരുന്നു. ആയുർവേദവിധിപ്രകാരം പിഴിച്ചിൽ നടത്തി വിശ്രമിക്കുന്നു. മാർ തെയോഫിലോസ് തിരുമേനിയും പിഴിച്ചിൽ നടത്താൻ ചെല്ലാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ എഴുന്നേറ്റു നിൽക്കാൻ പോലും വയ്യാത്തവിധം അദ്ദേഹം അവശനായി കിടക്കുന്നു. എന്തോ മാരക രോഗം അദ്ദേഹത്തെ അടിച്ചു വീഴ്ത്തിയിരിക്കുന്നു. ഓർമ്മപോലും നഷ്ടമാകുന്നു.

അദ്ദേഹം തിരുവല്ലാ രൂപതയെ നല്ല നിലയിൽ പടുത്തുയർത്തുകയായിരുന്നു. ധാരാളം മിഷനുകളായി, അനേകം പള്ളികൾ ഉയർന്നു കഴിഞ്ഞു. പക്ഷേ അതിന്റെയെല്ലാം ശിൽപിയിതാ വീണുകിടക്കുന്നു.

ആശ്രമത്തിൽ വിശ്രമിക്കുകയാണെങ്കിലും മാർ ഈവാനിയോസിന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. പ്രയാസങ്ങളെല്ലാം ദൈവതിരുമുമ്പാകെ സമർപ്പിച്ച് നെഞ്ചത്തടിച്ച് അദ്ദേഹം പ്രാർത്ഥിച്ചു "ജഗദീശാ.... തിരുവല്ലാ രൂപതയെ അനാഥമാക്കല്ലേ."

ഉടൻ മാനേജർ ചാക്കോച്ചൻ അത്യാഹ്ലാദപൂർവ്വം ഓടിവന്ന് അറിയിച്ചു.

www.malankaralibrary.com



"പിതാവിനെ കാണാൻ ആരാ വന്നിരിക്കുന്നതെന്ന് നോക്കിക്കേ."

കാര്യം വ്യക്തമായിലെങ്കിലും പിതാവ് സ്വീകരണമുറിയിലെത്തി. അവിടാരുമില്ല. 'എവിടെ?' എന്ന അർത്ഥത്തിൽ പിതാവ് ചാക്കോയെ നോക്കി.

ചാക്കോച്ചൻ വെളിയിലേക്ക് വിരൽ ചൂണ്ടിപറഞ്ഞു; "പിതാവിനെ കണ്ട് അനുവാദം വാങ്ങിയിട്ടേ അകത്തു കടക്കൂ എന്നു വാശിപിടിച്ച് ദാ.... മുറ്റത്തു നിൽക്കുന്നു."

പിതാവ് വെളിയിലേക്കു നോക്കി.

അവിശ്വസനീയമായിരുന്നു ആ കാഴ്ച.

തന്റെ ഉദ്യമങ്ങളെ വെട്ടിമുറിക്കാൻ അങ്കം കുറിച്ച എതിരാളി. പഴയ ഗാഢബന്ധം പോലും മറന്ന് തനിക്കെതിരെ പ്രസംഗിച്ചു നടന്ന തന്റെ പൂർവ്വശിഷ്യൻ.

ചൂളമരങ്ങൾ ഇലപൊഴിക്കുന്ന ആശ്രമമുറ്റത്ത് പച്ചപ്പുൽപ്പരപ്പിൽ പശ്ചാത്താപത്തോടെ നിൽക്കുകയാണ് മാർ സേവേറിയോസ് തിരുമേനി. പിതാവ് ഇരുകരങ്ങളും വിരിച്ച് ഓടിയിറങ്ങി കൊച്ചു മെത്രാനെ സഗാഢം പുണർന്നു. പിന്നിൽ, ചാക്കോച്ചന്റെ ആഹ്ലാദവാണി അപ്പോഴും ഉയർന്നു.

" പിതാവിന്റെ ദീർഘകാലമായ കാത്തിരിപ്പിന് അങ്ങനെ വിരാമമായി."

പിതാവ് വാത്സല്യത്തോടെ ചോദിച്ചു... "സുഖമാണോ മെത്രാച്ചാ?"

"സുഖം തേടി പിതാവിന്റെ പക്കൽ വന്നതാണു ഞാൻ. അവിടുന്നെന്നെ കൈക്കൊള്ളണം."

"അതിന്, ഞാനൊരിക്കലും ഉപേക്ഷിച്ചിട്ടില്ലല്ലോ.

...ആകട്ടെ, വല്ലതും കഴിച്ചോ? ഇല്ലെങ്കിൽ വാ അതുകഴിഞ്ഞുമതി ബാക്കി..."

"ഇല്ല പിതാവേ, അങ്ങെന്നെ സ്വീകരിക്കുന്നതുവരെ എനിക്ക് ഉപവാസമാണ്."

"നമുക്കെതിരെ വീറോടെ പൊരുതുമ്പോഴും ഒരു കാര്യം ഉറപ്പുണ്ടായിരിന്നു, ശൗലിനെപ്പോലെ മെത്രാച്ചൻ തിരിച്ചു വരുമെന്ന്. ദൈവം എത്രയോ കാരുണ്യവാനാണ്. അല്ലെങ്കിൽ ഈ ദുർഘടാവസ്ഥയിൽത്തന്നെ ഈ വരവ് ഉണ്ടാകുമായിരുന്നോ?"

പൊരുളറിയാതെ മാർ സേവേറിയോസ് ആരാഞ്ഞു;



"ഞാൻ മൂലം പരിഹരിക്കപ്പെടേണ്ട എന്തു ദുർഘടാവസ്ഥയാണ് പിതാവേ ഉള്ളത്?"

" തെയോഫിലോസ് തിരുമേനി രൂപതാ ഭരണത്തിൽ നിന്നും വിരമിച്ചു"

വിവരങ്ങളറിഞ്ഞ് മാർ സേവേറിയോസ് ദുഃഖിതനായി. "തെയോഫിലോസ് തിരുമേനി സുഖമില്ലാതെ കഴിയുകയാണെന്നു മാത്രമേ ഞാനറിഞ്ഞിരുന്നുള്ളൂ. വന്നു കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു. എങ്കിലും സാധിച്ചില്ല. പിതാവേ, എത്രയും വേഗം എനിക്ക് പുനരൈക്യപ്പെടണം. എന്നിട്ടുടനെ തെയോഫിലോസ് തിരുമേനിയെ കാണാൻ പോകണം."

മാലാഖയുടെ നിഷ്കളങ്കമായ ആ മുഖം കാണാൻ; ആ സ്വർഗ്ഗീയ നാദം കേൾക്കാൻ ആരാണു തിരക്കുകൂട്ടാത്തത്! അവർ ഉടനെ പട്ടം അരമനയിലേക്ക് പോയി. ആശ്രമസ്ഥരും അനുഗമിച്ചു. വിവരമറിഞ്ഞ് അരമനയിലേവർക്കും അതിരുറ്റ ആഹ്ലാദം. വൈദികർ കത്തിച്ച മെഴുകുതിരികളുമായി വരവേറ്റു. മലബാർ റീത്തിൽ നിന്നുള്ള വൈദികരിൽ പലരും മാർ സേവേറിയോസിനെ കാണുന്നത് ഇതാദ്യം. ചാപ്പലിലേക്കു പോകുന്നതിനിടയിൽ അവരോടു മാർ ഈവാനിയോസ് ചോദിച്ചു.

"ഇതാരാണെന്നറിയാമോ?"

"സേവേറിയോസ് തിരുമേനി", പട്ടത്തെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ പ്രഥമ റക്ടർ ആയ ഫാ. മാത്യു പോത്തനാംമൂഴി പറഞ്ഞു.

മാർ ഈവാനിയോസ് തിരുമേനി പുഞ്ചിരിതൂകി പറഞ്ഞു.

"അങ്ങനെയും വിളിക്കാം." എന്നാൽ അതിലും ശരിയായ പേര്

'അഭിനവശൗൽ' എന്നാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ ആ പ്രതിയോഗിയെ അവർ അടുത്തുകണ്ടു. അദ്ദേഹത്തിന്റെ ഓരോ പ്രതിപ്രവർത്തനവും കണ്ട് മാർ ഈവാനിയോസ് നെഞ്ചുപൊട്ടി കരഞ്ഞു പ്രാർത്ഥിച്ചതിന് അച്ചന്മാരെല്ലാം സാക്ഷികളാണല്ലോ.

അരമനച്ചാപ്പലിൽ ആർച്ചുബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തി വിശ്വാസപ്രതിജ്ഞ ചെയ്ത് മാർ സേവേറിയോസ് കത്തോലിക്കാ മെത്രാനായിത്തീർന്നു. സാക്ഷിയായി കിളിലേത്തു ചാക്കോ ഒപ്പുവച്ചു. അതുകഴിഞ്ഞ് അരമനയിൽ തിരിച്ചെത്തിയപ്പോൾ മാർ സേവേറിയോസ് അഭ്യർത്ഥിച്ചു.

"പിതാവേ, എനിക്കൊരു കടലാസും പേനയും വേണം'

www.malankaralibrary.com



'എന്തിനാ മെത്രാച്ചാ? പൗലോസ് ശ്ലീഹായെപ്പോലെ ലേഖനമെഴു താനാണോ?'

എല്ലാവരും ചിരിച്ചു. ശൗൽ മാനസാന്തരപ്പെട്ട് പൗലോസ് എന്ന പേരിൽ ലേഖനങ്ങളെഴുതിയിരുന്നല്ലോ.

മാർ സേവേറിയോസ് പ്രതിവചിച്ചു.

'ഞാനിപ്പോഴും ഔദ്യോഗികമായി നിരണം മെത്രാപ്പോലീത്തായാണ്. മനസ്സുകൊണ്ടു മാത്രമേ ആ സ്ഥാനം ഉപേക്ഷിച്ചിട്ടുള്ളു. ഇനിയിപ്പോൾ രാജിക്കത്തു നല്കി ആ സ്ഥാനം പൂർണ്ണമായി ഒഴിയണം.'

പിതാവ്, അദ്ദേഹത്തെ സ്വന്തം മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. പിതാവ് മേശ തുറന്ന് അതിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന ഒരു പഴയ എഴുത്തുമായി മാർ സേവേറിയോസിന്റെ അരികിലെത്തി ആ കത്തു നിവർത്തിക്കാട്ടി പിതാവ് പറഞ്ഞു. "ഏഴു വർഷമായി സൂക്ഷിച്ചുവച്ചിരിക്കുന്ന കത്താണിത്. ആരെഴുതിയതാണെന്നറിയുമോ?"

മാർ സേവേറിയോസ്, കത്തിലേക്കു സൂക്ഷിച്ചുനോക്കി. അത്ഭുതം!

സ്വന്തം കൈപ്പട തന്നെ. ഏഴുവർഷമായി ഇതു സൂക്ഷിച്ചുവയ്ക്കേണ്ട കാര്യമെന്ത്?

അതിലെ വാചകങ്ങളിലൂടെ അദ്ദേഹത്തിന്റെ മിഴികൾ ഇഴഞ്ഞു.

"..... നമ്മുടെ കർത്താവ് മരുഭൂമിയിൽ ഉപവസിച്ചു. പിന്നീട് പിശാച് ലൗകികപ്രതാപങ്ങൾ കാട്ടി കർത്താവിനെ പരീക്ഷിച്ചു. പക്ഷേ കർത്താവ് പിശാചിനെ ആട്ടിയോടിച്ചു. തിരുമേനി, മുണ്ടൻമലയിൽ പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ചു. പിശാച്, റോമാസഭയുടെ ലൗകികപ്രതാപങ്ങൾ കാണിച്ച് തിരുമേനിയെ പരീക്ഷിച്ചു. തിരുമേനി വീണുപോയി".

പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് തിരുമേനിയെ പരിഹസിച്ച് അദ്ദേഹം എഴുതിയ കത്താണത്. അതു വായിക്കുന്തോറും കൊച്ചുമെത്രാന്റെ മിഴികൾ നനയുകയായിരുന്നു. തേങ്ങൽ അടക്കാനാവാതെ കൂപ്പുകൈയ്യോടെ അദ്ദേഹം പിതാവിനു മുമ്പിൽ നിന്നു മാപ്പപേക്ഷിച്ചു. പിതാവ് ആശ്വസിപ്പിച്ചു; "സാരമില്ല മെത്രാച്ചാ ഇന്നെനിക്ക് ഇരട്ടി സന്തോഷം കിട്ടിയില്ലേ."

ആവശ്യപ്പെട്ടപ്രകാരം കടലാസ്സും പേനയും വാങ്ങി.

നേരത്തേ തയ്യാറാക്കി വച്ചിരുന്ന രാജിക്കത്തിന്റെ കരടു രൂപം സ്വന്തം കൈപ്പടയിൽ അതിലേക്കു പകർത്തി. അതിലെ ചില ഭാഗങ്ങൾ ഇപ്രകാരമായിരുന്നു.



"......യാക്കോബായ സഭയുടെയും അവിടുന്ന് അദ്ധ്യക്ഷം വഹിക്കുന്ന ഓർത്തഡോക്സ് സഭയുടേയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ച് നാം തമ്മിലും ശേഷം മേല്പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്ന് അത്യധികമായി നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലോ ഉണ്ടായിട്ടുള്ളത്. അതിലെ കുഴപ്പങ്ങൾക്ക് ദൈവികമായ ഏക പരിഹാരമാർഗ്ഗം ക്രൈസ്തവ സഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാരസ്ഥാനമാകുന്ന റോമിലെ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോട് പുനരൈക്യപ്പെടുകയാകുന്നു എന്ന് എന്റെ മനസ്സിൽ തോന്നിയിട്ടുള്ള എന്റെ വിനീതമായ അഭിപ്രായം തിരുമനസ്സിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എന്റെ ഹൃദയത്തിന്റെ പരമാർത്ഥ ബോധ്യത്തിൽ നിന്നാകുന്നു. ദൈവകൃപയുടെ വ്യാപാരത്താൽ ഈ ബോധ്യം ശക്തിപ്പെട്ടു വന്നിട്ടുള്ളതും, എന്റെ മനഃസാക്ഷി അതിന് എന്നെ ശക്തിയായി ഹേമിച്ചിട്ടുള്ളതുമാകുന്നു. ഇങ്ങനെയുള്ള ദൈവനടത്തിപ്പിന്റെയും മനഃസാക്ഷി പ്രേരണയുടേയും ഫലമായി ഞാൻ മാർപ്പാപ്പാ തിരുമനസ്സിലെ അധികാരത്തേയും, ആ സിംഹാസനത്തോടുള്ള നിഷ്കളങ്കമായ അനുസരണത്തിലുള്ള ജീവിതത്തെയും ആഗ്രഹിക്കുന്നതും സത്യസഭയാകുന്ന കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരമുള്ള ദൈവപ്രേരണ എന്റെ മനഃസാക്ഷിയെ ഹേമിച്ചിരിക്കുന്ന നിലയ്ക്ക് മേലിൽ ഞാൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരിക്കുന്നത് വിഹിതമല്ലാത്തതിനാൽ ആ ചുമതല ഞാൻ ഉപേക്ഷിച്ചിരിക്കുന്നു.

തിരുമനസ്സുകൊണ്ട് എന്റെ സ്നേഹബഹുമാനങ്ങൾക്ക് ധാരാളമായി പാത്രീഭവിച്ചിട്ടുള്ള ദേഹമാണ്. എന്റെ മാന്യ സഹോദരന്മാരായ മറ്റു മേൽപട്ടക്കാരും ഇതേവരെ എന്റെ ഭരണത്തിലിരുന്നവരായ ബ.പട്ടക്കാരെയും ജനങ്ങളെയും കുറിച്ച് എനിക്ക് അത്യധികമായ മനോവിചാരമുണ്ട്. മനുഷ്യരുടെ ചിന്താഗതിയെ സത്യമാർഗ്ഗത്തിൽ നയിപ്പിക്കുന്നവനായ ദൈവം, അവിടുത്തെയും എന്റെ മാന്യസഹോദരങ്ങളായ മറ്റു മേൽപട്ടക്കാരെയും നിങ്ങളോടു കൂടെയുള്ള സകല പട്ടക്കാരെയും ജനങ്ങളെയും ഭൂമിയിൽ കർത്താവേശുമിശിഹായുടെ യഥാർത്ഥ മുന്തിരിത്തോട്ടമാകുന്ന വിശുദ്ധ കാതോലിക സഭയുടെ അദ്ധ്യക്ഷനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മാർപ്പാപ്പായുമായുള്ള സംസർഗ്ഗത്തിലേക്കും തിരുസിംഹാസനത്തിന്റെ അനുസരണത്തിലേക്കും താമസം വിനാ വരുത്തുവാൻ സംഗതി ആക്കണമേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



പൗരസ്ത്യ സഭയുടെ പുരാതനവും ശ്രേഷ്ഠവുമായ ശുശ്രൂഷക്രമങ്ങളും ആചാര്യ മര്യാദകളും മലങ്കരയിലുള്ള ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ശിക്ഷണരാഹിത്യം മൂലം അലങ്കോലപ്പെട്ടുവരുന്നതായി തിരുമനസ്സുകൊണ്ടുതന്നെ പലപ്പോഴും കൽപ്പിച്ചിട്ടുണ്ടല്ലോ. ഇവയുടെ മഹിമയ്ക്ക് ഭംഗം വരാതെ പുലർത്തിക്കൊണ്ടു പോകുവാൻ ആവശ്യമുള്ള വ്യവസ്ഥകൾ മലങ്കര സുറിയാനി റീത്തു സംബന്ധിച്ച് മാർപ്പാപ്പായുടെ തിരുസിംഹാസനത്തിൽ നിന്നും ചെയ്തു തന്നിട്ടുള്ളത് എത്രയും ആകർഷണീയമാകയാൽ കാതോലിക പുനരൈക്യം മലങ്കര ജനങ്ങൾക്ക് ഈ കാരണത്താലും എത്രയും സുഖകരമായിത്തീർന്നിരിക്കുന്നു.

ഇപ്പോൾ നൂതനമായി നടപ്പിലാക്കാൻ ശ്രമിച്ചു വരുന്ന സഭാ ഭരണക്രമങ്ങൾ, അപ്പസ്തോലികമായ സഭാ ഭരണതത്വങ്ങൾക്കും പൂർവ്വികമായ പാരമ്പര്യാചാരങ്ങൾക്കും,യാക്കോബായ സഭയുടെ കാനോനാകൾക്കും കേവലം വിരുദ്ധവും പുരോഹിത സ്ഥാനത്തിൽ ദൈവത്താൽ നിഷിപ്തമാക്കി ചെയ്തിട്ടുള്ള അവകാശാധികാരങ്ങളെ ധ്വംസനം ചെയ്യത്തക്കവയും സഭയ്ക്ക് ഹാനികരമാണെന്നുമുള്ള ബോധ്യം എന്നെപ്പോലെ തന്നെ തിരുമനസ്സിലേയ്ക്കും ശേഷം മേൽപട്ടക്കാർക്കും ഉണ്ടെന്ന് തിരുമനസ്സിൽ നിന്നും അതു സംബന്ധിച്ച് ഹൂദായ കാനോനിലെ പാസോക്കാകൾ ഉദ്ധരിച്ചും മറ്റും ഞങ്ങളോട് സംസാരിച്ചിട്ടുള്ളതിൽ നിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതാകുന്നു.

....പ്രൊട്ടസ്റ്റന്റു സഭകളോടും അവരുമായി സംസർഗ്ഗത്തിനു പുറപ്പെട്ടിരിക്കുന്ന പൗരസ്ത്യ ശീശ്മാ സഭകളോടും യോജിക്കുന്നതിന് ഇപ്പോൾ ചെയ്തുവരുന്ന ശ്രമങ്ങൾ കേവലം വഴി പിഴച്ച മാർഗ്ഗമാണെന്ന് എനിക്കു ബോധ്യമുള്ളതിനാൽ കാതോലിക പുനരൈക്യത്തിലേക്ക് എന്റെ മനഃസാക്ഷി എന്നെ നിർബന്ധിച്ചിട്ടുള്ളതാകുന്നു. ദൈവകൃപയുടെ വ്യാപാരത്തിൽ എന്റെ ഉത്തമമായ മനോബോധ്യം അനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതിൽ അവിടുത്തേയ്ക്കും എന്റെ സഹോദര മേൽപട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടാകാവുന്ന ദുഃഖം കേവലം താൽക്കാലികമാണെന്നും സത്യമാർഗ്ഗം ഏതാണെന്നു നിങ്ങൾക്കു ബോധ്യപ്പെടുമ്പോൾ നിങ്ങളെല്ലാവരും ഞാൻ തെരഞ്ഞെടുത്തിട്ടുള്ള പന്ഥാവിൽക്കൂടെത്തന്നെ പുരോഗമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യാക്കോബായ സഭ വകയോ, ഓർത്തഡോക്സ് സഭ വകയോ, ആയ യാതൊരു വസ്തുക്കളും പണങ്ങളും എന്റെ കൈവശം ഇല്ല. എന്റെ വകയായ കുറേ പുസ്തകങ്ങളും പെട്ടിയും മറ്റും പരുമല സെമിനാരി



യിൽ ഇരിക്കുന്നത് ആളയയ്ക്കുമ്പോൾ കൊടുത്തയയ്ക്കണമെന്നപേക്ഷിക്കുന്നു. പേരിനു മാത്രം എനിക്കുണ്ടായിരുന്ന കാർത്തികപ്പള്ളി സെന്റ് തോമസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ മാനേജർ സ്ഥാനം അവിടുത്തേക്ക് ഒഴിഞ്ഞെഴുതിയിട്ടുള്ള രേഖകൾ ഇതു സഹിതം അയയ്ക്കുന്നു. കല്ലൂപ്പാറ പുതുശ്ശേരി ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യത്തിലേക്കു പുതുതായി പണി ആരംഭിച്ചിരിക്കുന്ന കെട്ടിടം വകയ്ക്കു തിരുവല്ലാ നാഷണൽ ബാങ്കിൽ നിന്നും എന്റെ സ്വന്തം ചുമതലയിൽ കടം വാങ്ങിച്ചു കൊടുത്തിട്ടുള്ള വകയിൽ ഇനിയും നൂറ്റിമുപ്പതു രൂപയോളം ബാങ്കിൽ അടച്ചു തീർക്കേണ്ടതായിട്ടുണ്ടെന്നുള്ള വിവരം തിരു മുമ്പാകെ ഞാൻ അറിയിച്ചിട്ടുണ്ടല്ലോ. ആ ബാധ്യത സ്കൂൾ വകയിൽ നിന്നും കൊടുത്തുവീട്ടുവാൻ തിരുമനസ്സുകൊണ്ട് വേണ്ട ഏർപ്പാട് ചെയ്യുമെന്ന് വിശ്വസിക്കുന്നു. അൽപദിവസങ്ങൾക്കുമുമ്പ് പരുമല സെമിനാരി മാനേജരുടെ കണക്ക് തിരുമനസ്സുകൊണ്ട് നോക്കിയതിൽ എന്റെ പക്കൽ നിന്നും ഒരു സംഖ്യ സെമിനാരി ആവശ്യത്തിലേക്ക് കടമായി വന്നിട്ടുണ്ടെന്ന് തിരുമനസ്സിലേക്ക് ബോധ്യപ്പെട്ടിട്ടുണ്ടല്ലോ. പെരുന്നാൾ കഴിഞ്ഞപ്പോൾ ആ സംഖ്യ മുഴുവനും എനിക്കു തിരിച്ചു തന്നതായി മാനേജർ കണക്കിൽ ചേർത്തു ചെലവെഴുതിയെങ്കിലും ആ വകയിൽ കുറേ പണം ഇനിയും എനിക്ക് കിട്ടേണ്ടതായിട്ടുണ്ട്.

.....തിരുമനസ്സിൽ നിന്നും സഭാബന്ധമായി ഞാൻ വേർപെടുന്നതിന്റെ യഥാർത്ഥ കാരണം എന്തെന്ന് തിരുമനസ്സിലേക്ക് എന്റെയും അഭിമാന സംരക്ഷണത്തിനു വേണ്ടി പൊതുജനങ്ങളെക്കൂടി ഗ്രഹിപ്പിക്കുന്നതിന് ആവശ്യമാണെന്ന് തോന്നിയതു കൊണ്ട് ഈ കത്തു പ്രസിദ്ധീകരിക്കുന്നതിനും ഞാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന വിവരവും അറിയിച്ചുകൊള്ളുന്നു. നിങ്ങളെല്ലാവർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു;

എന്ന്,

തിരുമേനിയെ എന്നും എന്നും സ്നേഹിക്കുന്ന

**മാർ സേവേറിയോസ് മെത്രാപ്പോലീത്താ.**

www.malankaralibrary.com

പന്ത്രണ്ട്

# തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്താ

**വി**ശദമായ രാജിക്കത്ത് തുമ്പമൺ പുത്തൻ വീട്ടിലച്ചന്റെ കൈവശം കൊടുത്തയച്ചു. അന്നോളം ഉപയോഗിച്ചു പോന്ന കാർ കെ.വി. അബ്രഹാമിനെയും ഏൽപിച്ചു. അന്നു തിരുവനന്തപുരത്തു യാക്കോബായ പള്ളിയിൽ എഴുന്നെള്ളിയിരുന്ന കാതോലിക്കാ ബാവായെ ഇവ രണ്ടും അവർ ഏൽപിച്ചു. എന്നാൽ വിവരമറിഞ്ഞു വികാരവിക്ഷുബ്ധനായ ബാവാ രാജിക്കത്തും വാഹനവും സ്വീകരിക്കാൻ കൂട്ടാക്കിയില്ല. ക്ഷണനേരം കൊണ്ട് മാർ സേവേറിയോസിന്റെ രാജിക്കാര്യം കാട്ടുതീ പോലെ നാടെങ്ങും പരന്നു. ജനം കോപ ഭ്രാന്തരായി ഇളകി. അവർ കൊടുങ്കാറ്റുപോലെ മാർ സേവേറിയോസിനെ തേടി പാഞ്ഞു. അവർ അലറി;

"നമ്മൾ വാഴിച്ചുകൊണ്ടുവന്ന മെത്രാൻ റോമാ സഭയിൽ ചേരാൻ ഇടം കൊടുക്കരുത്. എന്തു കടുംകൈ ചെയ്താണെങ്കിലും അതിൽ നിന്നും തടഞ്ഞേ പറ്റൂ."

ഈ സാഹചര്യത്തിൽ നാട്ടിൽ തങ്ങുന്നത് നന്നല്ലെന്നു ഗ്രഹിച്ച ആർച്ചു ബിഷപ് മാർ ഈവാനിയോസ് സ്വന്തം കാറിൽ കയറ്റി മാർ സേവേറിയോസിനെയും കൊണ്ട് അതീവ രഹസ്യമായി ബാഗ്ലൂരിലേക്കു പാഞ്ഞുപോയി. മൂന്നു മാസങ്ങൾക്കു ശേഷം രംഗം ഒട്ടൊന്ന് ശാന്തമായെന്നു ബോധ്യമായപ്പോൾ മാത്രമാണ് മടങ്ങിയെത്തിയത്. ശത്രുദൃഷ്ടിയിൽ നിന്നും രക്ഷപ്പെടാനാണ് ബാഗ്ലൂരിലെത്തിയതെങ്കിലും ആ യാത്ര മാർ സേവേറിയോസിന് പ്രയോജനകരമാക്കാനായി ആർച്ചു ബിഷപ്പ് പരമാവധി പരിശ്രമിച്ചു. അങ്ങനെ, കത്തോലിക്കാ സഭയുടെ ശക്തികേന്ദ്രങ്ങളിലൊക്കെ മാർ സേവേറിയോസിനെ കൂട്ടികൊണ്ടുപോയി



അദ്ദേഹം പരിചയപ്പെടുത്തി. ബാഗ്ലൂർ സന്ദർശനത്തെപ്പറ്റി മാർ സേവേറിയോസ് അയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു;

"ഞങ്ങൾ കുറച്ചു ദിവസം ബാഗ്ലൂരിൽ ആയിരുന്നു. ദലഗാദ് അപ്പസ്തോലിക്കായെ കണ്ടു. മദ്രാസിൽ *Eucharistic Congress*-ൽ സംബന്ധിച്ചു... വൈസ്രോയി തിങ്കളാഴ്ച വരുന്നുണ്ട്. അതു പ്രമാണിച്ചുള്ള സ്വീകരണത്തിനും *Garden Party* ക്കും ക്ഷണിച്ചിട്ടുണ്ട്. തിരുവല്ലായിലും മല്ലപ്പള്ളിയിലുമുള്ള ലഹളകൾ ഒട്ടു ശമിച്ചോ? അമ്മച്ചിയെ പ്രത്യേകം ആശ്വസിപ്പിച്ചു കൊള്ളണം. കത്തോലിക്കാ സഭയിൽ ചേരുന്നതിന് അമ്മച്ചിയെ ഹേമിക്കരുത്, പൂർണ്ണ മനസ്സോടെ ചെയ്യേണ്ടതാണല്ലോ."

പുനരൈക്യപ്പെട്ട തിരുമേനിയെ വകവരുത്താൻ ശത്രുപക്ഷം കെണിയൊരുക്കിക്കൊണ്ടിരുന്നതും അനർത്ഥങ്ങളിൽ നിന്നെല്ലാം ദൈവം രക്ഷിച്ചതും വി. ജോർജ് ഇരുമേട ഇപ്രകാരം വിവരിക്കുന്നു.

"ഒരു ദിവസം ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽ പെരുന്നാൾ നടക്കുമ്പോൾ മാർ സേവേറിയോസ് തിരുമേനി സ്വദേശമായ മല്ലപ്പള്ളിയിലേക്കു കാറിൽ വരുന്നു എന്നറിഞ്ഞ ഇടവക ജനങ്ങൾ റോഡിൽ നിരന്ന് തടസ്സം ഉണ്ടാക്കുന്നതിനു ശ്രമിച്ചു. അന്ന് ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽ വികാരിയായിരുന്ന ബ.മുണ്ടപ്ലാക്കൽ അച്ചൻ റോഡിലിറങ്ങി നിന്ന് കാർ നിർത്തിച്ച് കൈമുത്തി, ആദരവു പ്രകടിപ്പിച്ചപ്പോൾ തടസ്സമുണ്ടാക്കാൻ തെരുവിലിറങ്ങിയവരെല്ലാം പിന്മാറിപ്പോയ രംഗം ഞാനിപ്പോഴും ഓർക്കുന്നു. ബ. മുണ്ടപ്ലാക്കൽ അച്ചൻ തന്നെ ഏതാനും വർഷങ്ങൾക്കുള്ളിൽ വന്ദ്യ തിരുമേനിയുടെ സവിധത്തിലെത്തി കത്തോലിക്കാസഭയിൽ പ്രവേശിച്ചത് ദൈവപരിപാലനയുടെ മറ്റൊരുദാഹരണം."

സത്യത്തെ പുൽകുവാൻ തെല്ലു വൈകിയാണെങ്കിലും ചങ്കൂറ്റം കാട്ടിയ തിരുമേനിക്ക് തിരുവനന്തപുരം, തിരുവല്ല, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് ഗംഭീര സ്വീകരണങ്ങൾ ഒരുക്കപ്പെട്ടു. ഈ സ്വീകരണ യോഗങ്ങൾ അലങ്കോലപ്പെടുത്താൻ ശത്രു പക്ഷം ആഞ്ഞു ശ്രമിച്ചു. തിരുമേനിയുടെ കാർ കടന്നു പോകാതിരിക്കാൻ വഴി മദ്ധ്യേ വലിയ കല്ലുകൾ അവർ ഉരുട്ടി വച്ചു. മറ്റു ചില സ്ഥലങ്ങളിൽ കൂറ്റൻ തടി വഴിയിൽ പിടിച്ചുവച്ചു ഗതി വിഘ്നം ഉണ്ടാക്കി. 'റീത്തീകരണം', കൊള്ളക്കപ്പൽ, സ്വത്തപഹരണം, വിശ്വാസവഞ്ചന, തുടങ്ങിയ പേരിലുള്ള ലഘുലേഖകൾ അച്ചടിച്ച് ശത്രുപക്ഷം നാടെങ്ങും പ്രചരിപ്പിച്ചു. കത്തോലിക്കാസഭയെ അധിക്ഷേപിച്ചുള്ളവയായിരുന്നു അവയെല്ലാം. എന്നാൽ എതിരാളികളിൽ നിന്നുള്ള അപായനീക്കങ്ങളിൽ നിന്നും അപ

www.malankaralibrary.com



വാദത്തീയിൽ നിന്നുമൊക്കെ ദൈവം അദ്ദേഹത്തിനു രക്ഷയും ആശ്വാസവും നൽകിപ്പോന്നു.

അങ്ങനെ ഏതാണ്ടൊരു വർഷത്തോളം കഴിഞ്ഞു. ഇക്കാലയളവിനുള്ളിൽ അദ്ദേഹം കത്തോലിക്കാസഭയെപ്പറ്റി സവിസ്തരം പഠിക്കുകയായിരുന്നു. വിഖ്യാത വേദപണ്ഡിതനായ പ്ലാസിഡച്ചനായിരുന്നു ഇക്കാര്യത്തിൽ തിരുമേനിയുടെ ഗുരുവും വഴികാട്ടിയും. രോഗിയായ മാർ തെയോഫിലോസ് തിരുമേനി തിരുവല്ലാ രൂപതയുടെ ഭരണച്ചുമതലയിൽ നിന്നും വിരമിച്ച് വിശ്രമിച്ചു വരികയായിരുന്നല്ലോ. ബ. വാച്ചാപറമ്പിലച്ചനാണ് രൂപതാകാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നത്. ഈ സാഹചര്യത്തിൽ മാർ സേവേറിയോസ് തിരുമേനിയുടെ വരവ് തിരുവല്ലാ രൂപതയ്ക്ക് പ്രത്യേകിച്ചും പുനരൈക്യസഭയ്ക്ക് പൊതുവെയും വലിയൊരാശ്വാസമായി. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേഷൻ അപ്പോസ്തോലിക് ആയും *Ingila*യുടെ സ്ഥാനിക മെത്രാനായും 1938 ഓഗസ്റ്റ് 29-ൽ പരി. 11-ാം പീയൂസ് മാർപ്പാപ്പാ *Sacred Congregation for the Oriental Church* ലെ P 566/37-ാം ഡിക്രിപ്രകാരം മാർ സേവേറിയോസ് തിരുമേനിയെ നിയമിച്ചു. ആ കല്പനയ്ക്ക് വിധേയപ്പെട്ട് തിരുമേനി 1938 ഒക്ടോബർ 8 ന് ഭരണച്ചുമതല ഏറ്റെടുത്തു. സ്ഥാനാരോഹണം തിരുവല്ലാ ഭദ്രാസനപ്പള്ളിയിൽ വച്ച് ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്, തൃശ്ശൂർ മെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പള്ളി, ചങ്ങനാശേരി മെത്രാൻ മാർ ജയിംസ് കാളാശ്ശേരി എന്നീ മഹാരഥന്മാരുടെ സാന്നിദ്ധ്യത്തിൽ ഏറ്റവും അനുഗൃഹീതമായി നടന്നു. 'എല്ലാവരും ഒന്നാകേണ്ടതിന്' എന്ന ആദർശവാക്യമായിരുന്നു തിരുമേനി അന്നു കൈക്കൊണ്ടത്.

അധികാരത്തിലേറിയ ഉടൻ തിരുമേനി എഴുതി അയച്ച ആദ്യത്തെ ഇടയലേഖനത്തിൽ നിന്നും ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"വന്ദ്യവൈദികരേ, വത്സലമക്കളേ,

നല്ല ആടുകൾ ഇടയനെ അറിയുകയും ഇടയന്റെ സ്വരം കേൾക്കുകയും ചെയ്യുന്നു. ആകയാൽ നാം ഭരമേറ്റിട്ടുള്ള ചുമതലകളുടെ ഗൗരവം എത്രമാത്രമെന്നു നിങ്ങൾ മനസ്സിലാക്കി ഇവ ശരിയായി നിർവ്വഹിക്കുന്നതിൽ ആവശ്യമായ സകല സഹായസഹകരണങ്ങളും മക്കൾ വത്സല പിതാവിന് എന്നതുപോലെ നിർവ്യാജമായ സ്നേഹത്തോടും പരമാർത്ഥബുദ്ധിയോടും കൂടി നല്കുവിൻ, നമ്മുടെ ലാഭം നിങ്ങളുടെ ലാഭവും നമ്മുടെ നഷ്ടം നിങ്ങളുടെ നഷ്ടവും എന്നു ഗ്രഹിച്ച് ആത്മാക്കളുടെ രക്ഷയ്ക്കും ദൈവമഹത്ത്വത്തിനും വേണ്ടി നാം പറയുകയും ഉപദേശിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്ന എല്ലാക്കാര്യങ്ങളും ഏകഹൃദയത്തോടും നിഷ്കളങ്കമായ മനസ്സോടും കൂടി നിറവേറ്റുന്നതിന് സദാ സന്നദ്ധരാകുവിൻ."



അദ്ധ്യാത്മ വിശുദ്ധിയും ഭരണനിപുണതയും ഒത്തിണങ്ങിയ മാർ സേവേറിയോസ് തിരുമേനിയുടെ ഭരണ സാരഥ്യം രൂപതാ വളർച്ചയ്ക്ക് ആക്കം കൂട്ടി. മുൻഗാമിയായ മാർ തെയോഫിലോസ് തിരുമേനി കുറേക്കാലമായി ഭരണത്തിൽ നിന്നും വിട്ടുനിന്നെങ്കിലും ആ പുണ്യതാതന്റെ ആത്മീയകാന്തി എങ്ങും ചൂഴ്ന്നു നിന്നിരുന്നു. അതേ പരിശുദ്ധിയോടെ, അർപ്പണ മനസ്സോടെ ആത്മീയവും ഭൗതീകവുമായ വളർച്ചയുടെ രണ്ടാം ഘട്ടത്തിലേക്ക് മാർ സേവേറിയോസ് തിരുമേനി രൂപതയെ നയിച്ചു തുടങ്ങി.

തിരുമേനിയുടെ ഹൃദയപരമാർത്ഥതയെ പ്രകീർത്തിച്ച് മലബാർ മെയിൽ പത്രത്തിൽ 1938 ജനുവരി 14-ന് ഒരു യാക്കോബായ വിശ്വാസി എഴുതി;

"ഏതായാലും ധനമോ സ്ഥാനമോ മോഹിച്ചല്ല തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നത്. അദ്ദേഹത്തിന്റെ ഹൃദയശുദ്ധതയെപ്പറ്റി എനിക്ക് അത്രമാത്രം ബഹുമാനമുണ്ട്."

എം.എം.സൈമൺ കോട്ടൂരിന്റെ സാക്ഷ്യം മറ്റൊന്നാണ്;

"ഒരിക്കൽ കണ്ടാൽ മറക്കാനാവാത്ത മുഖം, ഒരിക്കൽ ഇടപെട്ടാൽ മായാത്തവ്യക്തിത്വം, വശ്യമായ ശബ്ദവും ഹൃദ്യമായ വാക്കുകളും ഇമ്പമുള്ള ഗാനങ്ങളും ഉച്ചഭാഷിണി വിരളമായിരുന്ന അക്കാലത്ത് ദേവാലയത്തിനകത്ത് ആകമാനം നിറഞ്ഞുനിന്നിരുന്നു. തിരുമേനി മദ്ബഹായിൽ നിന്നുകൊണ്ട് ദിവ്യബലിയർപ്പിക്കുമ്പോൾ കർത്താവിന്റെ മഹത്വം ആലയത്തിൽ നിറഞ്ഞു നിൽക്കുന്ന അനുഭവമാണ് എനിക്കുണ്ടായിട്ടുള്ളത്."

www.malankaralibrary.com

## പതിമൂന്ന്

# പുനരൈക്യത്തിനു മുമ്പും പിമ്പും

വ്യക്തമായ മനോബോധ്യങ്ങളുടെ പ്രായോഗിക ശക്തീകരണത്തിനായി അരയും തലയും മുറുക്കി ഇറങ്ങുക എന്നതായിരുന്നു മാർ സേവേറിയോസ് എന്ന ധീരയോദ്ധാവിന്റെ ശൈലി. യാക്കോബായസഭയിൽ ആയിരുന്നപ്പോൾ ആ സമുദായത്തിന്റെ വിശ്വാസനിലപാടുകൾക്കു കരുത്തു പകരാൻ പ്രാണത്യാഗത്തിനു പോലും അദ്ദേഹം സന്നദ്ധനായിരുന്നു. ഓർത്തഡോക്സു സഭയുടെ പ്രകാശ ഗോപുരമായിരുന്ന മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനാധിപനായിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്താ തന്റെ സർവ്വശക്തിയോടും കൂടെ സ്വന്തം ഗുരുനാഥനായിരുന്നിട്ടും മാർ ഈവാനിയോസ് തിരുമേനിക്കെതിരെയും അദ്ദേഹത്തിന്റെ പുനരൈക്യപ്രസ്ഥാനത്തിനെതിരെയും വാളോങ്ങി. 'റോമാസഭയ്ക്കും' റീത്തു പ്രസ്ഥാനത്തിനുമെതിരെ നാടെങ്ങും പ്രസംഗിച്ചു നടന്ന വടക്കൻ ശെമ്മാശൻ എന്നറിയപ്പെട്ടിരുന്ന ആരക്കുന്നത്തുകാരൻ കെ.റ്റി. സഖറിയാസ് ശെമ്മാശനെ വരുത്തി മാർ സേവേറിയോസ് നിരണം ഭദ്രാസനാതിർത്തിയിൽപ്പെട്ട പ്രധാനപള്ളികളിൽ പ്രസംഗിപ്പിച്ചു.

മാർ സേവേറിയോസിന്റെ അദ്ധ്യക്ഷതയിലുള്ള പൊതുയോഗങ്ങളിലായിരുന്നു കത്തോലിക്കാ സഭയ്ക്കെതിരെയുള്ള ഈ ആക്ഷേപപ്രസംഗങ്ങൾ അരങ്ങേറിയിരുന്നത്. ഒരിക്കൽ പുതുശ്ശേരി എം.ജി.ഡി. ഇംഗ്ലീഷ് മിഡിൽ സ്ക്കൂളിലെ വാർഷികാഘോഷത്തോടനുബന്ധിച്ചും സഖറിയാസ് ശെമ്മാശനെക്കൊണ്ട് തിരുമേനി പ്രസംഗിപ്പിച്ചു. ഒരു കലാപരി



പാടിയുടെ ക്രമീകരണങ്ങളോടെയായിരുന്നു ആ പ്രസംഗം. അതായത്, വേദിയിൽ ഒരു മേശ നാലുകാലുകളും മുകളിലാകത്തക്കവിധത്തിൽ തലതിരിച്ചിട്ടു. എന്നിട്ട് ഒരു കട്ടിപ്പുതപ്പുകൊണ്ട് നാലുകാലുകളും മറയത്തക്കവിധത്തിൽ മൂടി. വിരുതനായ ഒരാൺകുട്ടിയെ ജനം കാണാത്ത വിധം പുതപ്പിനുള്ളിലുമാക്കി. ഗ്രാമഫോൺ റെക്കോഡിനെ അനുകരിക്കുമാറ് വെറുമൊരു പ്ലേറ്റ് അവിടെ കറക്കിക്കൊണ്ടുമിരുന്നു. ഗ്രാമഫോണെന്നു സങ്കല്പിക്കപ്പെട്ട ആ പ്ലേറ്റിൽ നിന്നും ഉയരുന്ന സ്വരമെന്നവിധം പുതപ്പിനുള്ളിലെ കുട്ടി ചില നേരമ്പോക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവയൊക്കെ കത്തോലിക്കാ സഭയ്ക്കെതിരായ ചോദ്യങ്ങളും സംശയങ്ങളുമായിരുന്നു. ഇവയ്ക്കു മറുപടിയെന്ന വിധം സഖറിയാസ് ശെമ്മാശൻ വേദിയിൽ അലറി, "റോമാസഭയെ നിനക്കു രക്ഷയില്ല, നിനക്ക് സുല്ല്, നിന്റെ പഠിപ്പിക്കൽ തെറ്റ്. നിങ്ങൾ തുപ്പൽ തൊട്ട് മൂറോൻ നല്കുന്നവരാണ്. എൻസൈക്ലോപീഡിയായിൽ റോമാസഭയിൽ ഒരു പെൺ പാപ്പ ഭരിച്ചു എന്നുണ്ട്."

കടന്നാക്രമണത്തിന്റെ കഠാരകുത്തുകൾ പോലുള്ള ഈ പ്രഭാഷണത്തിലുടനീളം സേവേറിയോസ് തിരുമേനി പൊട്ടിച്ചിരിച്ചും കയ്യടിച്ചും പ്രസംഗകനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

കത്തോലിക്കാ സഭയോടുള്ള ഉഗ്രവിരോധത്താൽ മാർ സേവേറിയോസ് ജ്വലിച്ചെരിഞ്ഞുകൊണ്ടിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഉറ്റബന്ധുക്കൾ പലരും ഓർത്തഡോക്സ്സഭ ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നല്ലോ. തിരുമേനിയുടെ സഹോദരീഭർത്താവും എം.ഡി. സെമിനാരി ഹെഡ്മാസ്റ്ററും ആയിരുന്ന കയ്യാലാത്ത് കെ.വി. മാത്യു ഇത്തരത്തിൽ നേരത്തേ പുനരൈക്യപ്പെട്ട വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യയും മക്കളും പുനരൈക്യപ്പെട്ടിരുന്നില്ല. കെ.വി. ചാക്കോ മരണാസന്നനായപ്പോൾ തിരുവല്ലാ രൂപതാദ്ധ്യക്ഷനായ മാർ തെയോഫിലോസ് തിരുമേനിയെ വരുത്തി കുമ്പസാരിപ്പിച്ച്, കത്തോലിക്കാ തിരുസഭ അനുശാസിക്കുന്ന അന്ത്യശുശ്രൂഷകളെല്ലാം സ്വീകരിച്ച് മരണമടഞ്ഞു. കത്തോലിക്കാ സഭയിൽ തന്നെ അടക്കണമെന്ന് അദ്ദേഹത്തിനു വലിയ ആഗ്രഹമായിരുന്നു. എന്നാൽ ബന്ധുവായ മാർ സേവേറിയോസ് തിരുമേനി അതിനെതിരെ നീങ്ങി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മൃതദേഹം സ്വന്തം ഇടവകയായ പാതിക്കാട് ഓർത്തഡോക്സ് പള്ളിയുടെ മുറ്റത്തു സംസ്ക്കരിക്കുകയാണുണ്ടായത്. എന്നാൽ കെ.വി. മാത്യുവിന്റെ സഹോദരനായ കെ.വി. ഏബ്രഹാം സ്വസഹോദരനോട് സേവേറിയോസ് തിരുമേനി ചെയ്ത ആ പാതകത്തിന് മധുരമായിതന്നെ പ്രതികാരം വീട്ടി. അതായത് തിരുമേനിയുടെ മനംമാറ്റത്തിനായി പ്രാർത്ഥിക്കുകയും അദ്ദേഹത്തെ കത്തോലിക്കാ സഭയോട്

www.malankaralibrary.com



അടുപ്പിക്കുവാൻ നിരന്തരം യത്നിക്കുകയും ചെയ്തു പോന്നു കെ.വി. ഏബ്രഹാം. തിരുമേനിയുടെ കത്തോലിക്കാ പുനരൈക്യത്തോടെ ആ പ്രതികാരം പൂർണ്ണമായി. അതോടെ കെ. വി. ഏബ്രഹാമിന് 'മെത്രാൻ കള്ളൻ' എന്നൊരു പേരും സംലബ്ധമായത്രേ.

അനുദിനം ശക്തിപ്പെട്ടുകൊണ്ടിരുന്ന പുനരൈക്യപ്രസ്ഥാനത്തിലേക്കുള്ള ഓർത്തഡോക്സുകാരുടെ പലായനം തടയാൻ ഒരു പ്രതിരോധകോട്ട പടുത്തുയർത്തുക എന്ന ദൗത്യത്തോടെയാണല്ലോ ഓർത്തഡോക്സ് നേതൃത്വം മാർ സേവേറിയോസിനെ നിരണം ഭദ്രാസനത്തിന്റെ സാരഥിയായി നിയമിച്ചത്. അത്യന്തം വീറോടെ ഈ കോട്ട കെട്ടിപ്പൊക്കാൻ തുനിഞ്ഞിറങ്ങിയ മാർ സേവേറിയോസ് ദുഃഖത്തോടെ പറഞ്ഞു "ഞാൻ ഒരു കല്ലുപണിയുമ്പോൾ മറ്റു രണ്ടുകല്ലുകൾ ഇളകുന്ന അവസ്ഥയാണ്." ഈ പണിയിൽ എന്തോ കുറവും പാളിച്ചയും ഉണ്ടെന്ന് തിരുമേനി തിരിച്ചറിഞ്ഞു. ആ കുറവ് എന്തെന്ന് കണ്ടെത്താനുള്ള ശ്രമത്തിൽ മാർ സേവേറിയോസ് മുഴുകി.

യേശു ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ ഏത് എന്ന അന്വേഷണമായിരുന്നു അത്. യഥാർത്ഥമായ ആ സഭയ്ക്ക് വിശുദ്ധം, ഏകം, ശ്ലൈഹികം, സാർവ്വത്രികം എന്നീ നാലു സവിശേഷ ലക്ഷണങ്ങൾ അനിവാര്യമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആ നാലു ലക്ഷണങ്ങളും തെളിഞ്ഞു കാണുന്ന സഭ താൻ നിലകൊള്ളുന്ന യാക്കോബായ സഭയാണോ, അതോ കത്തോലിക്കാ സഭയാണോ എന്ന താരതമ്യപഠനത്തിൽ അദ്ദേഹം ആമഗ്നനായി.

വിശുദ്ധീകരിക്കുന്നതിനുള്ള കൂദാശകൾ ഉള്ളടങ്ങിയ യാക്കോബായ സഭയും വിശുദ്ധം എന്ന ലക്ഷണം തികഞ്ഞതാണ്. അത് ഏകവും അത്രേ. കാരണം പാത്രയർക്കീസിന്റെയോ കാതോലിക്കാ ബാവായുടെയോ കേന്ദ്രീകൃത നേതൃത്വം അതിനുണ്ട്. കത്തോലിക്കാ വിശ്വാസത്തിനെതിരായി ഏകത്വവാദമെന്ന പാഷണ്ഡതമൂലം നാലാം നൂറ്റാണ്ടിൽ പിറന്നതാണെങ്കിലും യാക്കോബായ സഭയ്ക്ക് ശ്ലൈഹിക പാരമ്പര്യവും അവകാശപ്പെടാം. എന്നാൽ സാർവ്വത്രികം എന്ന ലക്ഷണം പൂർണ്ണമായ അർത്ഥത്തിൽ അവകാശപ്പെടാൻ കഴിയുകയില്ല. അതുകൊണ്ട് നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ എന്ന ക്രിസ്തു കല്പന ഇവിടെ പ്രായോഗികമല്ല. എന്നാൽ ലോകമെമ്പാടും അനുനിമിഷം പടർന്നു വളർന്നു കൊണ്ടിരിക്കുന്ന സാർവ്വത്രിക സ്വഭാവമുള്ള സഭ കത്തോലിക്കാ സഭമാത്രമാണ്. സവിശേഷ സംസ്ക്കാരം പുലർത്തുന്ന സ്വത്വസംരക്ഷകരായ ഇരുപത്തിയൊന്ന് റീത്തുകൾ അത്ഭുതകരമായ ഒരുമയോടെ നിലകൊണ്ട് കത്തോലിക്കാ സഭയെ ലോകാത്ഭുതമാക്കി മാറ്റുന്നു.



മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് 1987 നവംബർ 29ന് ആനിക്കാട് ബേത്‌ലഹേം പള്ളിയിൽ വി.കുർബ്ബാന മദ്ധ്യേ മോൺ. മാത്യു നെടുങ്ങാട്ട് ചെയ്ത പ്രസംഗത്തിലൂടെ മേൽപ്പറഞ്ഞ സാർവ്വത്രിക ലക്ഷണം അവകാശപ്പെടാനാവുന്ന കത്തോലിക്കാ സഭയുടെ ലക്ഷണ പൂർണ്ണതയെപ്പറ്റി ഇങ്ങനെ വ്യക്തമാക്കി.

"കത്തോലിക്കാ സഭയിലാണെങ്കിൽ വിവിധ രാജ്യങ്ങളിലെ നാനാവിധ സംസ്ക്കാരങ്ങളെയും ജീവിത രീതികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഇരുപത്തിയൊന്ന് റീത്തുകൾ അഥവാ ആരാധനാ അനുഷ്ഠാനങ്ങളുണ്ട്. ഓരോ രാജ്യത്തിനും അതിന്റേതായ സംസ്കാരമുണ്ട്, ജീവിത ശൈലിയുണ്ട്, ഭാഷയുണ്ട്, ആകയാൽ അനുയോജ്യമായ ആരാധനക്രമവും സഭയ്ക്കുണ്ടായിരിക്കണം. കേരളത്തിൽ എങ്ങനെ ഈ സുറിയാനി റീത്തുണ്ടായി എന്ന് ചോദിച്ചേക്കാം. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നപ്പോൾ ആദ്യമായി ഇവിടെ കുടിയേറിപ്പാർത്തിരുന്ന യഹൂദരെ സുവിശേഷം അറിയിക്കുകയായിരുന്നു. അവർ സുറിയാനി സംസാരിക്കുന്നവരായിരുന്നല്ലോ. പിന്നീട് ഹിന്ദുക്കൾ മാനസാന്തരപ്പെട്ടപ്പോൾ പല ഹൈന്ദവ ആചാരങ്ങളും സഭ സ്വീകരിച്ചിട്ടുണ്ട്. ആകയാൽ കത്തോലിക്കാ സഭ ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. ഈ ഒരു സവിശേഷത മറ്റൊരു സഭയ്ക്കും അവകാശപ്പെടാനാവുമെന്നു തോന്നുന്നില്ല. ആകയാൽ റോമാ മാർപ്പാപ്പായുടെ കീഴിൽ ഒന്നിച്ചു നിൽക്കുന്ന സഭയ്ക്കുമാത്രമേ കാതോലികം അഥവാ സാർവ്വത്രികം എന്നു പറയാനാവൂ. കാതോലികം എന്ന് ഏറ്റു ചൊല്ലുന്നെങ്കിലും യഥാർത്ഥത്തിൽ യാക്കോബായ, ഓർത്തഡോക്സ് സഭയ്ക്ക് കാതോലികം എന്ന ലക്ഷണം ഇല്ല. ഈ കുറവ് പരിഹരിക്കാനാണ് അഭിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടുകൊണ്ട് സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്ക് കടന്നു ചെന്നത്. ഇതാണു പുനരൈക്യം. പുനരൈക്യപ്പെട്ടവരെല്ലാം ചെയ്തത് ഇത്രമാത്രമേയുള്ളു." അല്പം വൈകിയാണെങ്കിലും ലക്ഷണയുക്തമായ സഭയേതെന്നു തിരിച്ചറിഞ്ഞ മാർ സേവേറിയോസ് ചെയ്തതും ഇതു തന്നെയാണ്. പുനരൈക്യ പ്രസ്ഥാനത്തിന്റെ രാജശില്പിയായ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയിൽ ആകൃഷ്ടനായത് രക്ഷയ്ക്കുവേണ്ടിയല്ല, പൂർണ്ണതയ്ക്കുവേണ്ടിയാണ് *(Not for salvation but for perfection)* എന്ന് യാക്കോബായ സഭാംഗങ്ങൾ പറയാറുണ്ടായിരുന്നു. അതായത് കത്തോലിക്കാ സഭയിലുള്ള രക്ഷോപാധിയായ കൗദാശിക കർമ്മങ്ങളെല്ലാം യാക്കോബായ-ഓർത്തഡോക്സു സഭയിലുമുണ്ട്. എന്നാൽ 'പൂർണ്ണത' ഈ അകത്തോലിക്കാ സഭകളിലില്ലെന്ന് അവർ

www.malankaralibrary.com



സമ്മതിക്കുന്നു. ഈ പരിപൂർണ്ണത തേടിയായിരുന്നു സേവേറിയോസ് തിരുമേനിയുടെ പ്രയാണം.

ക്രൈസ്തവരെന്ന പേരു കേൾക്കുമ്പോൾത്തന്നെ അരിശം മൂത്ത് പല്ലുകടിച്ചു ഞെരിച്ച ശൗൽ മാനസാന്തരപ്പെട്ട് ക്രൈസ്തവസഭയുടെ എക്കാലത്തെയും അതിശക്തനായ വക്താവായി മാറിയതുപോലെയായിരുന്നു മാർ സേവേറിയോസ് തിരുമേനിയുടെ അവസ്ഥാന്തരവും.

കത്തോലിക്കാസഭയുടെ ശ്രേഷ്ഠതയും പകരം വയ്ക്കാനാവാത്ത മഹനീയതയും തുടിച്ചു നിന്ന ധാരാളം പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞതോടെ സീമാതീതമായ ഒരു ദർശനവൈപുല്യം സേവേറിയോസ് തിരുമേനിയുടെ മനസ്സിൽ നിറഞ്ഞു നിന്നു. കോട്ടയത്തു ചൂളപ്പറമ്പിൽ തിരുമേനിയുടെ ജൂബിലി സമ്മേളനം, മദ്രാസ് യൂക്കറിസ്റ്റിക് സമ്മേളനം, ബോംബെയിലെ മരിയൻ കോൺഗ്രസ് തുടങ്ങിയ മഹാഘോഷങ്ങളിൽ പങ്കെടുത്ത തിരുമേനിക്ക് ഭാരതത്തിലെ എഴുപതിൽപരം മെത്രാന്മാരുമായി ഇടപെടാൻ കഴിഞ്ഞു. സഭാപിതാക്കന്മാരെ ഏറ്റവുമധികം ആദരിക്കുന്ന കത്തോലിക്കാ വിശ്വാസികളുടെ അതുല്യമായ സ്നേഹാദരവുകൾ ഏറ്റുവാങ്ങാൻ കഴിഞ്ഞതും അദ്ദേഹത്തെ ആഹ്ലാദിപ്പിച്ചു.

### പതിനാല്

# പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ്

അന്ന് മലങ്കര കത്തോലിക്കാസഭയിൽ ഒരാർച്ചുബിഷപ്പും രണ്ടു മെത്രാന്മാരുമാണുണ്ടായിരുന്നത്. തിരുവല്ലായിൽത്തന്നെയുള്ള രണ്ടു മെത്രാന്മാരിൽ ഒരാളായിരുന്ന തെയോഫിലോസ് തിരുമേനി രോഗിയാകയാൽ ആർച്ചു ബിഷപ്പിനോടൊപ്പം ചേർന്ന് പുനരൈക്യസഭയെ ശക്തിപ്പെടുത്തുന്നതിനുള്ള വലിയ ധർമ്മം മാർ സേവേറിയോസിൽ നിക്ഷിപ്തമായി. പൂർവ്വാധികം ധീരതയോടും ശക്തിയോടും കൂടെയാണ് തിരുമേനി ഈ ദൗത്യം സഫലമാക്കിക്കൊണ്ടിരുന്നത്. ഇടപെടുന്നവർക്കെല്ലാം അങ്ങേയറ്റം ആകർഷണീയനായിരുന്ന തിരുമേനിക്ക് വലിയൊരു സുഹൃത്‌വലയം ഉണ്ടായിരുന്നു. പുനരൈക്യപ്പെട്ടിട്ടുപോലും തിരുമേനിയെ ഉറ്റു സ്നേഹിച്ച അനേകർ ഓർത്തഡോക്സ് സഭയിലുണ്ടായിരുന്നു. ഈ സ്വാധീനക്കരുത്തിന്റെ പിൻബലത്തോടെ അവരിൽ പലരേയും മലങ്കര കത്തോലിക്കാസഭയിലേക്കാനയിക്കുവാൻ തിരുമേനിക്ക് അനായാസം സാധിച്ചു. തിരുവല്ലാ രൂപതയുടെ അഞ്ചാമത്തെ മെത്രാപ്പോലീത്തയായി സ്തുത്യർഹസേവനം കാഴ്ചവെച്ച ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ കുടുംബാംഗങ്ങളെ മാർ സേവേറിയോസ് പിതാവ് പുനരൈക്യപ്പെടുത്തിയത് ഇതിനൊരുദാഹരണം. തിമോത്തിയോസ് തിരുമേനിയുടെ പിതാവ് ജേക്കബ് ചുണ്ടേവാലേൽ അച്ചനും കുടുംബാംഗങ്ങളും അന്നു യാക്കോബായ സഭയിലായിരുന്നു. അദ്ദേഹത്തോടു പുനരൈക്യത്തെപ്പറ്റി മാർ സേവേറിയോസ് പലതവണ സംസാരിച്ചിരുന്നു. എന്നിട്ടും അദ്ദേഹം പുനരൈക്യപ്പെട്ടില്ല. ഒരു ദിവസം കോട്ടയം പട്ടണത്തിലൂടെ നടന്നുപോവുകയായിരുന്ന ജേക്കബ് ചുണ്ടേ

www.malankaralibrary.com



വാലേൽ അച്ചനെ അതുവഴി കാറിൽ വന്ന തിരുമേനി കണ്ടു. ഉടൻ അച്ചന്റെ അരികിൽ കാർ നിർത്തി തിരുമേനി ചോദിച്ചു; "ജേക്കബ്ബച്ചാ, ഇനി എന്തിനു വൈകുന്നു? എന്നോടുകൂടി കാറിൽ കയറിക്കൊള്ളൂ". അച്ചൻ അനുസരിച്ചു. ആ യാത്ര ചെന്നു നിന്നത് തിരുവല്ലാ അരമന യുടെ മുറ്റത്ത്. സാർവ്വത്രിക സഭയുടെ അനന്യമായ സവിശേഷതകളെ പ്പറ്റി സവിസ്തരം ആ യാക്കോബായ പുരോഹിതനോട് മാർ സേവേറി യോസ് സംസാരിച്ചു. ശരിയായ ഉൾക്കാഴ്ചയോടെ അച്ചൻ അന്നുതന്നെ തിരുമേനിയിൽ നിന്നും പുനരൈക്യപ്പെട്ടു. അധികമായ സന്തോഷ ത്തോടെ തിരുമേനി ചുണ്ടേവാലേലച്ചനെ അന്ന് അരമനയിൽ കൂടെ താമസിപ്പിച്ച് പിറ്റേന്നു രാവിലെ മാത്രമാണ് വീട്ടിലേക്കയച്ചത്. വീട്ടിലെ ത്തിയ അച്ചൻ കുടുംബാംഗങ്ങളെയെല്ലാം പുനരൈക്യപ്പെടുത്തുകയും ചെയ്തു.

കത്തോലിക്കാ സഭയുടെ ശക്തനായ വക്താവായി തിരുവല്ലാ രൂപ തയിൽ നിറഞ്ഞു നിന്നു പ്രവർത്തിച്ചിരുന്ന തിരുമേനിക്കു പക്ഷേ, ഭേദ ചിന്ത കൂടാതെ കത്തോലിക്കരോടെന്നപോലെ അകത്തോലിക്കരോടും അത്യന്തം സ്നേഹമായിരുന്നു. ചിലർ സങ്കുചിത ബുദ്ധിയാൽ ഈ സാർവ്വത്രിക സ്നേഹത്തെ വിമർശിച്ചപ്പോൾ തിരുമേനി പ്രത്യുത്തരി ച്ചത് ഇപ്രകാരമാണ്;

"യാക്കോബായ വിശ്വാസികളും എന്റെ മക്കളാണ്,

നാളെ അവർ എന്റെ മടിയിൽ ഇരിക്കും."

"നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായ അകത്തോലിക്കാ മക്കളുടെ മാനസാന്തരത്തിനായി സ്വർഗ്ഗ ത്തിൽച്ചെന്നും ദൈവസന്നിധിയിൽ നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കും" എന്നു പറഞ്ഞ മാർ ഈവാനിയോസ് തിരുമേനിയുടെ ആശയത്തോട് മാർ സേവേറിയോസിന്റെ മേൽപറഞ്ഞ വാക്യവും ചേർത്തുവയ്ക്കാം.

മാർ സേവേറിയോസ്, ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാർ സംയുക്തമായി പുറത്തിറക്കിയ ഇടയലേഖനം വഴി 1954 സെപ്റ്റംബർ 20 മുതൽ 1955 സെപ്റ്റംബർ 20 വരെയുള്ള കാലഘട്ടത്തെ പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി വർഷമായി പ്രഖ്യാപിച്ചി രുന്നു. പ്രാണതുല്യം തിരുമേനി പ്രണയിച്ച പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി സമാപനം 1955ൽ വകയാറിൽ വച്ച് ആഘോഷിച്ചപ്പോൾ തിരുമേനി പരലോകപ്രാപ്തനായിക്കഴിഞ്ഞിരുന്നു എങ്കിലും ആ ജൂബി ലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുവാൻ സേവേറിയോസ് തിരുമേ നിക്ക് ഭാഗ്യമുണ്ടായി. ഉദ്ഘാടന പ്രസംഗത്തിലൂടെ തിരുമേനി പറഞ്ഞ വാക്കുകൾ പുനരൈക്യ പ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതി ബദ്ധത വ്യക്തമാക്കുന്നു;



"മക്കളേ, നമ്മളിപ്പോൾ ഒരു ലക്ഷം വിശ്വാസികൾ ആയിട്ടുണ്ട്. ഈ ജൂബിലിവത്സരത്തിൽ നമുക്കത് രണ്ടുലക്ഷം ആക്കണം. അതിനായി ഓരോ വ്യക്തിയും മറ്റൊരാളെക്കൂടി പുനരൈക്യപ്പെടുത്തുവാൻ ശ്രമി ക്കണം."

തിരുമേനിയുടെ ഭരണാരംഭത്തിൽ തിരുവല്ലാ രൂപതയുടെ തെക്കു ദേശത്ത് പുനരൈക്യപ്രസ്ഥാനം ശക്തിപ്രാപിച്ചുവന്നിരുന്നു. എന്നാൽ വടക്കുഭാഗത്തുള്ള മൂവാറ്റുപുഴ, കുന്നംകുളം എന്നീസ്ഥലങ്ങളിൽ യാക്കോബായസഭ അതിശക്തമായ സ്വാധീനം ചെലുത്തിയിരുന്നതി നാൽ പുനരൈക്യപ്രസ്ഥാനം പുരോഗമിച്ചിരുന്നില്ല. ഇതിനു പരിഹാര മായി മാർ സേവേറിയോസിന്റെ സവിശേഷശ്രദ്ധ ഈ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചു. ധാരാളം വിദ്യാലയങ്ങളും സന്ന്യാസിനീ മഠങ്ങളും തിരു മേനി ആ പ്രദേശങ്ങളിൽ സ്ഥാപിച്ചു. 'എണ്ണത്തേക്കാൾ വണ്ണത്തെയാണ് ഞാൻ കൂടുതലായി അഭിലഷിക്കുന്നത് 'എന്ന് പലപ്പോഴും പറയാറു ണ്ടായിരുന്ന തിരുമേനി ആ വാക്യത്തെ അന്വർത്ഥമാക്കുമാറ് ആ പ്രദേ ശങ്ങളിലെ ഏറ്റവും ആഢ്യരും പ്രഗത്ഭരുമായ കുടുംബാംഗങ്ങളെയാണ് കത്തോലിക്കാസഭയിലേക്ക് പ്രവേശിപ്പിച്ചത്. മാത്രമല്ല, യാക്കോബായ സഭയിലെ പണ്ഡിതരും വാഗ്മികളുമായ പല പുരോഹിതന്മാരേയും ഇപ്രകാരം കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ച് പുനരൈക്യ മുന്നേറ്റം ആ വടക്കൻ പ്രദേശങ്ങളിൽ ദൃഢപ്പെടുത്തി. തിരുവല്ലാ രൂപ തയിലെ വിദ്യാലയങ്ങൾ യാക്കോബായ സഭയുടെ ശക്തികേന്ദ്രങ്ങളായ പിറവം, വെളിയനാട്, തിരുവാണിയൂർ, അഞ്ചൽപ്പെട്ടി തുടങ്ങിയ സ്ഥല ങ്ങളിൽ തിരുമേനി സ്ഥാപിച്ചതിനെ പലരും വിമർശിച്ചു. എന്നാൽ പുന രൈക്യ പ്രസ്ഥാനത്തിന്റെ വളർച്ച ലക്ഷ്യമാക്കിയുള്ള ദീർഘവീക്ഷണ പദ്ധതികളുടെ ഭാഗമായിരുന്നു അതെന്ന് പിൽക്കാല ചരിത്രം സാക്ഷ്യ പ്പെടുത്തുന്നു. അതിന്റെയൊക്കെ ഫലമായാണ് വർഷത്തിൽ ആയിര ത്തോളമാളുകൾ വീതം തിരുവല്ലാ രൂപതയിൽ മാത്രമായി പുനരൈക്യ പ്പെട്ടുകൊണ്ടിരുന്നത്.

ഓരോ മലങ്കര കത്തോലിക്കന്റെയും സഭാ ദൗത്യം പുനരൈക്യപ്ര സ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി സദാ ജാഗരൂകതയോടെ പ്രവർത്തിക്കുക എന്നതാകുന്നു എന്ന് ഇടയ ലേഖനത്തിലൂടെ തിരു മേനി കൂടെക്കൂടെ സഭാ മക്കളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ഉദാ ഹരണമായി 1950 ഡിസംബർ 12ന് തിരുമേനി അയച്ച ഇടയലേഖന ത്തിലെ ഒരു ഖണ്ഡിക പകർത്തട്ടെ.

"പുനരൈക്യമേഖലയായിരിക്കണം നമ്മുടെ ഭക്ഷണവും പാനീ

www.malankaralibrary.com



യവും. യാക്കോബായക്കാരെക്കുറിച്ചുള്ള ചിന്ത നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. അവരുടെ പുനരൈക്യം നമ്മുടെ ജീവൻ ആയിരിക്കണം. പുനരൈക്യവേല ചെയ്യാത്ത മണിക്കൂറുകളും ദിവസങ്ങളും നമുക്കു നഷ്ടമായി ഗണിക്കണം. പുനരൈക്യവേല പ്രാർത്ഥനയോ, പ്രായശ്ചിത്തകർമ്മമോ, എഴുത്തോ, പ്രസംഗമോ, സംസാരമോ, ശുശ്രൂഷയോ ഏതെങ്കിലുമാവാം. നാം ഓരോരുത്തരും അതിനായി നമ്മെത്തന്നെ ചെലവാക്കണം. ഫലത്തേക്കുറിച്ചു നോക്കേണ്ടാ. അതു ചിലപ്പോൾ ആശാജനകമായിരിക്കും; ചിലപ്പോൾ ഒരു ഫലവും കണ്ടില്ലെന്നും വരാം. ജോലി ചെയ്തു എന്നുള്ളതു മതി. മിഷൻ വേലയിൽ നമ്മുടെ ആയുധങ്ങൾ എത്രയും പരിശുദ്ധങ്ങളും ദൈവികവും ആയിരിക്കണം."

കത്തോലിക്കാ സഭയിൽ പ്രവേശിച്ച ശേഷവും അദ്ദേഹം അനുവർത്തിച്ചു പോന്ന ഭക്തിപ്രകടനങ്ങൾ യാക്കോബായ വിശ്വാസികൾക്കു പോലും സ്വീകാര്യമായിരിക്കണം എന്നദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഉദാഹരണമായി ജപമാല പ്രാർത്ഥനയുടെ കാര്യം. കത്തോലിക്കനായ തിരുമേനി ജപമാലഭക്തനായിരുന്നു. എന്നാൽ ആ ജപമാല ഭക്തി അകത്തോലിക്കരുടെ പുനരൈക്യത്തിന് തടസ്സമാകാതിരിക്കാൻ പരസ്യമായി ജപമാല ചൊല്ലിയിരുന്നില്ല. തിരുമേനി ഒരിക്കൽ എഴുതി. "യാക്കോബായക്കാർക്കു രുചിക്കാത്ത ഭക്തി പ്രകടനങ്ങളും രീതികളും ഇപ്പോഴേ അനുവർത്തിക്കുന്നതു സൂക്ഷിച്ചുവേണം. മാർ ഈവാനിയോസ് തിരുമേനി അന്ത്യോഖ്യൻ ക്രമങ്ങൾ അനുവർത്തിച്ചുകൊണ്ടുള്ള ഒരു പുതിയ റീത്ത് അനുവദിപ്പിച്ചെടുത്തതു തന്നെ അവരുടെ തഴക്കത്തെ ആദരിച്ചാണല്ലോ".

പുനരൈക്യ പ്രസ്ഥാനത്തെ കുറിച്ചും മലങ്കര കത്തോലിക്കാ സഭയെപ്പറ്റിയുമൊക്കെ പറയുമ്പോൾ തിരുമേനി, ആനന്ദാതിരേകത്താൽ കണ്ണീർ പൊഴിക്കുമായിരുന്നു. ഒരു പക്ഷേ, പുനരൈക്യപ്പെടുംമുമ്പ് കത്തോലിക്കാ സഭയോടു കാട്ടിയ കടുംകൈകളും പുനരൈക്യാനന്തരം അനുഭവിച്ചറിഞ്ഞ സ്വർഗ്ഗീയ സൗഭാഗ്യങ്ങളും അനുസ്മരിച്ചതിനാലാവാം ആ മിഴികൾ നിറഞ്ഞൊഴുകിയിരുന്നത്. ഒരിക്കൽ പുഷ്പഗിരി മെത്രാസനമന്ദിരത്തിൽ രൂപതാവൈദികരുടെ സമ്മേളനം നടക്കുകയായിരുന്നു. അദ്ധ്യക്ഷനായിരുന്ന തിരുമേനി പ്രസംഗ മദ്ധ്യേപറഞ്ഞു "കത്തോലിക്കാ സഭയുമായി പുരരൈക്യപ്പെടാൻ കഴിഞ്ഞത് മഹാഭാഗ്യം, ഇതു നേരത്തേ ലഭിക്കാതെ പോയല്ലോ..." അത്രയും പറഞ്ഞപ്പോഴേക്കും വികാരാധീനനായി അദ്ദേഹം കരഞ്ഞുപോയി. പോക്കറ്റിൽ നിന്നും തൂവാലയെടുത്ത് ആനന്ദാശ്രുക്കൾ തുടച്ച ശേഷമാണ് തിരുമേനി പ്രസംഗം തുടർന്നത്.

പതിനഞ്ച്

# അവിശ്രമപരിശ്രമങ്ങൾ

**അ**വിശ്രമാദ്ധ്വാനിയായിരുന്ന തിരുമേനി സ്വന്തം ആരോഗ്യം പോലും മറന്നാണ് പ്രവർത്തിച്ചത്. കരുത്താർന്ന ശരീരമായിരുന്നെങ്കിലും പലവിധ രോഗങ്ങളാൽ അദ്ദേഹം പ്രയാസപ്പെട്ടുകൊണ്ടിരുന്നു. വാതം, പ്രമേഹം തുടങ്ങിയ രോഗപീഡകൾ കൂടാതെ തലയുടെ പിൻഭാഗത്ത് കടുത്ത വേദനയും കൂടെക്കൂടെ അനുഭവപ്പെട്ടുകൊണ്ടിരുന്നു. രോഗശമനത്തിനായി ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നത് പരിപൂർണ്ണ വിശ്രമമാണ്. എന്നാൽ സുഖം, വിശ്രമം തുടങ്ങിയ പദങ്ങൾ തന്റെ ജീവിത നിഘണ്ടുവിൽ ഇല്ലായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രാണൻ ഹോമിക്കാൻ പോലും അദ്ദേഹം ഒരുക്കമായിരുന്നു. കിട്ടിയ പണം മുഴുവൻ പുനരൈക്യപ്രസ്ഥാനത്തിന്റെ ഉന്നമനത്തിനായി അദ്ദേഹം ചെലവഴിച്ചു. രോഗാവസ്ഥയിലും കഠിനാദ്ധ്വാനിയായിരുന്ന തിരുമേനിയോട് വിശ്രമത്തെപ്പറ്റി ഓർമ്മപ്പെടുത്താൻ ചെല്ലുന്ന അച്ചൻമാരെ നോക്കി തിരുമേനി പറഞ്ഞു, "ബഹുമാനപ്പെട്ട അച്ചന്മാരെ, നമ്മൾ ജോലി ചെയ്തുകൊണ്ടു മരിക്കണം." പല വൈദിക സമ്മേളനങ്ങളിലും തിരുമേനി ആവർത്തിക്കുമായിരുന്നു, "ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നില്ലെങ്കിൽ അതുഫലം പുറപ്പെടുവിക്കുകയില്ല."

പുനരൈക്യസഭയെ ആക്ഷേപിച്ചു തകർക്കാനായി പ്രസംഗപര്യടനം നടത്തിയ തിരുമേനി പിന്നീട് അതേ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടിയും പ്രസംഗത്തെത്തന്നെ കൂട്ടുപിടിച്ചു. സമൂഹത്തിൽ സത്യാവബോധമുണർത്താനും വിശുദ്ധിവളർത്താനും പ്രസംഗങ്ങളും പ്രാർത്ഥനയുമായി രൂപതയിലെങ്ങും അദ്ദേഹം സജീവസാന്നിദ്ധ്യമായി. എല്ലാ വർഷങ്ങളിലും ജനുവരി 18 മുതൽ 25 വരെയുള്ള ഒരാഴ്ചക്കാലം രൂപതയിൽ പ്രാർത്ഥനാവാരമായി ആചരിച്ചു പോന്നു. തിരുവല്ലാ സെന്റ്

www.malankaralibrary.com



ജോൺസ് കത്തീഡ്രലിന്റെ അങ്കണത്തിൽ പ്രഗത്ഭമതികളെ അണിനിരത്തിയാണ് ഈ പ്രസംഗവാരം നടത്തിയിരുന്നത്. പാളയംകോട് സെന്റ് സേവ്യേഴ്സ് കോളേജിലെ പ്രൊഫസറായിരുന്ന ഭിക്ഷാംദേഹി ബ്രദർ പീറ്റർ റഡ്ഢി, ഫാ. ആൽബർട്ട് മുത്തുമലൈ എസ്.ജെ., റവ. ഡോ. പ്ലാസിഡ് പി.എച്ച്.ഡി. ഡി.സി.എൽ, ഫാ. തോമസ് മണ്ണഞ്ചേരി, വി.സി. ജോർജ് ബി.എ, എൽ.റ്റി, തുടങ്ങിയ പ്രഭാഷകരെയാണ് ഇതിനായി തിരുമേനി തെരഞ്ഞെടുത്തത്. പ്രസംഗവേദിയിൽവച്ചുതന്നെ ജനങ്ങളുടെ വിശ്വാസസംബന്ധമായ സംശയങ്ങൾക്കു നിവാരണം വരുത്താനും അവസരം ഒരുക്കപ്പെട്ടിരുന്നു.

കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട അൽമായർക്ക് വിശ്വാസ സംബന്ധമായ വിവാദവിഷയങ്ങളിൽ ആഴമായ അറിവ് നൽകി വിവിധ സ്ഥലങ്ങളിലയച്ച് പ്രസംഗിപ്പിച്ചു. എല്ലാ ഇടവകകളും പ്രബോധനക്കളരിയാകത്തക്ക വിധത്തിൽ ഇത്തരം പ്രഭാഷണങ്ങളാലും ചർച്ചകളാലും സജീവമാക്കാൻ തിരുമേനി ഉത്സാഹിച്ചു. ഇത്തരം യോഗങ്ങളിൽ ദേഹാസ്വാസ്ഥ്യം പോലും മറന്ന് തിരുമേനി അദ്ധ്യക്ഷം വഹിച്ച് കാര്യങ്ങൾ നേരിട്ടു നടത്തി.

അതോടൊപ്പം ലഘുലേഖകൾ അച്ചടിച്ച് രൂപതയിലെങ്ങും വിതരണം ചെയ്യാനും തിരുമേനി നേതൃത്വം നല്കി. സത്യപ്രകാശം എന്ന പേരിൽ മാസന്തോറും പ്രസിദ്ധീകരിച്ചിരുന്ന ലഘുപത്രികയിലൂടെ ഇടവകതോറുമുള്ള സുവിശേഷവൽക്കരണത്തിന്റെ ചുമതല ഫാ. ജേക്കബ് വലിയപറമ്പിലിനായിരുന്നു. ഇംഗ്ലണ്ടിൽ പ്രചാരത്തിലിരുന്ന 'കത്തോലിക്കാ സാക്ഷ്യസംഘം' രൂപതയിൽ ആരംഭിച്ചതും തിരുമേനിയായിരുന്നു. അതിന്റെ സാരഥ്യം ഡിസ്ട്രിക്ട് ജഡ്ജിയും സമുദായ സ്നേഹിയുമായിരുന്ന എ.പിലിപ്പോസ് എം.എ., ബി.എൽ. ന് ആണ് തിരുമേനി കല്പിച്ചു നല്കിയത്.

"ഒരു ക്രിസ്ത്യാനിക്ക് ഒരു മിഷനറിയാവാതിരിക്കാൻ സാദ്ധ്യമല്ല" എന്നു കൂടെക്കൂടെ പറയാറുണ്ടായിരുന്ന തിരുമേനി, സഭാമക്കളുടെ ആത്മീയോത്തേജനത്തിനായി നിരന്തരം യത്നിച്ചിരുന്നു.

രൂപതയുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ചു പോന്ന കഠിനാദ്ധ്വാനിയായ തിരുമേനിയെപ്പറ്റി റവ. ഡോ. ജോസഫ് ഏറ്റുമാനൂക്കാരൻ എഴുതി;

"സ്വകർത്തവ്യനിർവ്വഹണാർത്ഥം സമയം മുഴുവൻ ചെലവഴിക്കണമെന്നുള്ള ഒരു നിഷ്ഠ സേവേറിയോസ് തിരുമേനിക്കുണ്ടായിരുന്നു. ക്ലാർക്കുമാരും സെക്രട്ടറിമാരും ചെയ്യേണ്ട മിക്ക ജോലികളും തിരുമേനി തനിച്ചു ചെയ്തിരുന്നു. തനിക്കു ലഭിച്ച കത്തുകൾക്കു മിക്കവാറും തിരുമേനി സ്വന്തം കൈപ്പടയിൽ അന്നു തന്നെ മറുപടി അയയ്ക്കുമായിരുന്നു. പാശ്ചാത്യരേപ്പോലും അതിശയിപ്പിക്കുന്ന കൃത്യനിഷ്ഠയായിരുന്നു ഇക്കാര്യത്തിൽ. ധാരാളമായി ദിനംപ്രതി വന്നുകൊണ്ടിരുന്ന കത്തുകൾക്ക് നിന്നുകൊണ്ട്, പൊക്കം കൂടിയ ഒരു ഡസ്കിന്മേൽ വച്ച് ധൃതിയോടെയാണ് മറുപടി എഴുതിയിരുന്നത്.



വിശ്രമമെന്യേ ജോലി ചെയ്യുക തിരുമേനിയുടെ പ്രത്യേകതയായിരുന്നു. മിഷൻ സ്ഥലങ്ങൾ സന്ദർശിക്കുകയും പലയോഗങ്ങളിലും അദ്ധ്യക്ഷം വഹിക്കുകയും ദീർഘപ്രസംഗങ്ങൾ നടത്തുകയും ചെയ്തിട്ട് അരമനയിൽ മടങ്ങിവരുമ്പോൾ തന്റെ സാന്നിദ്ധ്യം ഉടനെ എവിടെയെങ്കിലും ആവശ്യമാണെന്നു കണ്ടാൽ തിരുമേനി സ്വന്തം മുറിയിൽ പ്രവേശിക്കാതെതന്നെ ആ സ്ഥലത്തേക്കു യാത്ര തിരിച്ചിരുന്നു. ഒരിക്കൽ വിദൂരമായ മൂന്നാറിൽ നിന്ന് പാതിരാവിൽ തിരുവല്ലായിൽ തിരുമേനി തിരിച്ചെത്തിയപ്പോൾ മണിക്കൂറുകളോളം യാത്രാദൂരമുള്ള മുണ്ടക്കയത്തേക്കു തിരുമേനിയെ കൊണ്ടുപോകാനായി ചില മാന്യന്മാർ കാത്തു നില്കുന്നുണ്ടായിരുന്നു. അതിരാവിലെ എഴുന്നേറ്റ് മുണ്ടക്കയത്തേക്കുപോവുകയും അവിടെ തിരുക്കർമ്മങ്ങൾ, പൊതുയോഗം മുതലായവയിൽ സംബന്ധിക്കുകയും ചെയ്തതിനുശേഷം ഒട്ടും വിശ്രമിക്കാതെ അയിരൂരിലെത്തി ഒരു പ്രസംഗയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഇതുപോലെ നിരവധി സംഭവങ്ങൾക്ക് ഈ ലേഖകൻ സാക്ഷിയാണ്."

പഴമയുടെ പ്രൗഢിയോടും സൗന്ദര്യത്തോടും കൂടി തിരുവല്ലാ നഗരഹൃദയത്തിൽ നിലകൊള്ളുന്ന മേരിഗിരി അരമന 1952ൽ പടുത്തുയർത്തി രൂപതാഭരണസ്ഥാനം പുഷ്പഗിരിയിൽ നിന്നും അവിടേക്കു മാറ്റിയത് സേവേറിയോസ് തിരുമേനിയാണ്.

ഭരണകാര്യങ്ങളെല്ലാം ഏറ്റവും കുറ്റമറ്റതരത്തിലായിരിക്കുവാൻ നിർബന്ധമുണ്ടായിരുന്ന തിരുമേനി സർവ്വകാര്യങ്ങളിലും അതീവശ്രദ്ധയോടെ നേരിട്ട് ഇടപെട്ടിരുന്നു. 1938 ഡിസംബർ മാസത്തിലെ ക്രിസ്തുമസ് ദിനത്തിൽ തിരുമേനിയുടെ സ്വന്തം ഇടവകയിൽ ഒരു താല്കാലിക ഷെഡ് കെട്ടി വി. കുർബ്ബാന അർപ്പിക്കുന്നതു സംബന്ധിച്ച് തിരുമേനി എഴുതി;

"കുർബ്ബാനയ്ക്കു വേണ്ട സാമാനങ്ങളെല്ലാം അവിടെ ഉണ്ടായിരിക്കുമല്ലോ, മെഴുകുതിരിയും കാലും ഇവിടെ നിന്നും കൊണ്ടുപോരാം. സാമാനങ്ങളെന്തെല്ലാമെന്ന് ജോണച്ചൻ പറഞ്ഞിട്ടുണ്ടല്ലോ. ഭക്ഷണത്തിന് എട്ടുപത്ത് പേര് ഓരോനേരവും കാണുമായിരിക്കും. അതിനുള്ള ക്രമീകരണം അടുത്തുള്ള ഏതെങ്കിലും വീട്ടിലായാൽ സൗകര്യമായിരിക്കും. തീ ഉഴലിക്കുള്ള വിറക് പ്ലാവോ അതുപോലുള്ള നല്ലതരം വല്ലതു

www.malankaralibrary.com



മായിരിക്കണം. കുന്തുരുക്കം കൊണ്ടുവരുന്നതിന് ജനങ്ങൾ അധികം കാണത്തില്ലായിരിക്കുമല്ലോ. അതിനാൽ കുറേ പൊടിക്കുന്തുരുക്കവും മണിക്കുന്തുരുക്കവും വാങ്ങണം".

പുനരൈക്യപ്പെടാൻ സന്നദ്ധരായി വന്നവരെയെല്ലാം വിശദമായ നിരീക്ഷണത്തിനു വിധേയമാക്കിയ ശേഷം മാത്രമേ തിരുമേനി കത്തോലിക്കാ സഭയിൽ ചേർത്തിരുന്നുള്ളു. ഇക്കാര്യത്തിലും നേരിട്ട് എത്ര സൂക്ഷ്മമായ ശ്രദ്ധയാണ് തിരുമേനി പുലർത്തിപോന്നിരുന്നത് എന്ന് തിരുമേനി എഴുതിയ ഈ കത്ത് വ്യക്തമാക്കുന്നു.

"........ അച്ചൻ സി.എം.എസ്. കാരനായിരുന്നു. മാമോദീസാ കൊടുത്താണോ കാതോലിക്കാബാവാ സ്വീകരിച്ചതും പിന്നെ പട്ടംകൊടുത്തതും ഈ കാര്യങ്ങൾക്ക് ആദ്യം ഉറപ്പുകിട്ടണം. പിന്നീട് അയാളുടെ ജീവിതരീതിയെക്കുറിച്ച് അറിയണം. യാക്കോബായരുടെ ഇടയിൽ തന്നെ നല്ല അഭിപ്രായവും മതിപ്പുമില്ലാത്തവരെ പട്ടക്കാരായി സ്വീകരിക്കുന്നതിൽ നമ്മുടെ ആളുകൾക്ക് നല്ല അഭിപ്രായമില്ല. ചേർന്നു കഴിഞ്ഞാൽ തന്നെ കുറേനാൾ കത്തോലിക്കാ വിശ്വാസം മുതലായവ പഠിക്കണം. അതിന് ഒരുക്കമുണ്ടോ? മാമോദീസാ ശരിയായിട്ടു കിട്ടിയിട്ടുണ്ടോ എന്നും പഠിക്കാൻ ഒരുക്കമുണ്ടോ എന്നും അറിയണം. ഞാൻ അതെക്കുറിച്ച് ഇവിടെ അന്വേഷിക്കും."

ഇപ്രകാരം സർവ്വവിഷയങ്ങളിലും അതീവശ്രദ്ധയോടെ ഇടപെട്ടുപോന്ന തിരുമേനിക്ക് തന്റെ ഉദ്യമങ്ങളെല്ലാം സഫലീകരിക്കപ്പെട്ടു. അതിൻഫലമായി പുരോഗതിയിൽ നിന്നു പുരോഗതിയിലേക്ക് രൂപത മുന്നേറിക്കൊണ്ടിരുന്നു. ഈ കർമ്മസാഫല്യത്തെ പ്രകീർത്തിച്ച് വിദ്യാൻ വി.റ്റി. ഐപ്പ് പ്രാസസമൃദ്ധമായ സരസകാവ്യത്തിലൂടെ എഴുതി;

"തിരുവല്ലായാം രൂപതതന്നുടെ
ഭരണം നമ്മുടെ സേവേറിയോസാം
തിരുമനസ്സേറ്റിട്ടിരുപതുവർഷം കൊ-
ണ്ടിരുപതു വർഷപ്പൊലിമ വളർത്തി
ത്തിരുസഭ മഹിമ വളർത്തീടുന്നു."

കത്തോലിക്കാസഭയുടെ പരമകേന്ദ്രസ്ഥാനമായ റോമിലെ വത്തിക്കാനിൽ നിന്നുള്ള 'ഒസർവത്തോരേ റൊമാനോ' എന്ന മുഖപത്രത്തിൽ മാർ സേവേറിയോസിലൂടെ രൂപതയ്ക്കുണ്ടായ വളർച്ചയെപ്പറ്റി പ്രതിപാദിച്ചു.

"1938 നവംബർ 20-ാം തീയതി മാർ സേവേറിയോസ് തിരുമേനി



രൂപതാഭരണം കയ്യേറ്റു. തിരുമനസ്സിന്റെ ഭരണഫലമായി പുനരൈക്യപ്രസ്ഥാനം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഇക്കഴിഞ്ഞ പതിനൊന്നു സംവത്സരക്കാലത്തിനിടയിൽ ഏഴായിരത്തിൽപരം അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും 35 പള്ളികളും കപ്പേളകളും പണികഴിപ്പിക്കുകയും 7 ഹൈസ്ക്കൂളുകളും 8 മിഡിൽ സ്ക്കൂളുകളും നിരവധി പ്രാഥമിക വിദ്യാലയങ്ങളും മൂന്നു കന്യകാലയങ്ങളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രൂപതാ വൈദികരുടെ സംഖ്യ 38 ആയിരുന്നത് 67 ആയും കന്യാസ്ത്രീകളുടെ സംഖ്യ 3 ആയിരുന്നത് 45 ആയും വർദ്ധിച്ചു. വിയോജിച്ചു നിൽക്കുന്ന സഹോദരന്മാരെ ഏക തൊഴുത്തിലേക്കാനയിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളൊന്നും തിരുമേനി പ്രായോഗികമാക്കാതിരുന്നിട്ടില്ല."

www.malankaralibrary.com

പതിനാറ്

# നല്ലിടയൻ

ആത്മീകതയിൽ അടിസ്ഥാനപ്പെട്ടുള്ള ഒരു ധാർമ്മികവ്യക്തിത്വം രൂപപ്പെട്ടു വരണമെങ്കിൽ ശൈശവകാലം മുതൽ അതീവ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്ന് തിരുമേനി വിശ്വസിച്ചിരുന്നു. അതിനാൽ കുഞ്ഞുങ്ങളുടെ കാര്യത്തിൽ അദ്ദേഹത്തിനു വളരെ കരുതലുണ്ടായിരുന്നു. മതബോധനത്തിലൂടെ അടിസ്ഥാനമുറപ്പിച്ച ഒരു വിദ്യാഭ്യാസ രീതി അവർക്കു നല്കാനായിരുന്നു തിരുമേനിയുടെ ശ്രമം. പള്ളിയും അതിനോടനുബന്ധിച്ചുള്ള പള്ളിക്കൂടവും മനുഷ്യനെ ഏറ്റവുമധികം സ്വാധീനിക്കുന്ന വിശുദ്ധനിലയങ്ങളാണെന്നുള്ള ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു. കുട്ടികളിലെ മതബോധനത്തിന്റെ അനിവാര്യതയെപ്പറ്റിയും പ്രസക്തിയെപ്പറ്റിയും ബോധവാനായിരുന്ന തിരുമേനി പറയുമായിരുന്നു "വിശ്വാസാധിഷ്ഠിതമായ പുതിയൊരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഇതു മാത്രമാണു മാർഗ്ഗം."

സകല ജനത്തിന്റെയും ആത്മീയ വളർച്ച ലക്ഷ്യമാക്കി ധാരാളം പള്ളികളും അവയോടനുബന്ധിച്ച് പള്ളിക്കൂടങ്ങളും പടുത്തുയർത്താൻ സാമ്പത്തികക്ലേശം രൂക്ഷമായിരുന്ന സാഹചര്യത്തിൽ പോലും തിരുമേനി ഉത്സാഹിച്ചു. കളമ്പാല, ചുങ്കപ്പാറ, ചെങ്ങരൂർ, എരുമേലി, പിറവം, പാമ്പാടി, കടമാങ്കുളം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ച് ആ പ്രദേശങ്ങളിൽ തിരുമേനി ആത്മീയ പ്രഭ വിതറി. അതേ ശുഷ്ക്കാന്തിയോടെ തന്നെ പള്ളിക്കൂടങ്ങളും സ്ഥാപിച്ച് ജ്ഞാനത്തിന്റെയും ധാർമ്മികതയുടെയും അടിത്തറ ഒരുക്കി. ചുങ്കപ്പാറയിൽ മണ്ണൂർ കൃഷ്ണൻനായർ വക്കീലിന്റേതായി നിലവിലുണ്ടായിരുന്ന മിഡിൽ സ്കൂൾ തിരുമേനി വിലയ്ക്കുവാങ്ങി അതിനെ നല്ലൊരു ഹൈസ്ക്കൂളായി ഉയർത്തി. ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്ക്കൂൾ, ഇരുവെള്ളിപ്ര



സെന്റ് തോമസ് ഹൈസ്ക്കൂൾ, പിറവം സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ, ആനിക്കാട് സെന്റ് മേരീസ് ഹൈസ്ക്കൂൾ തുടങ്ങിയവ തിരുമേനിയാണ് സ്ഥാപിച്ചത്. കൂടാതെ ധാരാളം പ്രൈമറി വിദ്യാലയങ്ങളും സ്ഥാപിച്ചു.

എത്ര വലിയ തിരക്കിലാണെങ്കിലും ഈ കലാലയങ്ങളിലെല്ലാം തിരുമേനി കടന്നു ചെല്ലുകയും അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകുമായിരുന്നു. മിടുക്കന്മാരും സൽസ്വഭാവികളുമായ മാതൃകാവിദ്യാർത്ഥികളോട് തിരുമേനിക്ക് പ്രത്യേകമായൊരു മമതയുണ്ടായിരുന്നു. അവരെ വ്യക്തിപരമായി വിളിച്ച് ശക്തിയും പ്രേരണയും നൽകുമായിരുന്നു. തിരുമേനിയുടെ സവിശേഷ ശ്രദ്ധ ഹൈസ്ക്കൂൾ പഠനകാലത്തു തന്നെ അനുഭവിച്ചറിയാൻ ഭാഗ്യമുണ്ടായ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി ഈ ബാല്യാനുഭവങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു ചേർന്നു കഴിഞ്ഞ് ഒരു ദിവസം അരമനയിൽ ചെന്ന അദ്ദേഹത്തോട് തിരുമേനി ചോദിച്ചു "എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി കഴിഞ്ഞാൽ നീ എന്താണു ചെയ്യാൻ ഉദ്ദേശിക്കുന്നത്? തുടർന്നു പഠിക്കണമോ? ഒരദ്ധ്യാപകനാകണമോ?"

എന്തു മറുപടി നൽകണമെന്ന ചിന്തയാൽ ഒരു നിമിഷം മൗനമായി നിന്ന ആ ബാലനോട് തിരുമേനി തന്നെ നിർദ്ദേശിച്ചു, "ഒന്നും വേണ്ട, നീയൊരു വൈദികനായാൽ മതി"

ആത്മീയതയാൽ സമ്പുഷ്ടമായ ഭവനാന്തരീക്ഷത്തിൽ നല്ലൊരു പുരോഹിതന്റെ പുത്രനായി വളർന്ന ബാലൻ ആ നിർദ്ദേശം കേട്ടു കുളിരണിഞ്ഞു. ഒരു പുരോഹിതനാകാനുള്ള ക്ഷണം അന്നാദ്യമായി ശ്രവിക്കാനിടയായ ബാലൻ അന്നുമുതൽ ആ ലക്ഷ്യത്തിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ പ്രാർത്ഥനകളെല്ലാം ദൈവം സ്വീകരിച്ചു. ശ്രേഷ്ഠപുരോഹിതനായും വൈദികവിദ്യാർത്ഥികളുടെ ദീർഘകാല ഗുരുനാഥനായും സർവ്വസ്വീകാര്യനായ ആത്മീയാചാര്യനായും ആ ബാലൻ വളർന്നതു പിൽക്കാല ചരിത്രം.

ബഥനിസന്യാസിനികൾ നടത്തിപ്പോന്നിരുന്ന വിദ്യാലയങ്ങളിലും തിരുമേനി ചെന്ന് അവിടുത്തെ ബോർഡിംഗിൽ താമസിച്ചിരുന്ന വിദ്യാർത്ഥികളെക്കണ്ട് ഉപദേശിച്ചിരുന്നു. അകത്തോലിക്കരായ പെൺകുട്ടികൾപോലും ആ ആത്മീയോപദേശങ്ങളിൽ ആവേശം പൂണ്ട് വീട്ടുകാരുടെ എതിർപ്പുപോലും വകവയ്ക്കാതെ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. അന്നത്തെ സമൂഹത്തിൽ പെൺകുട്ടികളുടെ ഭാഗത്തുനിന്നും ഇത്തരം തീരുമാനങ്ങൾ അചിന്ത്യമായിരുന്നു. എന്നാൽ തിരു

www.malankaralibrary.com



മേനിയെപ്പോലുള്ള പുണ്യപിതാക്കന്മാരിലൂടെ ദൈവം വഴികാട്ടുകയാണെന്ന തിരിച്ചറിവ് ആ കുട്ടികൾക്കുണ്ടായി. അതവരുടെ ഭാവിയെ പ്രഭാപൂർണ്ണമാക്കി. ആദ്യം എതിർത്തിരുന്ന അവരുടെ വീട്ടുകാർപോലും പിന്നീട് പുനരൈക്യപ്പെടുകയും ചെയ്തു. ഇങ്ങനെ പുനരൈക്യപ്പെട്ട പെൺകുട്ടികളിൽ പലരും ബഥനിസന്ന്യാസിനികളായിത്തീർന്ന് സമൂഹത്തിൽ ശക്തമായ പ്രകാശം പരത്തുകയുണ്ടായി.

സന്ന്യാസവൈദികനായിത്തീർന്നില്ലെങ്കിലും ബഥനിസന്ന്യാസാശ്രമത്തിന്റെ ആരംഭകാലം മുതൽ ആ സന്ന്യാസാശ്രമത്തിൽ കഴിയുവാനുള്ള ഭാഗ്യം തിരുമേനിക്കു ലഭിച്ചിരുന്നു. താപസനായ മാർ ഈവാനിയോസ് തിരുമേനിയുടെ ശിഷ്യനായും അദ്ദേഹത്തിന്റെ ആത്മീയ സഹയാത്രികനായിരുന്ന മാർ തെയോഫിലോസ് തിരുമേനിയുടെ സതീർത്ഥ്യനായും ചെറുപ്പകാലം മുതൽ ജീവിച്ച തിരുമേനിക്ക് സന്ന്യാസസമൂഹങ്ങളോട് അധികമായ സ്നേഹവും കരുതലും ഉണ്ടായിരുന്നു. 1936 ജൂലൈ 3-ന് തിരുവല്ലാ രൂപതയിൽ മാർ തെയോഫിലോസ് തിരുമേനിയുടെ ആശീർവാദത്തോടെ ബഥനിസന്ന്യാസിനീ സമൂഹം ആദ്യമായി സ്ഥാപിതമായി. കേവലം മൂന്നു സന്ന്യാസിനികളുമായാണ് ആദ്യമഠം ആരംഭിച്ചത്. ആ സമൂഹത്തെ വളർത്തി വലുതാക്കാൻ രോഗാവസ്ഥയിൽ നിപതിച്ച തെയോഫിലോസ് തിരുമേനിക്ക് സാധിച്ചില്ല. എന്നാൽ ദൈവത്തിന്റെ കരുണയാൽ 1937 നവംബർ 29-ന് സേവേറിയോസ് തിരുമേനി പുനരൈക്യപ്പെടുകയും തെല്ലുതളർന്നു കിടന്ന രൂപതാന്തരീക്ഷം പുനർജീവൻ പ്രാപിച്ച് ഉണർന്നെഴുന്നേല്ക്കുകയും ചെയ്തു. സന്ന്യാസസമൂഹം സഭയുടെ ഹൃദയമാണെന്ന ഉത്തമബോധ്യത്തോടെ തിരുമേനി തീക്ഷ്ണതയോടെ പ്രവർത്തിച്ചു. സന്ന്യാസിനീ സമൂഹത്തിന്റെ വളർച്ച തിരുമേനിയുടെ പ്രധാന ലക്ഷ്യമായിരുന്നു. ബോർഡിംഗോടു കൂടിയ സ്കൂളുകൾ സ്ഥാപിച്ച് സന്ന്യാസിനികളെ അദ്ദേഹം ഏല്പിച്ചു. 'മക്കളേ' എന്ന് അലിവാർന്ന സ്വരത്തിൽ വിളിച്ചുകൊണ്ട് സന്ന്യാസിനികളോടും സംസാരിച്ചിരുന്ന ആ നല്ലിടയൻ പഴയ തലമുറയിലെ കന്യാസ്ത്രീകൾക്ക് മറക്കാനാവാത്ത സുസ്മൃതിയും പ്രചോദനവുമായിരുന്നു. ചില വിശേഷ ദിവസങ്ങളിൽ തിരുമേനിക്കു കിട്ടുന്ന സമ്മാനപ്പൊതികളുമായി അദ്ദേഹം നേരെ സന്ന്യാസിനീ മഠങ്ങളിലേക്ക് ചെന്നിട്ടുണ്ട്. രുചികരമായ വിഭവങ്ങളുടെ പൊതിയഴിച്ച് അതു രണ്ടായി പകുത്ത് തിരുമേനി പറയും;

"ഇതെന്റെ പെൺമക്കൾക്ക്; ഇതെന്റെ ആൺ മക്കൾക്ക്." സന്ന്യാസിനികളേയും സന്ന്യാസിമാരെയും ഉദ്ദേശിച്ചാണു പറയുന്നത്.

സാമ്പത്തിക പരാധീനതയിലായിരുന്നപ്പോൾ പണം കടം വാങ്ങിപ്പോലും സമർത്ഥരായ സന്ന്യാസിനികളെ അദ്ദേഹം ഉപരിപഠനത്തിനയച്ചിരുന്നു. കോളേജിലും നേഴ്സിംഗ് സ്ഥാപനങ്ങളിലും അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലും മറ്റും അവരെ അയച്ച് പഠിപ്പിച്ചു. സാമൂഹ്യസേവനത്തിനു വേണ്ടി തിരുമേനി സ്വരൂകൂട്ടിവച്ചിരുന്ന സ്വന്തം നിക്ഷേപം ഉപയോഗിച്ചാണ് ഇവരിൽ പലരുടെയും പഠനച്ചെലവുകൾ വഹിച്ചുപോന്നിരുന്നത്. പഠനം സമർത്ഥമായി പൂർത്തിയാക്കി തിരിച്ചെത്തിയവരെ അഭിനന്ദിക്കാനും അർഹമായ ചുമതലകളിൽ അവരെ നിയമിക്കാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യ ക്ഷേമപ്രവർത്തനം എന്നീ മേഖലകളിൽ നിർണ്ണായക നേതൃത്വം അവരിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യമായിരുന്നു തിരുമേനിക്കുണ്ടായിരുന്നത്.



കുടുംബത്തിൽ ഒരാൾക്കുപോലും യാതൊന്നിനും കുറവുവരാതെ സർവ്വരുടേയും ക്ഷേമം ഉറപ്പാക്കാൻ അത്യന്തം ശ്രദ്ധിച്ചുപോന്ന നല്ല അപ്പനായിരുന്നു തിരുമേനി. അത്യാവശ്യ കാര്യങ്ങൾക്കായി കുറേനാളത്തേക്ക് ദൂരെ ദേശങ്ങളിൽ തിരുമേനിക്കു മാറിത്താമസിക്കേണ്ട സാഹചര്യമുണ്ടായാൽ തിരിച്ചുവരുന്നതുവരെ അച്ചൻമാർക്കോ സന്ന്യാസിനിമാർക്കോ യാതൊരു കുറവും വരരുതെന്ന ചിന്തയോടെ ആഹാരാദികാര്യങ്ങൾ ഉൾപ്പെടെ അവർക്കുവേണ്ടതെല്ലാം തന്റെ സന്തതസഹചാരിയായ പീലിപ്പോച്ചനെക്കൊണ്ടു വാങ്ങിപ്പിച്ച് സ്വന്തം കാറിലാക്കി മഠങ്ങളിലും മറ്റും എത്തിച്ചു കൊടുക്കുമായിരുന്നു.

നിരന്തരമായ പ്രാർത്ഥനയിലും ധ്യാനത്തിലും അടിസ്ഥാനമിട്ടു വളർന്ന ആ പുണ്യതാതൻ തന്റെ പ്രിയപ്പെട്ട സന്ന്യാസിനികൾക്കുണ്ടായ ചില പൈശാചിക ഉപദ്രവങ്ങളിൽ നിന്നും അവരെ വിമോചിപ്പിച്ചിട്ടുണ്ട്. കുന്നംകുളം മഠത്തിന്റെ പരിസരത്ത് പിശാചിന്റെ ഉപദ്രവം തുടർച്ചയായി ഉണ്ടായി. പുണ്യവാന്മാരുടെയും പുണ്യവതികളുടെയും മിസ്റ്റിക് ജീവിതങ്ങളിൽ ഇത്തരം പൈശാചിക ഉപദ്രവങ്ങൾ വളരെ ശക്തമായിരുന്നതായി കാണാം. ഈശ്വരനോട് ഏറെ അടുക്കാൻ ശ്രമിക്കുന്നവരോടാണല്ലോ പിശാചുക്കൾ ഏറ്റുമുട്ടുന്നത്. വിവരമറിഞ്ഞ താപസപിതാവ് കുന്നങ്കുളത്ത് എത്തുകയും തന്റെ പ്രാർത്ഥനാശക്തിയാൽ പൈശാചികശക്തികളെ ആട്ടിപ്പായിക്കുകയും ചെയ്തു.

മറ്റൊരു സംഭവം ജോർജ് ഇരുമേട വിവരിക്കുന്നു;

"........1952ൽ ചെങ്ങരൂർ കോൺവെന്റ് സ്ക്കൂൾ ആരംഭിച്ച വർഷം. അവിടെ അദ്ധ്യാപികയായിരുന്ന ബഥനി സന്ന്യാസിനി സിസ്റ്റർ നയോമി ഫ്രാൻസിസ് ഇടിമിന്നലേറ്റു മരിച്ചു. എത്രയും പെട്ടെന്ന് തിരുമേനി സ്ഥലത്തുവന്ന് സിസ്റ്റേഴ്സിനെ ആശ്വസിപ്പിക്കുകയും തന്റെ സ്വന്തം കാർ ഡ്രൈവറെക്കൂടി വിട്ടുതന്ന് അങ്കമാലി അകപ്പറമ്പ് കൂരൻ കുടുംബത്തിൽ

www.malankaralibrary.com



നിന്നും സിസ്റ്ററിന്റെ മാതാപിതാക്കന്മാരെ കൊണ്ടുവരുന്നതിന് എന്നെ അയച്ചകാര്യം ഞാൻ ഓർക്കുന്നു."

രോഗിണികളായ സന്ന്യാസിനികളെ കൂടെക്കൂടെ സന്ദർശിച്ച് രോഗ മുക്തിക്കാവശ്യമായ കാര്യങ്ങളെല്ലാം ക്രമീകരിച്ചുകൊടുത്തിരുന്നു. ഏതെങ്കിലുമൊരു സിസ്റ്ററിന്റെ മുഖം വാടിക്കണ്ടാൽ അവരെ പ്രത്യേകം വിളിച്ച് ദുഃഖകാരണം ആരായുകയും അതിനു പരിഹാരം കണ്ടെത്തു കയും ചെയ്യുമായിരുന്നു.

ഇത്രയേറെ സ്നേഹവാത്സല്യങ്ങൾ തങ്ങളുടെ മേൽ ചൊരിയുന്ന തിരുമേനിയുടെ മുമ്പിൽ വിസ്മയത്തോടും അതിരറ്റ കൃതജ്ഞതയുടെ കൂപ്പുകൈകളോടും നിലകൊള്ളുന്ന സന്ന്യാസിനികളോട് തിരുമേനി ചിരിതൂകി പറയുമായിരുന്നു;

"മരിക്കുമ്പോൾ കരയാൻ ഈ പെൺമക്കളേ കാണുകയുള്ളൂ".

പതിനേഴ്

# സ്നേഹതാതൻ

**നി**രന്തരമായ സമ്പർക്കത്തിലൂടെയും ഉപദേശങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും അച്ചന്മാർക്കും അദ്ദേഹം വത്സലപിതാവാ യിരുന്നു. ഫാ. കുറിയാക്കോസ് പടിഞ്ഞാറേമണ്ണിൽ ആ സ്നേഹതാത നെപ്പറ്റി എഴുതുന്നു;

"ഒരു പിതാവിന് തന്റെ മക്കളോടെന്നതിനേക്കാൾ നിർമ്മലവും വിശ്വ സ്തവും പരിശുദ്ധവും ആദരണീയവുമായിരുന്നു വന്ദ്യപിതാവിന്റെ സ്നേഹം. അന്നു വൈദികവിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെ പഠന ത്തിലും പരിശീലനത്തിലും ആരാധനാ ജീവിതത്തിലും സ്വഭാവസംസ്ക്ക രണത്തിലും ഏറ്റവും നിസ്സാരമെന്നു തോന്നാവുന്ന കാര്യങ്ങളിൽ പോലും അതീവ ശ്രദ്ധാലുവായിരുന്നു ആ സ്നേഹപിതാവ്.

ഇന്നത്തെ പുഷ്പഗിരി ആശുപത്രിയുടെ അടുത്തുള്ള രണ്ടുനില കെട്ടിടമായിരുന്നു അന്നത്തെ അരമനയും ഓഫീസും ഭക്ഷണശാലയു മെല്ലാം. അതിനു തൊട്ടടുത്തു കിഴക്കുഭാഗത്തുള്ള രണ്ടുമുറിയും ഒരു ചരിപ്പുമായിരുന്നു മൈനർ സെമിനാരി. രണ്ടാം നിലയിൽ പടിഞ്ഞാറു ഭാഗത്തായിരുന്ന വന്ദ്യ സേവേറിയോസ് പിതാവിന്റെ മുറി. താഴത്തെ നിലയിൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ മുറിയും മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ടിന്റെ നേതൃത്വത്തിലുള്ള ഓഫീസ് മുറികളും. വന്ദ്യപിതാവ് അരമനയിലുള്ളപ്പോൾ ഞങ്ങളുടെ കൂടെ വോളീ ബോൾ കളിക്കാനും കൂടുമായിരുന്നു.

അന്നത്തെ ബഥനി മഠത്തിലെ വാത്സല്യനിധിയായ മദർ ഹൂബാ വിശേഷ ദിവസങ്ങളിൽ വന്ദ്യപിതാവിനും ഞങ്ങൾക്കും വേണ്ടി കൊടു ത്തയച്ചിരുന്ന വട്ടയപ്പവും കേക്കും എല്ലാം ചാപ്പലിൽ നിന്നും പ്രാർത്ഥി ച്ചിറങ്ങുന്ന സമയത്ത് വന്ദ്യപിതാവ് ഞങ്ങളെ വാത്സല്യത്തോടെ വിളിച്ച്

www.malankaralibrary.com



മുറിച്ചുതന്നു തീറ്റിക്കുന്ന രീതി എത്രയോ ഹൃദ്യമായിരുന്നു. ഞങ്ങളെക്കാൾ കൂടിയ സുഖങ്ങളൊന്നും വന്ദ്യപിതാവിനുണ്ടായിരുന്നില്ല. ഉള്ളതുകൊണ്ടു തൃപ്തിപ്പെടാനും ഇല്ലായ്മയിൽ സന്തോഷിക്കാനും ഞങ്ങളെ വന്ദ്യപിതാവ് പഠിപ്പിച്ചു."

തിരുമേനിയുടെ സ്നേഹോദാരതയെപ്പറ്റി നേരിൽ അനുഭവിച്ചറിഞ്ഞ ഫാ. അലക്സാണ്ടർ പയ്യമ്പള്ളിൽ അനുസ്മരിക്കുന്നു;

"അരമനയിൽ താമസിച്ചിരുന്ന വൈദികരോടും സന്ദർശകരായി വരുന്ന വൈദികരോടും വൈദിക വിദ്യാർത്ഥികളോടും അഭിവന്ദ്യപിതാവ് നർമ്മഭാഷണങ്ങളിൽ ഏർപ്പെടുകപതിവായിരുന്നു. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് ചെറുപുഷ്പഗിരിയിലെ രണ്ടാം നിലയിലുള്ള ചാപ്പലിനരികിലെ മുറിയിൽ ഒരു വലിയ വട്ടമേശയ്ക്കരികിലിരുന്ന് സമ്മേളനം നടത്തിയിരുന്നു. ഈ സമ്മേളനം ഫലിതനിർഭരവും വിജ്ഞാനപ്രദവുമായിരുന്നു. തിരുമേനി മദ്രാസിൽ നിന്ന് സിലോണിലുള്ള കാൻഡി സെമിനാരിയിലേക്ക് ആദ്യമായി നടത്തിയ വിമാനയാത്രയുടെ വിവരങ്ങൾ അതിലുൾപ്പെട്ടിരുന്നു.

ആയാസത്തിനുവേണ്ടി വൈകുന്നേരങ്ങളിൽ കമ്മീസും മസനപ്സായും മറ്റും ധരിച്ച് ഒരു വടിയും കയ്യിലേന്തി സ്വല്പസമയം അരമനപ്പുരയിടത്തിലുള്ള വഴികളിൽക്കൂടി നടക്കുന്നതു കാണാമായിരുന്നു. പുഷ്പഗിരി ആശുപത്രിയുടെ പുറകുവശത്തു നില്കുന്നതും അനേകർക്കു തണൽ നൽകുന്നതും ദശാബ്ദങ്ങളുടെ പഴക്കമുള്ളതുമായ പടുകൂറ്റൻ വാകമരം അന്നു തിരുമേനിക്കു വിശ്രമമരുളുന്നതിനുമാത്രം വലിപ്പമുള്ള ഒരു ചെറുവൃക്ഷം ആയിരുന്നു. അതിന്റെ ചുവട്ടിൽ കാൽപൊക്കിവച്ചു കിടക്കാവുന്ന ചാരുകസേരയിൽ കിടന്ന് അവിടുന്നു വിശ്രമിച്ചിരുന്നു. ആ അവസരത്തിൽ, അരമനക്കാര്യങ്ങൾ നടത്തിക്കൊണ്ടിരുന്ന ആജാനുബാഹുവായ ഒരു തടിയൻ നടത്തിപ്പുകാരൻ അന്നന്നത്തെ പ്രവർത്തന റിപ്പോർട്ട് കൊടുക്കാറുണ്ടായിരുന്നു. തിരുമേനിമാർ കല്പിക്കുന്ന ഓരോ വാക്യത്തിനും 'അടിയൻ' എന്നു പ്രത്യുത്തരിക്കുന്ന പുരാതനരീതിയനുസരിച്ച് തടിയനായ അയാൾ 'അടിയൻ........അടിയൻ' എന്നു മറുപടി പറഞ്ഞിരുന്നു. സമീപത്തുകൂടി പോകുന്ന ഞങ്ങൾക്ക് 'തടിയൻ........തടിയൻ' എന്നാണതു തിരിഞ്ഞിരുന്നത്.

അഭിവന്ദ്യതിരുമേനിക്ക് വൈദികവിദ്യാർത്ഥികളോടുണ്ടായിരുന്ന വാത്സല്യം വളരെയായിരുന്നു. ഭക്ഷണശേഷം ചാപ്പലിൽ സന്ദർശനം നടത്തിവന്ന വൈദികവിദ്യാർത്ഥികളെ വിളിച്ച് മധുരസാധനങ്ങൾ കൊടുക്കുമായിരുന്നു. തിരുമൂലപുരത്തുള്ള കൊച്ചുമാലിൽ വൈദ്യൻ കാഴ്ച വച്ച ഒരു വലിയപൂവൻകുല നിമിഷങ്ങൾക്കകം തീർന്നു പോയത് ഇങ്ങ



നെയുള്ള ഒരവസരത്തിലായിരുന്നു".

പ്രാണവായുപോലെ പ്രാർത്ഥനയെ കരുതിയിരുന്ന തിരുമേനിയെപ്പറ്റി തിമോത്തിയോസ് തിരുമേനി ഓർമ്മിക്കുന്നു. ഉപവാസവും നോമ്പും അദ്ദേഹം കർശനമായി പാലിച്ചിരുന്നു. രോഗാവസ്ഥയിൽ പോലും പ്രാർത്ഥനയും ഉപവാസവും അദ്ദേഹം മുടക്കിയിരുന്നില്ല. മിക്ക രാത്രികളിലും മുകൾനിലയിലെ നിന്നും പൊട്ടിക്കരഞ്ഞുകൊണ്ടുള്ള തിരുമേനിയുടെ യാമപ്രാർത്ഥനകൾ താഴത്തെ നിലയിൽ താമസിച്ചിരുന്ന ശെമ്മാശന്മാർക്ക് കേൾക്കാമായിരുന്നു.

രൂപതയുടെ തൃതീയമെത്രാപ്പോലീത്തയായ സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനി സാക്ഷ്യപ്പെടുത്തുന്നു, "രാത്രിയുടെ അന്ത്യയാമങ്ങളിൽ അരമനചാപ്പലിൽ പരി. കുർബ്ബാനയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു പ്രാർത്ഥിക്കുന്നത് യാദൃശ്ചികമായി ചിലപ്പോൾ ഞാൻ കണ്ടിട്ടുണ്ട്."

വിശുദ്ധരെന്നു തിരുസഭ വിളിച്ചിട്ടുള്ളവരോടെല്ലാം തികഞ്ഞ ആദരവുപുലർത്തിപ്പോന്ന തിരുമേനി അവരുടെ മദ്ധ്യസ്ഥതയിൽ ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു. വിശുദ്ധ യൗസേപ്പുപിതാവിന്റെ കൊത്തുരൂപം അരമനച്ചാപ്പലിലെ ഹൈക്കലായിൽ അലങ്കരിച്ചു വച്ച് വണക്കമാസക്കാലത്ത് പ്രത്യേകമായി പ്രാർത്ഥിക്കുമായിരുന്നു. ലോകരക്ഷാർത്ഥം ക്രിസ്തുനാഥൻ കുരിശിൽ മരിച്ച ദുഃഖവെള്ളിയാഴ്ചയിൽ ഒരു പള്ളിയിൽ തിരുമേനിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി അനുഷ്ഠിക്കുക പതിവായിരുന്നു. ഈ പീഢാനുസ്മരണ പ്രയാണത്തിൽ പതിനാലു സ്ഥലങ്ങളിലും കല്ലും മണ്ണും നിറഞ്ഞ സ്ഥലത്ത് തിരുമേനി സാഷ്ടാംഗം വീണ് കരഞ്ഞു പ്രാർത്ഥിക്കുകയും കയ്യിൽ മുറുകെപിടിച്ചിരുന്ന തൂക്കപ്പെട്ട രക്ഷാകരരൂപത്തിൽ പലവുരു ഉമ്മവയ്ക്കുകയും ചെയ്തു.

വൈദികരെല്ലാവരും പ്രാർത്ഥനാവിശുദ്ധിയോടും എളിമയോടുംകൂടി ജീവിക്കണമെന്ന് തിരുമേനി അതിയായി ആഗ്രഹിച്ചിരുന്നു. ഉടുപ്പിലും നടപ്പിലും വാക്കിലും എല്ലാം വൈദികർ മാതൃക പുലർത്തണമെന്ന് അവരെ ഉപദേശിച്ചിരുന്നു. വൈദികരുടെ കുറവുകൾ രഹസ്യമായി ബോധ്യപ്പെടുത്തിയിരുന്ന തിരുമേനി അവരിലെ നന്മകൾ എണ്ണിപ്പറഞ്ഞ് പരസ്യമായി ശ്ലാഘിച്ചിരുന്നു. ഒരിക്കൽ ഒരാൾ വൈദികരെ വിമർശിച്ച് അവരുടെ കുറ്റങ്ങൾ തിരുമേനിയെ എഴുതി അറിയിച്ചു. അതിനു തിരുമേനി എഴുതിയ മറുപടി ഇപ്രകാരമായിരുന്നു;

"കുറവുകൾ എടുത്തു കാണിക്കാൻ എളുപ്പമാണ്. കുറവുകൾ അന്യോന്യം കണ്ട് പരിഹരിക്കണം. അച്ചന്മാരെക്കൊണ്ട് എല്ലാം പരിഹരിക്കാൻ കഴിഞ്ഞെന്നു വരില്ല. കുറ്റങ്ങളും കുറവുകളും പറഞ്ഞുകൊ

www.malankaralibrary.com



ണ്ടിരുന്നാൽ നിരാശയായിരിക്കും ഫലം. പെട്ടെന്ന് അച്ചന്മാരെ സൃഷ്ടിക്കാനും പള്ളികൾ വച്ചുകൊടുക്കാനും സാദ്ധ്യമാണോ? അതുകൊണ്ട് ആരംഭകാലത്ത് ഏതാനും പോരായ്മകൾ കാണും. കുറവുകൾ നികത്താൻ ഓരോരുത്തരും കഴിവതുപോലെ ശ്രദ്ധിക്കണം."

പൊതുവേ മിതഭാഷിയും ശാന്തസ്വരൂപനുമായിരുന്നു തിരുമേനി. എപ്പോഴെങ്കിലും കോപമുണ്ടായാൽ അത് പുറത്തുകാട്ടാതെ മനോസംയമനം പാലിക്കും. ചുരുക്കം ചിലപ്പോൾ കോപം നിയന്ത്രണാതീതമായാൽ ശാന്തമായിതന്നെ മുഖം തിരിച്ച് ഒരു സുകൃത ജപം മനസ്സിൽ ചൊല്ലാൻ ശ്രമിക്കും. അല്ലെങ്കിൽ ഒരു പുസ്തകമോ ദിനപത്രമോ തുറന്ന് വായനയാരംഭിക്കും.

തിരുപ്പട്ടം ലഭിച്ച ഒരാളെപ്പോലും പേരുമാത്രം വിളിച്ചിരുന്നില്ല; 'ശെമ്മാശാ' എന്നോ 'അച്ചാ' എന്നോ ചേർത്തു മാത്രമേ സംബോധന ചെയ്തിരുന്നുള്ളു. പരസ്പര ബഹുമാനത്തോടെ മാത്രമേ ഏതൊരാളോടും ഇടപെട്ടിരുന്നുള്ളു. തിരുവല്ലാ രൂപതയിലെ വികാരി ജനറൽ ആയിരുന്ന മോൺസിഞ്ഞോർ തോമസ് വടശ്ശേരി, തല്ലിനു തല്ലുതന്നെ എന്ന മട്ടിൽ തൂലിക ആയുധമാക്കി രചനാലോകത്ത് പോരിനു ഇറങ്ങിയ ആളാണ്. മലങ്കരകത്തോലിക്കർക്കെതിരെ അധിക്ഷേപിച്ചെഴുതുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്ന ഓർത്തഡോക്സുകാരെ അതേ ഭാഷയിൽ തിരിച്ചടിക്കണമെന്ന ആശയക്കാരനായിരുന്നു വടശ്ശേരിയച്ചൻ. എന്നാൽ തിന്മയെ നന്മകൊണ്ടു നേരിടണം എന്ന പക്ഷക്കാരനായിരുന്നു തിരുമേനി. 'കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും' എന്ന ശീർഷകത്തിൽ വലിയൊരു പുസ്തകം എഴുതിയ വടശ്ശേരിയച്ചൻ അതിന്റെ കയ്യെഴുത്തുമായി തിരുമേനിയെ സമീപിച്ചു. ശത്രുപാളയത്തിൽ കനത്ത ആഘാതമേല്പിക്കുന്ന തരത്തിലുള്ള കടുത്ത രചനാ ശൈലി പക്ഷേ, തിരുമേനിക്കു രുചിച്ചില്ല. പലഭാഗത്തും മാറ്റം വരുത്തണമെന്ന് തിരുമേനി നിർദ്ദേശിച്ചു. എന്നാൽ ഗ്രന്ഥകാരൻ അതിനു തയ്യാറല്ലായിരുന്നു. അങ്ങനെ തിരുമേനിയിൽ നിന്നും പ്രസാധനാനുമതി കൂടാതെ തന്നെ അച്ചൻ പുസ്തകം അച്ചടിച്ചു. ഈ വിവാദഗ്രന്ഥം എവിടെയും ചർച്ചാ വിഷയമായി. തിരുമേനി അദ്ദേഹത്തെ, വികാരി ജനറൽ സ്ഥാനത്തു നിന്നും മാറ്റി. തൽഫലമായി അദ്ദേഹത്തിന്റെ മോൺസിഞ്ഞോർ സ്ഥാനം നഷ്ടമാവുകയും ചെയ്തു. എതിർപ്പിന്റേയും ആക്ഷേപത്തിന്റേയും മുനകൂർത്ത വാക്യങ്ങളോടെ ഓർത്തഡോക്സ് പക്ഷം എഴുതിയ 'മലങ്കരയുടെ ഭൂതക്കണ്ണാടി' എന്ന കൃതിക്ക് അതേ ഭാഷയിൽ പുലിക്കോട്ടു റമ്പാച്ചനും ചേപ്പാട്ടു റമ്പാച്ചനും സംയുക്തമായി എഴുതിയ 'മലങ്കരയുടെ കുഴൽക്കണ്ണാടി' എന്ന കൃതിയുടെ പാരായണമാണ് മാർ സേവേറിയോസിന്റെ പുനരൈക്യത്തിനുണ്ടായ ഒരു കാരണമെങ്കിലും



കത്തോലിക്കാസഭാംഗമായതിനു ശേഷം അത്യന്തം ശാന്തശീലനും വിനയാന്വിതനുമായി മാറിക്കഴിഞ്ഞിരുന്നു തിരുമേനി.

വിദേശികൾ പോലും തിരുമേനിയുടെ വിനയത്തിലും എളിമയിലും ആകൃഷ്ടരായിരുന്നു. ഒരിക്കൽ സേവേറിയോസ് തിരുമേനി കാൻഡി പേപ്പൽ സെമിനാരി സന്ദർശിച്ചു. പിൽക്കാലത്ത് കറാച്ചി ആർച്ചുബിഷപ്പായ കർദ്ദിനാൾ ജോസഫ് കൊർഡെയ്റോ അന്നവിടെ വൈദികവിദ്യാർത്ഥിയായിരുന്നു. തിരുമേനിയുടെ അന്നത്തെ സന്ദർശനത്തെ അനുസ്മരിച്ച് കർദ്ദിനാൾ പറഞ്ഞു; "മാർ സേവേറിയോസ് തിരുമേനി തന്റെ എളിമകൊണ്ടും വ്യക്തിബന്ധം കൊണ്ടും ഞങ്ങളുടെ ഹൃദയങ്ങളെ കീഴടക്കി".

www.malankaralibrary.com

## പതിനെട്ട്

# വിശുദ്ധ നാടുകളിലൂടെ

**1950** മെയ് 25-നാണ് മാർപ്പാപ്പായെ സന്ദർശിക്കാൻ മാർ സേവേറിയോസ് തിരുമേനി റോമിലേക്ക് യാത്രയായത്. സെക്രട്ടറിയായ മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ടും കൂടെയുണ്ടായിരുന്നു. തന്റെ അഭാവത്തിൽ രൂപതാ ഭരണം തുടർന്നു നടത്താൻ മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റം ബി.എ., ബി.റ്റി.യെ ചുമതലപ്പെടുത്തിയിരുന്നു. തിരുവനന്തപുരത്തുനിന്നും വിമാനത്തിൽ ബോംബെയിലേക്കും അവിടെ നിന്നും റോമിലേക്കും യാത്രയായി. നാലുമാസം ദീർഘിച്ച റോമാ സന്ദർശനവേളയിൽ രണ്ടുതവണ പരി. 12-ാം പീയൂസ് മാർപ്പാപ്പായെ കാണാനും വിശദമായി സംസാരിക്കാനും അനുഗ്രഹം നേടാനും തിരുമേനിക്കു കഴിഞ്ഞു. തിരുമേനിക്കെതിരെ ശത്രുപക്ഷം റോമിലേക്കയച്ച നിരവധി കത്തുകളിലെ ആരോപണങ്ങൾ ഗണ്യമാക്കാതെ ഏറ്റവും വാത്സല്യത്തോടെയാണ് മാർപ്പാപ്പാ, അദ്ദേഹത്തോടു പെരുമാറിയത്.

വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ച തിരുമേനി വിശുദ്ധന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്നു റോമിലെ എല്ലാ ബസിലിക്കാകളും സന്ദർശിച്ചു. യേശുനാഥന്റെ തിരുഅവതാരത്തിന്റെ പത്തൊൻപതര നൂറ്റാണ്ടു തികഞ്ഞ ആ ജൂബിലി വർഷത്തിലുണ്ടായ റോമാ സന്ദർശനങ്ങളെപ്പറ്റി അവാച്യാനുഭൂതിയോടെ തിരുമേനി റോമിൽ നിന്നും നാട്ടിലേക്കെഴുതി.

“...... വിശുദ്ധവർഷത്തിൽ റോമാസന്ദർശിക്കുന്നതിനും ഇവിടുത്തെ വിശേഷങ്ങൾ കാണുന്നതിനും സാധിച്ചത് ഒരു വലിയ ഭാഗ്യം തന്നെ. ദിവസം തോറും എത്ര ആയിരം ജനങ്ങളാണ് ഇവിടെ വന്നു കൊണ്ടിരിക്കുന്നത്. വിശുദ്ധവർഷത്തിന്റെ അവസാനത്തോടടുക്കുന്തോറും തീർത്ഥാടകരുടെ എണ്ണം കൂടിക്കൂടി വരുന്നു. ഇപ്പോൾ എഴുപ



തിനായിരത്തിലധികം ആളുകൾക്കു നില്ക്കാവുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഒതുങ്ങാതെ വന്നതിനാൽ ജനങ്ങൾ പുറത്തും തടിച്ചുകൂടിയിരിക്കുന്നു. അതിനാൽ പരിശുദ്ധപിതാവ് പുറത്തുകൂടിവന്ന് വെളിയിൽ നിൽക്കുന്ന ജനങ്ങളെ ആശിർവ്വദിച്ചിട്ടാണ് പൊതു സന്ദർശനം നല്കുന്നതിന് പള്ളിക്കുള്ളിൽ പ്രവേശിക്കുന്നത്. ഞാൻ നാലഞ്ചു പൊതു സന്ദർശനത്തിലും സംബന്ധിച്ചു.

ഒരുമാസത്തോളം നീണ്ട റോമാ സന്ദർശനത്തിനു ശേഷം ലൂർദ്ദ്, മാഡ്രിസ്, റ്റോലിഡോ, ലിസ്ബൺ, ഫാത്തിമ, ലണ്ടൻ, ലിവർപൂൾ, ഐർലാൻഡ്, പാരീസ്, സ്വിറ്റ്സർലാൻഡ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ഫാദർ പാദ്രാ പിയോ ഒ.എഫ്.എം. എന്ന വിശുദ്ധനെ അടുത്തു കാണാൻ തിരുമേനിക്കു കഴിഞ്ഞു. ദിവ്യബലിയർപ്പിക്കുന്ന വേളയിൽ അദ്ദേഹത്തിന്റെ കൈപ്പത്തികളിൽ നിന്നും ചോര ഊർന്നൊഴുകുമായിരുന്നു. പഞ്ചക്ഷതധാരിയായ ആ വൈദികനെ പിൽക്കാലത്ത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വിശുദ്ധനായി പ്രഖ്യാപിക്കുകയുണ്ടായി.

ഇതേതുടർന്ന് തിരുമേനി പാലസ്തീനായിലെത്തി. ബെയ്റൂട്ടിലെ അന്ത്യോഖ്യാ പാത്രിയർക്കീസ് റപ്പൂണി ബാവായുടെ അതിഥിയായി മൂന്നു ദിനങ്ങൾ താമസിച്ച് യേശുനാഥന്റെ തിരുപാദസ്പർശത്താൽ അനുഗ്രഹിക്കപ്പെട്ട വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചു. ദൈവപുത്രൻ പിറന്ന ബേത്‌ലഹേമിലെ ദേവാലയത്തിലും മരണത്തലേന്ന് രക്തം വിയർത്ത് യേശുനാഥൻ പ്രാർത്ഥനയിൽ മുഴുകിയ ഗത്സമേൻ തോട്ടത്തിലും രക്ഷകനെ കബറടക്കിയ സ്ഥലത്തും ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിക്കാനുള്ള മഹാഭാഗ്യം തിരുമേനിക്കുണ്ടായി. അവാച്യാനുഭൂതി സമ്മാനിച്ച ഈ ദിവ്യസഞ്ചാരത്തെപ്പറ്റി നാട്ടിൽ തിരിച്ചെത്തിയ ശേഷവും ജനങ്ങളോട് പ്രസംഗങ്ങളിലൂടെ തിരുമേനി വിവരിച്ചു കേൾപ്പിച്ചു.

www.malankaralibrary.com

## പത്തൊൻപത്

# പിൻഗാമിയെ വാഴിക്കുന്നു

**തി**രുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന സേവേറിയോസ് തിരുമേനിയെ രൂപതയുടെ മെത്രാനായി നിയമിച്ചത് 1950 മെയ് 5-നായിരുന്നു. അതോടെ തെയോഫിലോസ് തിരുമേനിയെ അമ്മേദാറായിലെ സ്ഥാനിക മെത്രാനായി മാറ്റുകയും ചെയ്തു. തുടർന്നുള്ള കാലഘട്ടം സംഭവബഹുലമായിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപക പിതാവായ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് രോഗശയ്യയിലായതിനാൽ അതിരൂപതയുടെ ഭരണകാര്യങ്ങളിലും സേവേറിയോസ് തിരുമേനിക്ക് സഹായിക്കേണ്ടി വന്നു. അതിനുവേണ്ടി തിരുവല്ലായിൽ നിന്നും തിരുവനന്തപുരത്തേക്കു കൂടെ കൂടെ അദ്ദേഹത്തിനു യാത്ര ചെയ്യേണ്ടിവന്നു. ഗുരുനാഥൻ കൂടിയായ മാർ ഈവാനിയോസ് തിരുമേനിയെ ശുശ്രൂഷിക്കുന്ന കാര്യത്തിലും വളരെ ശ്രദ്ധാലുവായിരുന്നു തിരുമേനി.

1952-ൽ രണ്ടു മഹൽ സംഭവങ്ങളുടെ ജൂബിലിയാഘോഷം എറണാകുളത്തുവച്ച് ആഘോഷിക്കപ്പെട്ടു. മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ 19-ാം ശതാബ്ദിയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാലാം ചരമ ശതാബ്ദിയും വിപുലവും ഗംഭീരവുമായ പരിപാടികളോടെ ആചരിക്കപ്പെട്ടു. ജനലക്ഷങ്ങൾ പങ്കെടുത്ത ഈ മഹാഘോഷങ്ങളിൽ മാർ ഈവാനിയോസ് തിരുമേനിയുടെ അഭാവം മൂലം മലങ്കര കത്തോലിക്കാ സഭാ പ്രതിനിധിയായി പങ്കെടുത്തത് സേവേറിയോസ് തിരുമേനിയാണ്. തൊട്ടടുത്ത വർഷങ്ങൾ മലങ്കര സഭയിലെ രണ്ടു മഹാരഥന്മാരുടെ പേരിൽ ചിരസ്മരണീയമായി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സഭൈക്യ പ്രസ്ഥാനത്തിന്റെ കുലപതിയായ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസിന്റെ ദേഹവിയോ



ഗവുമായിരുന്നു 1953-നെ ശ്രദ്ധേയമാക്കിയ രണ്ടു പ്രധാന സഭാസംഭവങ്ങൾ. റോമിലെ പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയായ കർദ്ദിനാൾ ടിസറന്റിന്റെ മലങ്കരസഭാ സന്ദർശനവും അതേ വർഷത്തിലായിരുന്നു. കർദ്ദിനാൾ മൂന്നു ദിവസം തിരുവല്ലാ മേരിഗിരി അരമനയിൽ താമസിക്കുകയും ചെയ്തു. സേവേറിയോസ് തിരുമേനി സ്ഥലം വിലയ്ക്കു വാങ്ങി സ്ഥാപിച്ച 'മേരിഗിരി'യിൽ ആദ്യമായി താമസിച്ച വ്യക്തി കർദ്ദിനാൾ ടിസറന്റ് ആയിരുന്നു.

അതിദ്രുതം പുരോഗമിച്ചുകൊണ്ടിരുന്ന തിരുവല്ലാ രൂപതയുടെ വിശാലമായ അതിർത്തികളിലെല്ലാം കടന്നു ചെല്ലാൻ നാനാവിധ രോഗങ്ങളാൽ വലഞ്ഞിരുന്ന സേവേറിയോസ് തിരുമേനിക്ക് പഴയതുപോലെ കഴിയാതെയായി. അതിനാൽ ഒരു സഹായ മെത്രാന്റെ സാന്നിദ്ധ്യം അനിവാര്യമായിത്തോന്നി. അതിൻഫലമായി പോളച്ചിറയ്ക്കൽ സഖറിയാസച്ചനെ സഹായമെത്രാനും പിൻഗാമിയുമായി 1954 ഏപ്രിൽ 22-ന് അഭിഷേകം ചെയ്തു. തിരുവല്ലാ കത്തീഡ്രലിൽ വച്ചുനടന്ന ആഡംബരപൂർണ്ണമായ മെത്രാഭിഷേക ചടങ്ങ് അപ്പസ്തോലിക്കാ ഇന്റർനൂൻഷ്യോ മാർട്ടിൻ ലൂക്കാസ് തിരുമേനിയുടെയും കേരളത്തിലെ അനേകം തിരുമേനിമാരുടെയും സാന്നിദ്ധ്യത്തിലും തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ ജോർജ് ആലപ്പാട്ട് തിരുമേനിയുടെയും ശുശ്രൂഷാ സഹകരണത്തിലും നടത്തപ്പെട്ടു. മാർ തെയോഫിലോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും മാർ സേവേറിയോസ് തിരുമേനിയുടെ ഗുരുപ്പട്ടത്വത്തിന്റെ രജതജൂബിലിയും അന്നു തന്നെ ആഘോഷിക്കപ്പെട്ടു. റോമിലെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും മാർ സേവേറിയോസിന് ഒരുന്നതപദവി അതേ ചടങ്ങിൽ വച്ച് സമ്മാനിക്കുകയുണ്ടായി. ആർച്ചു ബിഷപ് എന്ന പദവിയാണ് ഇപ്രകാരം കൽപിച്ചു കിട്ടിയത്. അന്നു മുതൽ തിരുമേനിയുടെ പേരിനു മുമ്പായി ആർച്ചു ബിഷപ്പ് - ബിഷപ്പ് എന്ന പദവി കൂടി ചേർക്കപ്പെട്ടു.

തിരുമേനിയുടെ ആരോഗ്യനില വഷളായിക്കൊണ്ടിരുന്നു. 1946-ൽ രോഗം മൂർച്ഛിച്ച് രണ്ടു മാസത്തോളം അദ്ദേഹം ശയ്യാവലംബിയായിരുന്നു. എന്നാൽ മരണകരമായ ആ അവസ്ഥയിൽ നിന്നും രക്ഷപ്പെടുകയായിരുന്നു. വിശ്രമം അനിവാര്യമാണെന്ന് അന്നു ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നെങ്കിലും വിശ്രമിക്കാൻ കഴിഞ്ഞില്ല. സ്വന്തം ആരോഗ്യ നിലയേക്കാൾ അദ്ദേഹത്തിനു പ്രധാനം മിഷൻ പ്രവർത്തനമായിരുന്നു. അതിനാൽ തൃശ്ശൂർ, കുന്നംകുളം, പാലക്കാട്, തുടങ്ങിയ വിദൂര മിഷനുകളിൽ പോലും അദ്ദേഹം രോഗാവസ്ഥയിലും കടന്നു ചെന്നിരുന്നു. വിശ്രമിച്ചു സുഖശയ്യയിൽ കിടന്നു മരിക്കാനല്ല ജോലിയിൽ വ്യാപൃതനായിരിക്കേ

www.malankaralibrary.com



തന്നെ നിത്യത്വത്തിലേക്കു കടന്നു പോവുക എന്നതു തന്നെയായിരുന്നു അദ്ദേഹത്തിനു പ്രിയം. തന്റെ ഐഹികജീവിതം അവസാനിക്കാറായി എന്ന തോന്നൽ മനസ്സിൽ ദൃഢപ്പെട്ടപ്പോൾ അദ്ദേഹം 1095-ാം നമ്പർ കൽപനയിലൂടെ 1954 ജൂൺ 22-ന് ഇപ്രകാരം എഴുതി;

"...ഏതാനും മാസങ്ങളായി നമ്മുടെ ആരോഗ്യസ്ഥിതി മോശമായി കാണുന്നു. തിരുവനന്തപുരത്ത് ഈയിടെ പോയപ്പോൾ അവിടുത്തെ ഡോക്ടർമാർ നമ്മുടെ ആരോഗ്യനിലപാട് പരിശോധിച്ച് ചില ചികിത്സ നിശ്ചയിച്ചു.അതിപ്പോൾ ചെയ്തുവരികയാണ്. അതുകൊണ്ട് കാര്യമായ വ്യത്യാസം ഉള്ളതായി കാണുന്നില്ല. മദ്രാസിൽ പോയി ഡോക്ടർ മസിലാമണിയെ കാണുന്നത് നല്ലതാണെന്ന് നമ്മുടെ ബഹു. അച്ചന്മാർ പലരും ഗുണദോഷിക്കുന്നതുകൊണ്ട് ഇങ്ങനെ ചെയ്യാമെന്നു വിചാരിക്കുന്നു. ഈ മാസാവസാനത്തിലോ അടുത്തമാസം ആരംഭത്തിലോ മദ്രാസിനു നാം പോകുന്നതായിരിക്കും. നമ്മുടെ അസാന്നിദ്ധ്യത്തിൽ രൂപതാകാര്യങ്ങൾ കൊച്ചു തിരുമേനിയും വികാരി ജനറൽ പെരി. ബഹു. മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ടും കൂടി നിർവ്വഹിക്കുന്നതായിരിക്കും."

## ഇരുപത്

# ചരിത്രത്തിലേക്കു വിട

തുടർന്ന് ആറു മാസംകൂടി മാത്രമേ തിരുമേനി നമ്മോടൊത്തുണ്ടായിരുന്നുള്ളൂ. രോഗാവസ്ഥയിലായിരുന്ന തിരുമേനിയെ പരിചരിച്ചവരിൽ ഒരാളായിരുന്ന ഫാ. അലക്സാണ്ടർ പയ്യമ്പള്ളിൽ വിവരിക്കുന്നു;

"അഭിവന്ദ്യ തിരുമേനി കാലം ചെയ്യുന്നതിന് കേവലം രണ്ടാഴ്ചമുമ്പ്-അതായത് 1955 ജനുവരി 1-ാം തീയതി ഞാൻ വികാരിയായിരുന്ന വെച്ചൂച്ചിറ പള്ളിയിൽ കുരിശ്ശടി കൂദാശയും പള്ളിപ്പെരുന്നാളും പ്രസംഗയോഗവും പ്രമാണിച്ച് അഭി.സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയോടൊപ്പം അഭി. സേവേറിയോസ് തിരുമേനിയും അവിടെ ആഗതനായിരുന്നു. ആ സമയങ്ങളിൽ അഭി.തിരുമേനി വളരെ ക്ഷീണിതനായി കാണപ്പെട്ടു. അവിടുത്തെ അവസാനത്തിനു കാരണമായ അസുഖങ്ങളുടെ ആരംഭമായിരുന്നു അതെന്ന് ഞാൻ കരുതുന്നു. വരവേൽപ്പു ഘോഷയാത്രയ്ക്കു ശേഷം നടന്ന സ്വീകരണയോഗത്തിൽ അദ്ദേഹം പ്രസംഗം നടത്തിയപ്പോൾ തൊണ്ടയടച്ചിരുന്നു. അദ്ദേഹം പ്രസംഗം ആരംഭിച്ചു കഴിഞ്ഞ ഉടൻ ജനറേറ്റർ തകരാറുമൂലം മൈക്കു നിന്നുപോയി. പ്രസംഗം അടുത്തു നിന്നവർക്കുപോലും കേൾക്കാൻ പാടില്ലാതെ വന്നു. പ്രസംഗം ഉച്ചത്തിൽ ഏറ്റുപറയാമെന്നു ഞാൻ അറിയിച്ചു. 'ഇനിയും ജീവനുള്ള ഒരു മൈക്കിൽ കൂടിയാണ് ഞാൻ സംസാരിക്കുന്നത്' എന്നു ഫലിതമായി പറഞ്ഞ് തിരുമേനി പ്രസംഗം തുടർന്നു. ഇതിനു ശേഷം നടത്തിയ വി.കുർബ്ബാനയിലും പ്രാർത്ഥനയിലും തൊണ്ടയടച്ച ശബ്ദമാണ് കേൾക്കാനിടയായത്. അഭിവന്ദ്യ തിരുമേനിക്ക് അവസാനമായി ലഭിച്ച പൊതുസ്വീകരണവും വരവേൽപ്പുമായിരുന്നു വെച്ചൂച്ചിറയിലേത്. വെച്ചൂച്ചിറയിൽ നിന്നും പോയപ്പോൾ മറന്നു വച്ച തിരുമേനിയുടെ മെതിയടികൾ വളരെ പൂജ്യമായി വെച്ചൂച്ചിറ പള്ളിക്കാർ സൂക്ഷിച്ചു വച്ചിട്ടുണ്ട്."

www.malankaralibrary.com



തിരുമേനിയുടെ അന്ത്യ നിമിഷങ്ങളെപ്പറ്റി വികാരി ജനറൽ മോൺ. മാത്യു നെടുങ്ങാട്ട് സ്മരണകൾ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം വിശദമായി വിവരിക്കുന്നു.

"1955 ജനുവരി 15-ാം തീയതി വ്യാഴാഴ്ചയാണ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തൃശ്ശൂർ, കുന്നംകുളം, പാലക്കാട് മുതലായ സ്ഥലങ്ങളിലേക്ക് മിഷൻ സന്ദർശനാർത്ഥം യാത്ര തിരിച്ചത്. റവ. ഫാ. ഏബ്രഹാം ഒ.ഐ.സി. വന്ദ്യ തിരുമേനിയെ അനുഗമിച്ചിരുന്നു. മൂന്നുമണിയോടുകൂടി തൃശ്ശൂർ അരമനയിൽ എത്തി വിശ്രമിച്ചശേഷം നാലുമണിക്കു പുതുതായി തുറക്കുവാൻ ഉദ്ദേശിച്ചിരുന്ന കുണ്ടുകാട് മിഷ്യനിലേക്കുപോയി. നിശ്ചിത സ്ഥലം വരെ കാറ് പോകയില്ലാതിരുന്നതിനാൽ ഒരു ചെറിയ കുന്നു നടന്നു കയറേണ്ടിയിരുന്നു. കുറെ അധികം ആളുകൾ തിരുമേനിയെ പ്രതീക്ഷിച്ചു അവിടെ കൂടിയിട്ടുണ്ടായിരുന്നു. അവരോടായിട്ട് ഒരുമണിക്കൂറോളം പിതാവു പ്രസംഗിച്ചു. അതിനുശേഷം ഒരു യാക്കോബായക്കാരനെ തിരുസഭയിൽ സ്വീകരിച്ചുകൊണ്ട് ആ മിഷ്യന്റെ ഉദ്ഘാടനം നടത്തി. സ്ഥലം വാങ്ങുന്നതിനും, ആരാധനകൾ നടത്തുന്നതിനും, വേണ്ടതു ചെയ്യുവാനും തോമ്പ്ര ബ. ഗീവറുഗീസച്ചനെ ചുമതലപ്പെടുത്തിയ ശേഷം വന്ദ്യപിതാവ് കുന്നങ്കുളത്തേക്ക് എഴുന്നെള്ളി. ഈ മിഷ്യൻ സന്ദർശനശേഷം പിതാവിനു പതിവിൽ കൂടുതൽ ക്ഷീണം അനുഭവപ്പെട്ടു. ഞായറാഴ്ച-ഉച്ചവരെ അവിടെ താമസിച്ചു. ഇതിനിടയ്ക്കു വെള്ളിയാഴ്ച ബഥനി കോൺവന്റ് സ്കൂളുകളുടെ സംയുക്തവാർഷിക യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ശനിയാഴ്ച രാവിലെ ചേലക്കരയ്ക്കു എഴുന്നള്ളുകയും ചെയ്തു. അവിടെ പണിതുകൊണ്ടിരിക്കുന്ന പള്ളിയുടെ പണികൾ പരിശോധിക്കുകയും ചെയ്തു... ഞായറാഴ്ച രാവിലെ കുന്നങ്കുളം പള്ളിയിൽ ആഘോഷമായ വി.കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയുമുണ്ടായി. ഈ ദിവസങ്ങളിൽ വിശേഷാൽ അസുഖമൊന്നും പിതാവിനുണ്ടായിരുന്നില്ല. ഞായറാഴ്ച ഉച്ചകഴിഞ്ഞ് പാലക്കാട്ടേയ്ക്കു എഴുന്നെള്ളി. പിറ്റേദിവസം അവിടെ വെച്ചു ഒരു വിവാഹം ആശീർവ്വദിക്കാനുണ്ടായിരുന്നു... ഒരു പ്രസംഗത്തോടുകൂടിയാണ് പിതാവ് വി.കുർബ്ബാന ആരംഭിച്ചത്... ഇടയ്ക്കിടക്കു ചില വിശദീകരണങ്ങൾ കൊടുത്തുകൊണ്ടാണ് പിതാവ് ആ കുർബ്ബാന ചൊല്ലിയത്. ഒൻപതരമണിക്കു കുർബ്ബാന അവസാനിപ്പിച്ചു. പിതാവിന് ക്ഷീണം കൂടിവരുന്നതായിത്തോന്നി. പതിവുപോലെ കാപ്പികുടിക്കാൻ രുചി തോന്നിയില്ല. അനന്തരം വിവാഹശുശ്രൂഷ ആരംഭിച്ചു. അപ്പോഴും ഒരു പ്രസംഗം പിതാവു പറയുകയുണ്ടായി. വളരെ വിഷമിച്ചു പന്ത്രണ്ടു മണിയോടുകൂടി പ്രസ്തുത ശുശ്രൂഷകൾ പിതാവു പൂർത്തിയാക്കി. ഉച്ചമേശയ്ക്കും വിശേഷിച്ചൊന്നും കഴിക്കാൻ പിതാവിനു താൽപര്യം



തോന്നിയില്ല. ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ മറ്റു പ്രോഗ്രാം എല്ലാം റദ്ദു ചെയ്തു. ഒരു ഡോക്ടറെ വരുത്തി പരിശോധിപ്പിച്ചു. തിരുമനസ്സിലെ ആരോഗ്യനില ഒട്ടും ആശാസ്യമായി ഡോക്ടർ കണ്ടില്ല. അഞ്ചു ദിവസമെങ്കിലും കിടന്നകിടപ്പിൽ വിശ്രമിക്കണമെന്നുള്ള നിർദ്ദേശമാണ് അദ്ദേഹം നൽകിയത്. അദ്ദേഹം ചില മരുന്നുകൾ കൊടുത്തതിനും പുറമെ ഒരു കുത്തിവെപ്പു നടത്തുകയുമുണ്ടായി. ഇതിനിടയ്ക്ക് ഒരു പ്രാവശ്യം പിതാവ് ശർദ്ദിച്ചു. ശരിയായി വിശ്രമിക്കുന്നതിനു മടങ്ങിപ്പോരുകയാണ് നല്ലത് എന്നു തീരുമാനിച്ചുകൊണ്ട് തിരുമേനി അന്നു വൈകുന്നേരം തൃശ്ശൂർ അരമനയിലേക്കു പോന്നു. കാറിൽ കിടന്നാണ് യാത്രചെയ്തത്. തൃശ്ശൂർവെച്ചും ഒരു ഡോക്ടറെ വരുത്തി പരിശോധിപ്പിച്ചു. പ്രമേഹ രോഗത്തോട് അനുബന്ധിച്ച് മറ്റു പല തകരാറുകളും ഉള്ളതായി സമർത്ഥനായ ആ ഡോക്ടർ കണ്ടുപിടിച്ചു. അദ്ദേഹവും ചില മരുന്നുകൾ കൊടുത്തു.

18-ാം തീയതി ചൊവ്വാഴ്ച രാവിലെ ക്ഷീണം അവഗണിച്ചുകൊണ്ടു തന്നെ പിതാവു വി.കുർബ്ബാന അർപ്പിച്ചു. കുർബ്ബാനാനന്തരം അൽപം കഞ്ഞികുടിച്ചിട്ട് കിടക്കയെ അഭയംതേടി. അന്നുമുഴുവൻ അവിടെ വിശ്രമിക്കണമെന്നു തൃശ്ശൂർ ബിഷപ്പു നിർബന്ധിച്ചതിനെ ആദ്യം സ്വീകരിച്ചെങ്കിലും, പത്തുമണിയോടുകൂടി തിരുവല്ലായ്ക്കു യാത്രതിരിക്കണമെന്നാണ് പിതാവു തീരുമാനിച്ചത്. തന്റെ അന്ത്യനിമിഷങ്ങൾ സ്വന്തവസതിയിലും സ്വന്തം മുറിയിലും കഴിക്കണമെന്നു തീരുമാനിച്ചിരുന്നതുപോലെ തോന്നിപ്പോകുന്നു. ഉടനെ തന്നെ കാറിൽ കയറി. പിൻസീറ്റിൽ കിടന്നാണ് യാത്രചെയ്തത്. സാവധാനത്തിൽ വണ്ടി ഓടിക്കൊണ്ടിരുന്നു. എന്നാൽ ഇടയ്ക്ക് പിതാവ് ഡ്രൈവറോട് കൽപിച്ചു വേഗത്തിൽ ഓടിക്കാൻ. ഉച്ചയോടുകൂടി പെരുമ്പാവൂർ വന്നു പള്ളിമേടയിൽ മൂന്നുമണിവരെ വിശ്രമിച്ചു. ഭക്ഷണം ഒന്നും കഴിച്ചില്ല. വീണ്ടും യാത്രതിരിച്ച് 5.45 ന് കാർ മേരിഗിരി അരമനയുടെ പൂമുഖത്തു വന്നുനിന്നു.

കാറു വന്നതറിഞ്ഞു ഈ ലേഖകൻ താഴെ ഇറങ്ങി ചെന്നപ്പോൾ തിരുമനസ്സുകൊണ്ടു എഴുന്നേറ്റു വണ്ടിയിൽ നിന്നിറങ്ങി കൈ മുത്തിക്കുകയും, പതിവുപോലെ കുറച്ചു സമയം അവിടെ നിന്ന് കുശലം പറയുകയും ചെയ്തു. കൂടെ യാത്ര ചെയ്തിരുന്ന ബ.അബ്രഹാം അച്ചൻ അനുസ്മരിപ്പിച്ചപ്പോൾ മുറിയിൽ പോയി കിടക്കാമെന്നു പറഞ്ഞു അകത്തോട്ടു പ്രവേശിച്ചു. രണ്ടുമൂന്നു പ്രാവശ്യം നിന്നും, നെഞ്ചിൽ വലിയ വേദനയുണ്ടെന്നു പറഞ്ഞുകൊണ്ടുമാണ് പിതാവ് ഗോവണി കയറിയത്. അപ്പോൾ ഞങ്ങൾ കയ്യിൽ പിടിച്ചിരുന്നെങ്കിലും പിതാവു തന്നത്താനാണ് മുകളിൽ കയറിയത്. രണ്ടാം നിലയുടെ വരാന്തയിൽ നിന്നുകൊണ്ട് ചാപ്പലിലേക്കു തിരിഞ്ഞു അൽപസമയം പ്രാർത്ഥിച്ചശേഷം,

www.malankaralibrary.com



മുറിയിലേക്കു പോയി ഡ്രസുമാറിയ ശേഷം കിടന്നു..... ഇതിനകം അഭി
വന്ദ്യ കൊച്ചുതിരുമേനിയും അച്ചന്മാരും ബഥനി മഠത്തിൽ നടന്നുകൊ
ണ്ടിരുന്ന പതിമൂന്നു മണിക്കൂർ ആരാധനകഴിഞ്ഞു തിരിച്ചുവന്നു... അപ
കടനിലയൊന്നും ദൃശ്യമായിരുന്നില്ലെങ്കിലും പിതാവിനു വലിയ
ക്ഷീണവും വിഷമവും ഉണ്ടെന്നു ശുശ്രൂഷിച്ചവർക്കു കാണാമായിരുന്നു.....
ഡോക്ടർ വന്നു പരിശോധിക്കുകയും മൂന്നു കുത്തിവെപ്പു നടത്തുകയും
ചില മരുന്നുകൾ കുറിച്ചു തരികയും മറ്റു പരിചരണങ്ങൾ നടത്തുന്ന
തിനു ഒരു ശുശ്രൂഷകനെ നിയോഗിക്കുകയും ചെയ്തു. ഇതിനിടയ്ക്ക്
സന്ധ്യാമണി അടിച്ചതു കേട്ടു എല്ലാവരും ത്രികാലജപം ചൊല്ലി. പി
താവും അതിൽ സംബന്ധിച്ചു പ്രാർത്ഥനകൾ വ്യക്തമായി ചൊല്ലിയിരു
ന്നു.... ഒരുമണിക്കൂറിനകം തിരിച്ചു വരാമെന്നു പറഞ്ഞ് ഡോക്ടർ സ്ഥലം
വിട്ടു. അപകടനിലയൊന്നും അപ്പോൾ അദ്ദേഹം കണ്ടിരുന്നില്ല.

അങ്ങനെ ചികിത്സകളും പരിചരണങ്ങളും വേണ്ടവിധമുണ്ടായിരു
ന്നെങ്കിലും പിതാവിന്റെ അസുഖങ്ങൾ ഒന്നിനൊന്ന് വർദ്ധിച്ചുവരികയാ
ണുണ്ടായത്. കിടക്കുവാനൊ ഇരിക്കുവാനൊ പാടില്ലാത്തവിധം ശ്വാസം
മുട്ടലും പരവേശവും ഉണ്ടായിരുന്നു. ഏതെങ്കിലും ഒരു ഡോക്ടറെ വിളി
ക്കാൻ കാർ അയച്ചു. ഒരു കസ്തൂർയ്യാദി ഗുളിക ഒരച്ചുകൊടുത്തതു
പിതാവുതന്നെ വാങ്ങിച്ചു കുടിച്ചു. ഇടയ്ക്കു പലപ്രാവശ്യം ദൃഷ്ടികൾ
ആകാശത്തിലേക്കുയർത്തി"എന്റെ കർത്താവേ" എന്നു വിളിച്ചു പ്രാർത്ഥി
ക്കുന്നതു കേട്ടിരുന്നു. വീണ്ടും കിടന്നു. അതു അവസാനത്തേതാണെന്നു
ആർ വിചാരിച്ചു! അൽപം ആശ്വാസം കിട്ടിയതുപോലെ എല്ലാവർക്കും
തോന്നി. അപ്പോഴേയ്ക്കും ഡിസ്ട്രിക്ട് ആശുപത്രിയിലെ ഡോക്ടർ
വന്നു. അദ്ദേഹത്തിന്റെ പരിശോധനയിൽ പിതാവ് അന്ത്യനിമിഷത്തോ
ടടുത്തിരിക്കുന്നു എന്നു മനസ്സിലായി. ഉടനെ തന്നെ അന്ത്യകൂദാശകൾ
എല്ലാം കൊടുത്തു. അങ്ങനെ ആദ്ധ്യാത്മിക ഔഷധങ്ങളാൽ ശക്തി
പ്രാപിച്ച ആ പുണ്യാത്മാവ്, ദൈവം തന്റെ വിശ്വസ്ത ദാസന്മാർക്കായി
ഒരുക്കിവെച്ചിരിക്കുന്ന നിത്യസമ്മാനം പ്രാപിക്കുവാൻ പറന്നുപോയി.
അപ്പോൾ അഭിവന്ദ്യ മാർ അത്താനാസ്യോസ് തിരുമേനിയും ഞങ്ങൾ
ആറു വൈദീകരും, സിമ്മനാരി വിദ്യാർത്ഥികളും, അരമനയിലെ ജോലി
ക്കാരും ആ പ്രിയ പിതാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അടുത്തുനി
ന്നിരുന്നു. വിദ്യാർത്ഥികളുടെ കൂട്ടത്തിൽ വന്ദ്യപിതാവിന്റെ സഹോദര
പുത്രന്മാരായ ബ്രദർ ചാണ്ടിയും, ബ്രദർ ഈപ്പനും ഉണ്ടായിരുന്നു എന്നു
ള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

പള്ളിമണിനാദം ഈ സങ്കടവാർത്ത തിരുവല്ലാ പട്ടണത്തെ വിളിച്ച
റിയിച്ചുകൊണ്ടിരുന്നു. ടെലഫോൺ, ടെലഗ്രാം മുതലായ വാർത്താവി
തരണോപകരണങ്ങൾ അനുസ്യൂതം ചലിച്ചു. കാറുകൾ നാനാഭാഗ



ത്തേക്കും ഓടിച്ചുപോയി. വേണ്ടപ്പെട്ടവരെ അറിയിക്കുന്നതിനും കൊണ്ടു
വരുന്നതിനും. അരമണിക്കൂറിനകം മേരിഗിരി ജനനിബിഡമായിത്തീർന്നു.
വിവരം അറിഞ്ഞ ചങ്ങനാശ്ശേരി ബിഷപ്പ് മാർ മാത്യു കാവുകാട്ടു
സ്ഥലത്തു വന്നു. ആ പാവന ശരീരത്തെ ആശ്ലേഷിച്ച രംഗം ഹൃദയ
സ്പൃക്കായിരുന്നു. തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ പ്രഥമ ശുശ്രൂഷ
കൾ നടത്തി. മൃതദേഹം സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് ഒരു സിംഹാ
സനത്തിൽ ഇരുത്തി, കിടക്കമുറിയിൽ നിന്നും ഹാളിലേക്കു കൊണ്ടു
പോയി. അപ്പോൾ ആ ഹാളിൽ നടന്ന വിലാപരംഗം അവർണ്ണനീയമാ
ണ്. തിരുവല്ലാ നിവാസികളുടെ വിലാപസ്വരം ദിഗന്തങ്ങളിൽ മുഴങ്ങി.
ജാതിമതഭേദമന്യേ എല്ലാവരും ആ പൂജ്യ ശരീരം വണങ്ങി കൈമുത്തി
ആ വത്സല പിതാവിന്റെ നേർക്കുള്ള സ്നേഹബഹുമാനാദികൾ പ്രക
ടിപ്പിച്ചുകൊണ്ടിരുന്നു.

ചങ്ങനാശ്ശേരി ബിഷപ്പു തിരുമനസ്സുകൊണ്ട് പരേതാത്മാവിനുവേ
ണ്ടിയുള്ള പൊന്തിഫിക്കൽ " ആനീദ" ശുശ്രൂഷ നടത്തി പ്രാർത്ഥിച്ചു.
അനന്തരം മാർ അത്താനാസ്യോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ
"കൊഹനീത്ത" ക്രമമനുസരിച്ചുള്ള ഒന്നാം ശുശ്രൂഷയും നടത്തി.

അപ്രതീക്ഷിതമായ ഈ സങ്കടവാർത്ത അറിഞ്ഞയുടനെതന്നെ തിരു
മനസ്സിലെ സഹോദരീസഹോദരന്മാരും മറ്റു കുടുംബാംഗങ്ങളും ഓടി
ക്കൂടി ആ പൂജ്യപാദങ്ങൾ കെട്ടിപിടിച്ചുകൊണ്ട് വാവിട്ടു കരഞ്ഞ രംഗം
ഏറ്റം മർമ്മഭേദകമായിരുന്നു. തിരുമനസ്സിലെ ജ്യേഷ്ഠ സഹോദരൻ ശ്രീ
കുഞ്ഞു വർക്കി ആ പൂജ്യശരീരത്തെ ആശ്ലേഷിച്ചു."നമുക്കിനി ആകാ
ശമോക്ഷത്തിൽ വെച്ചു കാണാം" എന്നു പറഞ്ഞു സ്വയം സമാധാനി
ക്കുകയും മറ്റുള്ളവരെ സ്വാന്തനപ്പെടുത്തുകയും ചെയ്തു. ഈശോയുടെ
കരുണ നിറഞ്ഞ ഹൃദയം അവരെ ആശ്വസിപ്പിക്കട്ടെ.

19-ാം തീയതി രാവിലെ അഞ്ചു മണിക്കു വന്ദ്യപിതാവിന്റെ മൃത
ദേഹം ഒരു അലങ്കരിച്ച രഥത്തിൽ ഭദ്രാസന ദേവാലയത്തിലേക്കു
കൊണ്ടുപോകുകയും, മദ്ബഹായിൽ വടക്കുവശത്തു ജനങ്ങൾക്കു
കാണുവാനും കൈമുത്തുവാനും സൌകര്യമായ വിധം പ്രതിഷ്ഠിക്കു
കയും ചെയ്തു.

മിസ്റ്റർ പി.ഒ. ജോൺ ബി.എസ്.സി. "സ്മരണകളിൽ" ഇതു സംബ
ന്ധിച്ചു എഴുതിയിരുന്നതിന്റെ സംഗ്രഹം." 1955 ജനുവരി 20-ാം തീയ
തി....ക്രൈസ്തവനെന്നോ, അക്രൈസ്തവനെന്നോ, കത്തോലിക്കനെ
ന്നോ, അകത്തോലിക്കനെന്നോ, കുബേരനെന്നോ, കുചേലനെന്നോ,
ഉള്ള വ്യത്യാസം കൂടാതെ, സകലമാനപേരുടെയും സ്നേഹബഹുമാ
നാദരവുകൾക്കു പാത്രീഭൂതനായിരുന്ന തിരുവല്ലാ ബിഷപ്പ് ജോസഫ്

www.malankaralibrary.com



മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനി തിരുവല്ലാ നഗരത്തോടും നഗരവാസികളോടും അദ്ദേഹത്തിന്റെ പാർപ്പിടത്തോടും അന്ത്യമായി യാത്രപറയുന്ന ദിനമാണിത്. (കത്തീഡ്രൽ) ദേവാലയത്തിനുള്ളിലേക്ക് വൈദീകരും കന്യാസ്ത്രീകളും ഒഴിച്ചുള്ളവർക്ക് പ്രവേശനം നിരോധിച്ചിരിക്കുകയാണ്.

എങ്കിലും അതിനുള്ളിൽ ഒരു ഭാഗത്ത് തിരുമേനിയുടെ കുടുംബാംഗങ്ങൾ സ്ഥലം പിടിച്ചിട്ടുണ്ട്. അവിടെനിന്നുള്ള നെടുവീർപ്പുകളും വിലാപങ്ങളും അന്തരീക്ഷത്തിൽ അലതല്ലിക്കൊണ്ടിരുന്നു. ദേവാലയത്തിന്റെ മദ്ബഹായ്ക്കു മുമ്പിൽ, മാർ സേവേറിയോസ് തിരുമേനിയുടെ മൃതശരീരം, സകല സ്ഥാനചിഹ്നങ്ങളോടുംകൂടെ ഒരു സിംഹാസനത്തിൽ പ്രതിഷ്ഠിച്ചിരുന്നു. പതിമൂന്നു ബിഷപ്പുമാർ അതിനു സമീപത്തു ആസനസ്ഥരായിട്ടുണ്ട്. രാത്രി രണ്ടുമണി മുതൽ തുടരെ നടന്നുകൊണ്ടിരുന്ന അനേകം വി.കുർബ്ബാനകൾക്കു ശേഷം ചങ്ങനാശ്ശേരി ബിഷപ്പ് മാർ മാത്യു കാവുകാട്ടു തിരുമേനിയുടെ ചരമ പ്രസംഗത്തെ തുടർന്ന് കബറടക്ക ശുശ്രൂഷ ആരംഭിച്ചു. അതിനിടയ്ക്ക് “നഗരി കാണിക്കൽ” എന്ന ഹൃദയസ്പൃക്കായ ചടങ്ങു നടന്നു. "THAT ALL MAY BE ONE" എന്ന വാചകം സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തി അലങ്കരിച്ചിരുന്ന കാർ രഥത്തിൽ സജ്ജമാക്കിയിരുന്ന സിംഹാസനത്തിൽ തിരുമേനിയുടെ പൂജ്യമൃതദേഹം സ്ഥാപിച്ചു. രഥത്തിൽ സിംഹാസനത്തിന്റെ പിന്നിലായി ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ്, സഖറിയാസ് മാർ അത്താനാസ്യോസ്, ഡോക്ടർ മാർ ജോർജ് ആലപ്പാട്ട്, ഡോക്ടർ ഡെരേരാ എന്നീ തിരുമേനിമാർ ഉപവിഷ്ടരായി. മൃതദേഹത്തിനു അംഗരക്ഷകന്മാരായി വികാരി ജനറാൾ മോൺ.മാത്യു നെടുങ്ങാട്ടും, സുപ്പീരിയർ ജനറൽ വെരി റവ. ഫാദർ പീറ്റർ ഒ.ഐ.സി. യും തിരുമേനിയുടെ ഉറ്റ ബന്ധുവായ ചിറ്റക്കാട്ടച്ചനും നിലകൊണ്ടു. സ്ഥലത്തെ പ്രമുഖരായ പല അകത്തോലിക്ക വ്യക്തികൾ ഉൾപ്പെടെ നൂറിൽ പരം സന്നദ്ധ ഭടന്മാർ പ്രദക്ഷിണം ക്രമപ്പെടുത്താൻ ബദ്ധശ്രദ്ധരായിരുന്നു. ജനങ്ങളെ നന്നാലു പേർ വീതം അണിഅണിയായി നിർത്തി ഏറ്റവും മുൻപിൽ ബാന്റുകാർ, അതിന്റെ പിന്നിൽ ബാലികാബാലന്മാർ, സ്ത്രീപുരുഷന്മാർ, കന്യാസ്ത്രീകൾ, വൈദികർ, തിരുമേനിയുടെ ശരീരം വഹിച്ചിരുന്ന രഥം, ഏറ്റവും പിന്നിൽ കബറടക്കത്തിൽ സംബന്ധിക്കുന്നതിനു ആഗതരായ അഭിവന്ദ്യ തിരുമേനിമാരുടെ കാറുകൾ എന്നീ ക്രമത്തിലായിരുന്നു വിലാപ യാത്ര മുന്നോട്ടു നീങ്ങിയത്. അമ്പതോളം പൊൻവെള്ളിക്കുരിശുകളും അഞ്ഞൂറിൽപരം മുത്തുകുടകളും വിലാപയാത്രയെ അകമ്പടി സേവിച്ചിരുന്നു. ഉദ്ദേശം മുപ്പതിനായിരം ജനങ്ങൾ അതിൽ പങ്കുകൊണ്ടു. പ്രാർത്ഥനകൾ ചൊല്ലിക്കൊടുക്കുന്നതിനും സന്നദ്ധഭടന്മാർക്ക് ആവശ്യാനുസരണം



നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുമായി ഉച്ചഭാഷിണി ഘടിപ്പിച്ച കാറും ഉണ്ടായിരുന്നു. വിലാപ യാത്ര തിരുവല്ലാ ചന്തഭാഗത്തേക്കു നീങ്ങി; എം.ജി.എം. ഹൈസ്കൂളിന്റെ മുമ്പിൽ രഥം നിർത്തി. ആ സ്കൂളിലെ ഹെഡ്മാസ്റ്റർ കോറെപ്പിസ്ക്കോപ്പാ ഏബ്രഹാം തെങ്ങുംതോട്ടത്തിൽ മൃതശരീരത്തിൽ പുഷ്പമാല്യം ചാർത്തി. പല സ്ഥലങ്ങളിൽ വെച്ചു തിരുമേനിയുടെ സുഹൃത്തുക്കൾ പുഷ്പമാല്യങ്ങൾ അർപ്പിച്ചു. വിലാപയാത്ര എസ്സ്.സി. സിമ്മനാരിയുടെ ഗയിറ്റുവരെ ചെന്നിട്ട്, ഭദ്രാസന ദേവാലയത്തിൽ തിരിച്ചെത്തി. കബറടക്ക ശുശ്രൂഷയുടെ അവസാനഭാഗം പിന്നീടു നടന്നു. തത്സമയം അവിടെ നിന്നുയർന്ന വിലാപസ്വരങ്ങൾക്കും അടർന്നു വീണ കണ്ണുനീർ തുള്ളികൾക്കും കണക്കും കയ്യുമില്ല. പിന്നീട് അഭിവന്ദ്യ തിരുമേനിമാർ മൃതശരീരത്തോടടുത്തുവന്നു അന്ത്യോപചാരങ്ങൾ നടത്തി. അവസാനമായി മദ്ബഹായിക്കകത്തു ബലിപീഠത്തിനു തൊട്ടു വടക്കുവശത്തായി തയ്യാറാക്കപ്പെട്ടിരുന്ന കബറിൽ പൂജ്യശരീരം നിക്ഷേപിച്ചു....”

അതിനു ശേഷം രണ്ടു തവണ കത്തീഡ്രൽ പുതുക്കിപ്പണിതു. അപ്പോഴെല്ലാം ഈ പുണ്യതാതന്റെ തിരുശേഷിപ്പുകളും ഏറ്റവും പൂജ്യമായവിധത്തിൽ പുനർസംസ്കരിച്ചുപോന്നു. 2004 സെപ്റ്റംബർ 20,21 തീയതികളിൽ കൂദാശ ചെയ്യപ്പെട്ട തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിന്റെ മദ്ബഹായുടെ പുറകിൽ പ്രത്യേകം സജ്ജീകരിക്കപ്പെട്ട കബറിൽ ഭാഗ്യസ്മരണാർഹനായ മാർ സേവേറിയോസ് തിരുമേനിയുടെ പൂജ്യാവശിഷ്ടം തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്താ 2004 മെയ് 19 ന് പ്രതിഷ്ഠിച്ചു. രൂപതാഭരണത്തിൽ നിന്ന് വിരമിച്ച അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും സഹകാർമ്മികരായിരുന്നു.

പുണ്യചരിതനായ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി (1894 - 1994) തിരുവല്ലാ രൂപതയിൽ ആഘോഷിക്കുകയുണ്ടായി. 1994 ഏപ്രിൽ 4,5,6 തീയതികളിൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വിവിധ പരിപാടികളോടെ നടന്ന ജന്മശതാബ്ദി ആഘോഷങ്ങൾ അർത്ഥവത്തായ അനുസ്മരണമായിരുന്നു. പദയാത്ര, സിമ്പോസിയം, വി. സമൂഹബലി, പൊതുസമ്മേളനം തുടങ്ങിയ പരിപാടികളിൽ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, CBCI പ്രസിഡന്റ് മോസ്റ്റ് റവ. മാർ ജോസഫ് പൗവ്വത്തിൽ, ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി.പി. തങ്കച്ചൻ, മലങ്കര കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ, ബഹു. വൈദികർ, സമർപ്പിതർ, വിശ്വാസികൾ തുടങ്ങിയവർ സംബന്ധിച്ചു. ബഹു.

www.malankaralibrary.com



ചെറിയാൻ താഴമൺ അച്ചൻ എഡിറ്ററായി ഒരു ചരിത്ര സ്മരണികയും തദവസരത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഭാഗ്യസ്മരണാർഹനായ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മപ്പെരുന്നാൾ 2005 ജനുവരി 19,20 തീയതികളിൽ തിരുവല്ലാ രൂപതയുടെ ആഭിമുഖ്യത്തിൽ തിരുമേനിയുടെ മാതൃ ഇടവകയായ ആനിക്കാട് ബേത്‌ലഹേം മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ പ്രത്യേക ശ്രദ്ധയിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. തിരുമേനിയുടെ ഇടവകപള്ളിയുടെ പുനഃരുദ്ധാരണം, കൂദാശ, അനുസ്മരണ സമ്മേളനം ഇവ ആഘോഷമായി നടത്തപ്പെട്ടു. മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും കേരള കത്തോലിക്കാ മെത്രാൻ സമിതി *(K.C.B.C)* യുടെ ചെയർമാനുമായ നി. വ. ദി. മ. ശ്രീ. സിറിൽ മാർ ബസേലിയോസ് മെത്രപ്പോലീത്താ, മലങ്കര കത്തോലിക്കാ സഭയിലെ രൂപതാദ്ധ്യക്ഷന്മാർ, ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി, സംസ്ഥാന റവന്യൂ വകുപ്പു മന്ത്രി ബഹു. ശ്രീ. കെ. എം. മാണി, ജനപ്രതിനിധികൾ, ബഹു. വൈദികർ, സന്ന്യസ്തർ, സഭാമക്കൾ തുടങ്ങിയവർ സംബന്ധിച്ചു. സ്നേഹനിധിയായ മാർ സേവേറിയോസ് തിരുമേനിയുടെ ശ്രേഷ്ട സന്ദേശവും സാക്ഷ്യവും ഒന്നുകൂടെ അനുസ്മരിക്കുന്നതിനുള്ള അവസരമായിരുന്നു ഈ ആഘോഷ പരിപാടികൾ. യേശുനാഥൻ സ്ഥാപിച്ച ശ്ലൈഹികവും വിശുദ്ധവും സാർവ്വത്രികവുമായ ഏക സഭയെ കണ്ടെത്തി അതിന്റെ വളർച്ചയ്ക്കുവേണ്ടി പ്രാണൻ ഹോമിച്ച ത്യാഗമൂർത്തികളായ പുനരൈക്യ പിതാമഹന്മാരോടു കൂടെ സ്വർഗ്ഗത്തിലിരുന്ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തീകരണാർത്ഥം മാർ സേവേറിയോസ് പിതാവ് എക്കാലവും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.